# ഫെമനിസം; ഇസ്ലാം ഒരു പാശ്ചാത്യന്‍ വിശകലനം

[Malayalam]

## റുഖിയ ഹില്‍ അബ്ദുല്‍ സലാം

### വിവ: ആരിഫ് സെയ്ന്‍

**DA'WA BOOKS**

**Salafi Cultural Complex, Vyttila, Cochin-19**

Malayalam | Study | Feminism; Islam Oru Paschathyan Visakalanam

ഫെമനിസം; ഇസ്ലാം ഒരു പാശ്ചാത്യന്‍ വിശകലനം
Author: Rukiya Hil Abdul Salam
Translation: Aarif Sain
First Edition: December 2006
Price: Rs. 30.00

Publishers | Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19 | Kerala | India
Email: dawabooks@nicheoftruth.org
Cover: Primrose, Type Setting: Creative Media
Printing: Screen Offset, Kochi-18

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

# التحرير المثالى للمرأة
# مقارنة بين المفهوم الإسلامي والمفهوم الغربي


رقية حل عبد السلام


ترجمة بلغة مليالم


ناشر: مكتب الدعوة

جمعية مشكاة الحق، كوجن ، كيرلا، الهند

**Web Edition prepared by:**

islamhouse.com

**1431 – 2010**

## പ്രസാധകർക്ക് പറയാനുള്ളത്.........

മലയാളത്തിൽ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്നാണ് വനിതാ വിമോചനം. സ്തീവാദികളും ലൈംഗിക തൊഴിലാളികളുമെല്ലാം പ്രധാനമായും പറയുന്നത് സ്ത്രീശാക്തീകരണത്തെയും വിമോചനത്തെയും കുറിച്ചു തന്നെയാണ്. വിമോചനം കൊണ്ട് അതു ചർച്ചചെയ്യുന്ന പലരും അർത്ഥമാക്കുന്നതെന്താണെന്ന് അവർക്ക് തന്നെ അറിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നതെന്ന് ഈ ചർച്ചകൾ ശ്രദ്ധിക്കുന്ന ആർക്കും ബോധ്യമാകും. പെണ്ണിനെ ആണാക്കിതീർക്കുന്നതാണ് വിമോചനമെന്ന് ചിലർ കരുതുന്നു. മറ്റു ചിലരാകട്ടെ സകലവിധ വിധിവിലക്കുകൾ പെട്ടിച്ചെറിഞ്ഞ് 'സുഖിക്കു'ന്നതിന്റെ പേരാണത്. സ്ത്രീയുടെ യഥാർത്ഥ ശക്തിയെന്താണെന്ന് അവളുടെ അബലതകളും പ്രശ്നങ്ങളുമെന്താണെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ മാനവികമായ പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ഈ ചർച്ചകൾക്കൊന്നും കഴിയുന്നില്ലെന്നതാണ് വാസ്തവം.

വനിതാ വിമോചനത്തെകുറിച്ച് സംസാരിക്കുന്നവർ പ്രധാനമായും പ്രതികൂട്ടിൽ നിർത്തുന്നത് ഇസ്ലാമിനെയാണ്. അതു സ്വാഭാവികവുമാണ്. അവർ വിമോചനമായി കരുതുന്ന കാര്യങ്ങളിൽ

മിക്കതും ഇസ്ലാമിന്റെ ദൃഷ്ടിയിൽ അധാർമികവും മാനവിക വിരുദ്ധവുമാണല്ലൊ. ഇസ്ലാം സംസാരിക്കുന്നത് സ്ത്രീവിമോചനത്തെയോ പുരുഷവിമോചനത്തെയോ കുറിച്ച് അല്ല. പ്രത്യുത മാനവികതയെയും മനുഷ്യരുടെ മൊത്തത്തിലുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരത്തെയും കുറിച്ചാണ്. കുടുംബം സുദൃഢമായി നിലനിൽക്കേണ്ടത് പുരുഷന്റെയും സ്ത്രീയുടെയും കുട്ടികളുടെയും മാതാപിതാക്കളുടെയുമെല്ലാം ശാരീരികവും മാനസികവും ആത്മീയവുമായ സ്വാസ്ഥ്യത്തിനും ശാന്തിക്കും അനിവാര്യമാണെന്നും സമാധാനദായകമായ കുടുംബാന്തരീക്ഷമാണ് നല്ല സമൂഹത്തിന്റെ സൃഷ്ടിക്ക് പറ്റിയവരെ വളർത്തുന്നതെന്നുമുള്ള വസ്തുതകളുടെ വെളിച്ചത്തിൽ നിരീക്ഷിക്കുന്നവർക്കൊന്നും ഇസ്ലാമിക നിയമങ്ങളുടെ മാനവികതയെ അംഗീകരിക്കാതിരിക്കാനാകില്ല. എന്നാൽ 'ആണത്വ'മാണ് യഥാർത്ഥത്തിലുള്ള മനുഷ്യത്വമെന്ന് യഥാർഥ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ മാത്രം കാര്യങ്ങൾ കാണുകയും പെണ്ണിനോട് ആണാകുവാൻ ഉപദേശിക്കുകയും ചെയ്യുന്നവർക്കും സകലവിധ നിയമങ്ങളിൽ നിന്നും മോചിതരായി സ്വതന്ത്രരായി 'സുഖി'ക്കുവാൻ ആഹ്വാനം ചെയ്യുന്നവർക്കും ഇസ്ലാമിക നിയമങ്ങൾ അരോചകമായി തോന്നുക സ്വാഭാവികവുമാണ്. സ്ത്രീ വിമോചനത്തെക്കുറിച്ച് സംസ

രിക്കുന്ന മലയാളത്തിലെ മിക്ക നാവുകളും ഈ രണ്ടാം പക്ഷത്താണെന്നതാണ് വാസ്തവം.

സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് സംസാരിക്കുന്നവർക്ക് പ്രധാനമായും ചൂണ്ടികാട്ടുവാനുള്ളത് പാശ്ചാത്യൻ സ്ത്രീ നോടിയെടുത്ത സ്ഥാനവും പദവിയും അംഗീകാരവുമാണ്. അഭ്രപാളികളിലും മാഗസിൻ കവറുകളിലും ഫാഷൻ പരേഡുകളിലും പ്രത്യക്ഷപ്പെടുന്ന, പാശ്ചാത്യന്റെയും പൗരസ്ത്യന്റെയും മനസ്സുകളിൽ പിരിമുറുക്കം സൃഷ്ടിക്കുന്നവളാണ് ഇവരുടെ വീക്ഷണത്തിലെ വിമോചിതയായ സ്ത്രീ. അവളെ മാതൃകയാക്കുവാനാണ് ഇവർക്ക് ലോക സ്ത്രീത്വത്തോട് മൊത്തത്തിൽ ഉപദേശിക്കുവാനുള്ളത്. മാധ്യമങ്ങൾ വരച്ചു കാണിക്കുന്നതിനപ്പുറത്ത്, പാശ്ചത്യൻ വനിത നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച പഠനങ്ങളെ, വ്സതുതാ വിവരണങ്ങളെ ഒന്നും തന്നെ മലയാളി വായനക്കാരുടെ കൈകളിലെത്തുന്നില്ല. ഈയൊരു വിടവിലേക്കാണ് റുഖിയ ഹിൽ അബ്ദുൽ സലാമിന്റെ സ്ത്രീ വിമോചനത്തെകുറച്ച പഠനങ്ങളുടെ ഭാഷാന്തരം മലയാളി വായനക്കാർക്കായി ദഅ്‌വ ബുക്സ് സമർപ്പിക്കുന്നത്. സ്ത്രീ വിമോചനത്തിന്റെ മറവിൽ പാശ്ചാത്യ നാടുകളിൽ നടക്കുന്ന പീഢനങ്ങളെകുറിച്ച അനുഭവചിത്രം നൽകുന്നതോടൊപ്പം ഈ രംഗത്തെ ഇസ്ലാമിന്റെ മാനവികമായ കാഴ്ചപ്പാടുകളെ അവതരി

പ്പിക്കുകയും ചെയ്യുന്നതാണ് ഈ കൃതി. പാശ്ചാത്യൻ മാതൃകയിലുള്ള വിമോചനത്തിനുവേണ്ടി മലയാളി മങ്കമാരെ സജ്ജമാക്കുവാൻ ശ്രമിക്കുന്ന വർക്കുള്ള താക്കീതുകൂടി ഉൾക്കൊള്ളുന്നതാണ് തികച്ചും വ്യതിരിക്തവും അനുഭവങ്ങളുടെ വെളിച്ച ത്തിൽ എഴുതപ്പെട്ടതുമായ ഈ പുസ്തകമെന്ന് ഇതു വായിക്കുന്നവർക്കെല്ലാം ബോധ്യപെടുമെന്ന കാര്യത്തിൽ സംശയമില്ല.

റുഖിയ ഹിൽ അബ്ദുൽ സലാമിന്റെ കൃതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് ആരിഫ് സെയ്നാണ്. രണ്ടു പേരോടും ദഅ്വാ ബുക്സിനും മലയാളി വായനക്കാർക്കുമുള്ള കൃതജ്ഞത രേഖ പ്പെടുത്തുവാനും അവർക്കായി പ്രാർത്ഥിക്കുവാനും ഈ അവസരം ഉപയോഗപ്പെടുത്തട്ടെ. നാഥാ.... നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനാമയി സ്വീ കരിക്കുകയും ഞങ്ങളെയെല്ലാം സ്വർഗത്തിൽ ഒരിമി ച്ചുകൂട്ടുകയുംചെയ്യേണമേ. (ആമീൻ)

മാനേജർ, ദഅ്വാ ബുക്സ്

# താളുകളിൽ


- മ
  നുഷ്യനിർമിത വ്യവസ്ഥ ഒരു നാടകം 07
- ത
  കരുന്ന കുടുംബ സംവിധാനം 22
- സ
  ്ത്രീത്വം അടിച്ചമർത്തപ്പെടുന്നു 36
- ൈ
  പൺതൊഴിൽ ശക്തിയും ദൗർബല്യവും 47
- വ
  ീടിന് പുറത്തേക്ക് 57
- സ
  ്ത്രീശക്തി അവഗണിക്കപ്പെടുന്നു 70
- മീ
  ഡിയ ശക്തിയും ദൗബല്യവും 83
- പ
  ടിഞ്ഞാറൻ മനസ്സിലെ ഇസ്ലാം 93

# മനുഷ്യനിർമിത വ്യവസ്ഥ

# ഒരു നാടകം

ജീവിതം ഒരു നാടകവേദിയാണെന്ന് പറയപ്പെടാറുണ്ട്. അങ്ങനെയാണെങ്കിൽ ജീവിത നാടകത്തിലെ താരങ്ങൾ സ്ത്രീകളായിരിക്കും. വിമോചിതം, വിമോചനം എന്നീ പദങ്ങൾക്ക് അവയുടെ അർത്ഥം പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. സ്വേഛാധിപത്യത്തിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നും അതല്ലെങ്കിൽ മനുഷ്യനിർമിത വ്യവസ്ഥകളിൽ നിന്നുമുള്ള ഒരാളുടെ വിമോചനം എന്ന് വിശദീകരിക്കുന്നതിന് പകരം അവയുടെ അർത്ഥം എല്ലാത്തരം വിധിവിലക്കുകളിൽ നിന്നുമുള്ള മോചനം എന്നായി പരിവർത്തിപ്പിക്കപ്പെട്ടിരിക്കുന്നു. അഥവാ ഒരാൾക്ക് കരുതിയത് പോലെ ജീവിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട് എന്നർത്ഥം. വളരെ പ്രാധാന്യമർഹിക്കുന്ന ഈ വാക്കുകളുടെ യഥാർത്ഥ അർത്ഥവുമായി ബന്ധപ്പെട്ട വട്ടംചുറ്റൽ വീണ്ടും വീണ്ടും ഉയർന്ന് വരുന്നത് സ്ത്രീകളുടെ ഭാഗത്തുനിന്നാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട് ധാരാളം ഉയർന്ന് കേൾക്കുന്ന ശബ്ദങ്ങളാണിവ എന്നതുതന്നെയാണിതിന് കാരണം.

ഈ ചിന്താകുഴപ്പങ്ങൾ സമ്മാനിച്ച ഏറ്റവും വലിയ ഫലം, പാശ്ചാത്യ വനിതക്ക് അവൾ അകപ്പെട്ടിരിക്കുന്ന കെണിയും തന്റെ സമൂഹത്തിൽ നിന്ന് നിരന്തരം നേരിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങളും കാണാൻ സാധിക്കുനനില്ല എന്നതാണ്. മറ്റു പലപദങ്ങളും തെറ്റായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുണ്ട്. അർത്ഥം മാറ്റിമറിക്കാനായി പല പദങ്ങളും സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റപ്പെടാറുമുണ്ട്. അടിച്ചമർത്തൽ, മനുഷ്യാവകാശങ്ങൾ തുടങ്ങിയവ ഈ ഗണത്തിലുൾപ്പെടുന്നു. ഉദാരവൽകരണത്തിന് വിധേയമായ ആധുനിക സമൂഹത്തിനനുസൃതമായി പുനർനിർവ്വഹിക്കപ്പെട്ടിരിക്കുന്നു ഈ പദങ്ങൾ എന്ന് സ്ഥാനത്തും അസ്ഥാനത്തുമുള്ള അവയുടെ പ്രയോഗങ്ങളിൽ നിന്ന് സ്പഷ്ടമാണ്.

അടിച്ചമർത്തൽ (oppression) എന്ന പദം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്. That which oppresses  burdens, a feeling of being heavily weighed down, either mentally or physically; depression, weariness. *(American Heritage Dictionary of the English Language P. 922)* (അടിച്ചമർത്തുന്നതും ഞെരുക്കമുണ്ടാക്കുന്നതുമായവ, മാനസികമായോ ശാരീരികമായോ ഭാരിച്ചതാകുന്നു എന്ന തോന്നൽ, പീഡ

നം, ക്ഷീണം) to opress എന്നാൽ, to subjugate or persecute by unjust or tyrannical use of force or authority. (Ibid: P. 922) (അനീതിയും സ്വേഛാദിപത്യമാർഗ ങ്ങളുമുപയോഗിച്ച് കീഴടക്കുക, പീഢിപ്പിക്കുക). എന്നാൽ ഇന്ന് മിക്കപൊശ്ചാത്യരും ഈ പദമുപ യോഗിക്കുന്നത് തങ്ങളുടെ വൈയക്തിക സ്വാത ന്ത്ര്യത്തിൻമേലുള്ള വിലക്കുകളെ കുറിക്കാനാണ്. പലപ്പോഴും ആ വിലക്കുകൾ അവരെ സംരക്ഷി ക്കുന്നുണ്ടെന്നത് വേറെ കാര്യം. അവരെ സംബ ന്ധിച്ചടത്തോളം പീഡനത്തിനും അടിച്ചമർത്തലി നും വിധേയരാകുന്നവരുടെ പ്രതീകം ശരീരം മുഴുവൻ വസ്ത്രം കൊണ്ട് മറക്കുന്ന മുസ്ലിം സ്ത്രീയാണ്. എന്നാൽ മുസ്ലിം സ്ത്രീ ഇങ്ങനെ വസ്ത്രം ധരിക്കുന്നത് അവളുടെ സ്രഷ്ടാവ് അങ്ങനെ ചെയ്യാൻ നിർദേശിച്ചത് കൊണ്ടാണ് എന്നതാണ് ഒന്നാമത്തെ വസ്തുത. രണ്ടാമതായി ദൈവീക നിയമങ്ങൾപാലിക്കുമ്പോൾ അത് ഈ ജീവിതത്തിലും വരാനിരിക്കുന്ന ജീവിതത്തിലും സുരക്ഷ പ്രാദാനം ചെയ്യുന്നു. ശരീരം കൃത്യമാ യി മറച്ചതുകൊണ്ട് ഒരു ഇര എന്ന നിലയിലല്ല മറിച്ച് ആദരവോടും മഹത്വത്തോടെയുമാണ് ഒരു മുസ്ലിം സ്ത്രീ പരിഗണിക്കപ്പെടുന്നത്. മുസ്ലിം വനിത പാശ്ചാത്യ വനിതയെ നോക്കിക്കാണുന്നത് വ്യസനത്തോടും തികഞ്ഞ സഹതാപത്തോടെയു

മാണ്. ബാണം പോലെ ഓരോ വർഷവും കുതിച്ചുയരുന്ന ബലാൽസംഗക്കണക്കുകൾ ലൈംഗീക പീഢന കേസുകൾ കൂടെ കൂടെ തടിച്ച്കൊഴുക്കുന്ന നഗ്നചിത്ര വ്യവസായം, എയ്ഡ്സ്... അപ്പോൾ പീഢനങ്ങൾ അനുഭവിക്കുന്നത് മുസ്ലിം സ്ത്രീയല്ല പടിഞ്ഞാറൻ സ്ത്രീയാണ്.

കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ച് കിട്ടുകയാണെങ്കിൽ തങ്ങൾ സന്തുഷ്ടരാകും പക്ഷേ , തുടർന്ന് വരുന്നവർക്ക് സമൂഹത്തോടോ അതിലെ വ്യക്തികളോടോ യാതൊരു തരത്തിലുള്ള വൈയക്തിക ഉത്തരവാദിത്തങ്ങളുമുണ്ടായിരിക്കുകയില്ലെന്ന് വിശ്വസിക്കാൻ മാത്രം ജനങ്ങൾ വളർന്ന്കഴിഞ്ഞിരിക്കുന്നു. ഇത് നാടകത്തിന്റെ തുടക്കം മാത്രമാണ്. തിരശ്ശീല ഉയരുന്നതേയുള്ളൂ.

## സത്രീയുടെ സമത്വനിഷേധം ചരിത്രത്തിലൂടെ

ഇസ്ലാം ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് സ്ത്രീക്ക് പുരുഷനുസമാനമായ പദവി നൽകിയിട്ടുണ്ട്. എന്നാൽ, ലോകത്തിന്റെ വിവിധ സാംസ്കാരിക കേന്ദ്രങ്ങളിൽ ചരിത്രത്തിലുടനീളം ചൂടേറിയ ചർച്ചക്ക് വിഷയമായിരുന്നു സ്ത്രീ സമത്വം. ചരിത്രപരമായി, സ്ത്രീ ദുരുപയോഗം ചെയ്യപ്പെടുകയും അപ മര്യാദയോടുകൂടിയുള്ള പെരുമാറ്റത്തിന് വിധേയമാവുകയും

തീർച്ചയായും തെറ്റായി പ്രധിനിധീകരിക്കപ്പെടുക യും ചെയ്തിട്ടുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ അനുയായികളുള്ള മതങ്ങൾ പോലും സ്ത്രീയെ അപമാനിക്കുകയും അവളോട് ഹീനമായി പെരു മാറുകയും അവൾക്ക് മനുഷ്യാവകാശങ്ങൾ തടഞ്ഞുവെക്കുകയും അവരുടെ വ്യക്തിത്വം നി ഷേധിക്കുകയും ചെയ്തിട്ടുണ്ട്. പുരുഷനുമായി അവളുടെ ബന്ധം നിർവ്വചിക്കപ്പെട്ടിരുന്നില്ല. ഡോ: ജമാൽ ബദവിയുടെ സ്ത്രീയുടെ പദവി ഇസ്ലാമിൽ (The Status of Woman in Islam) എന്ന പ്രബന്ധം സ്ത്രീയെ പുരുഷന് കീഴ്പെടുത്തുന്ന നിയമസംഹിതകളോട് വിരൽ ചൂണ്ടുന്നുണ്ട്.

ഇന്ത്യയിൽ സ്ത്രീകളുടെ അടിമത്വം, പ്രഥമവും പ്രധാനവുമായ നിയമവും ലക്ഷ്യവുമാ യിരുന്നു. ഒരു തരത്തിലുള്ള സാമ്പത്തിക സ്വാതന്ത്ര്യവും അവർക്കനുവദിക്കപ്പെട്ടിരുന്നില്ല. അത് കുടുംബത്തിലെ പുരുഷന് മാത്രം സംവ രണം ചെയ്യപ്പെട്ടിരുന്നു. ഹിന്ദു വേദപ്രകാരം സ്ത്രീയുടെ ജീവിതം ശുഭപ്രതീക്ഷക്ക് വകനൽ കുന്നതോ ഭാവി വാഗ്ദാനം ചെയ്യുന്നതോ അല്ല. ഒരു സ്ത്രീ അവൾ ഒരു നല്ല സ്ത്രീയോ ഭാര്യ യോ ആയി പരിഗണിക്കപ്പെടണമെങ്കിൽ അവ ളുടെ ജീവിതം പുരുഷബന്ധുക്കളുടെ വിശിഷ്യാ ഭർത്താവിന്റെ പൂർണ്ണ നിയന്ത്രണത്തിന് കീഴിൽ

കൊണ്ടുവരണം. അവളുടെ ശാരീകവും മാനസി കവുമായ പ്രാപ്തിയും ശക്തിയും ക്രമപ്പെടുത്തു ന്നത് ഭർത്താവായിരിക്കും. ഏതൻസിൽ സത്രീ പക്വതയെത്താത്ത ശിശുപ്രായയും ജീവിതത്തി ലുടനീളം ഒരു രക്ഷിതാവിനെ ആവശ്യമുള്ള ബാലികയുമായിരുന്നു. അവളുടെ രക്ഷിതാവ് വിവാഹത്തിന് മുമ്പ് അടുത്ത ബന്ധുക്കളായ പുരുഷൻമാരും വിവാഹത്തിന് ശേഷം ഭർത്താ വുമായിരുന്നു. വിവാഹബന്ധത്തിലേർപെടാൻ സ്ത്രീയുടെ സമ്മതം ആവശ്യമുണ്ടായിരുന്നില്ല. അവളുടെ ഭാവി വരനായി രക്ഷിതാക്കൾ ആരെ തെരഞ്ഞെടുത്താലും അതംഗീകരിക്കാവുന്ന വിധത്തിലായിരുന്നു പരമ്പരാഗതമായി അവൾ വളർത്തപ്പെട്ടത്. റോമിലും സ്ത്രീ പരിഗണിക്കപ്പെ ട്ടിരുന്നത്. പക്വതയെത്താത്തവളും സംരക്ഷിക്കേ ണ്ട ബാലികയുമായിട്ടായിരുന്നു. അഥവാ ഏതു വളവിലും തിരിവിലും സഹായമാവശ്യമായ ഒരു ശിശു. പുരുഷന്മാരുടെ അഭിപ്രായത്തിൽ ഒരു പ്രവൃത്തി ചെയ്യാൻ സ്വന്തം നിലക്ക് പ്രാപ്തിയി ല്ലാത്തവളാണ് സ്ത്രീ. വിവാഹിതയാകുമ്പോൾ അവളുടെ സ്വത്തു മുഴുവൻ ഭർത്താവിന്റെ കലർ പ്പില്ലാത്ത സമ്പാദ്യമായിമാറുന്നു. അടിമയുടേതിന് സമാനമായിരുന്നു അവളുടെ പദവി. പൊതു ജീവിതത്തിൽ ഏതെങ്കിലും രൂപത്തിലുള്ള പൗര സ്വാതന്ത്ര്യമോ അവകാശമോ അവൾക്കനുദിക്ക

പ്പെട്ടിരുന്നില്ല. വിവാഹകാര്യങ്ങൾ അവളുടെ നിയന്ത്രണത്തിന് പുറത്തായിരുന്നു. സ്കാൻഡിനേവിയയിൽ 17ാം നൂറ്റാണ്ടിന്റെ അവസാനത്തിലുണ്ടയിരുന്ന ക്രിസ്ത്യൻ നിയമങ്ങളിൽ, രക്ഷിതാവിന്റെ അനുമതിയില്ലാതെ ഒരു സ്ത്രീ വിവാഹിതയായാൽ അയാൾക്ക് അവളുടെ ജീവിതകാലം മുഴുവൻ അവളെ ഭരിക്കാൻ അവകാശമുണ്ടായിരുന്നു. ബ്രിട്ടീഷ് പൊതു നിയമപ്രകാരം, വിവാഹസമയത്ത് ഭാര്യയുടെ കൈവശമുള്ള സ്വത്തുക്കളെല്ലാം അവളുടെ ഭർത്താവിന്റേതായി മാറും. അവളുടെ വകയായ ഭൂമിയിൽ നിന്നുണ്ടാകുന്ന പാട്ടത്തിനും ദമ്പതികൾ എന്ന നിലയിലുള്ള കൂട്ടുജീവിതത്തിനിടയിൽ ഉണ്ടാകുന്ന മറ്റുവരുമാനങ്ങളും ഉപയോഗിക്കാനും കൈകാര്യം ചെയ്യുവാനും അയാൾക്ക് അർഹതയുണ്ടായിരിക്കും. ഭാര്യയുടെ സ്വകാര്യസ്വത്തിന്മേലുള്ള ഭർത്താവിന്റെ അധികാരം പൂർണ്ണമായിരുന്നു. തനിക്ക് ഉചിതമെന്ന് തോന്നുന്നവിധം അത് ചെലവാക്കാനുള്ള അവകാശവും അയാൾക്കുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്ത്രീകളുടെ പദവി ചെറിയ തോതിൽ ഉയരുകയുണ്ടായി. 1870 ൽ നിലവിൽ വന്നതും 1882 ൽ ഭേദഗതി വരുത്തിയതുമായ വിവാഹിതയായ സത്രീകളുടെ സ്വത്ത് നിയമ (Married Women’s Property Act) പ്രകാരം

അവൾക്ക് സ്വത്ത് കൈവശം വക്കാനുള്ള അനുമതി ലഭിച്ചു. ഇതേ കാലത്താണ് സർഹെൻറി മെയ്ൻ ഇങ്ങനെ ഏഴുതുന്നത്. ക്രിസ്ത്യൻ നിയമങ്ങളുടെ ദിവ്യ ഔഷ ധം കയ്യിൽസൂക്ഷിക്കുന്ന സമൂഹത്തിനും വിവാഹിതയായ സ്ത്രീക്ക് ആദ്യ കാല റോമൻ നിയമം കനിഞ്ഞരുളിയ അവകാശങ്ങൾ നിലനിർത്താനായിട്ടില്ല''. ജോൺ സ്റ്റുപേർട്ട് മിൽ എഴുതി നാഗരികതയും ക്രിസ്തുമതവും സ്ത്രീയുടെ അവകാശങ്ങൾ സംരക്ഷിച്ചുവെന്ന് നിരന്തരമായി നാം കേട്ടുകൊണ്ടിരുന്നു. അതേസമയം നമ്മുടെ സമൂഹത്തിലെ ഭാര്യ യഥാർത്ഥത്തിൽ ഭർത്താവിന്റെ പരിചാരകയായിരുന്നു. നിയമപരമായി ഒരടിമയിൽ കുറഞ്ഞ ഒന്നുമല്ലായിരുന്നു അവൾ".

മോശെയുടെ ന്യായപ്രമാണ പ്രകാരം ഈ ആശയം വ്യക്തമാക്കാനായി സ്ത്രീയുടെ 'വിവാഹ നിശ്ചയം'വരെ നടത്തപ്പെടുകയുണ്ടായി. ഇത് അർത്ഥമാക്കുന്നത്, അവൾ ഒരു കച്ചവടച്ചരക്കായിട്ടായിരുന്നു പരിഗണിക്കപ്പെട്ടിരുന്നത് എന്നാണ്. അവൾ തന്റെ ഭർത്താവിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിലുമായിരുന്നു. വിവാഹത്തിന് സമ്മതിക്കാനും വിവാഹമോചനത്തെക്കുറിച്ചാലോചിക്കുവാനും അവൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരുന്നില്ല. ഇതിനെല്ലാമുള്ള അവകാശം

അവളുടെ ഭർത്താവിൻെറതായിരുന്നു. അയാൾക്ക് ഇതിനെല്ലാമുള്ള എല്ലാവിധ നിയമാവകാശങ്ങളും അധികാരങ്ങളുമുണ്ടായിരുന്നു. (The Status of Women in Islam: P 6-9).

വിവാഹം കിഴക്കും പടിഞ്ഞാറും എന്ന ഗ്രന്ഥത്തിൽ ഡേവിടും വേറാ മെയ്സും കുറച്ചുകൂടി ഭംഗിയായിട്ടാണ് ഇക്കാര്യം സംക്ഷേപിച്ചിരിക്കുന്നത്. “നമ്മുടെ ക്രിസ്ത്യൻ പാരമ്പര്യം ഇത്തരം അവഹേളനാപരമായ വിധിപ്രസ്ഥാവങ്ങളിൽ നിന്ന് മുക്തമാണെന്ന് കരുതരുത്. ആദ്യകാല പാതിരിമാർ സ്ത്രീകളെക്കുറിച്ച് നടത്തിയ നിന്ദ്യമായ പരാമർശങ്ങൾ മറ്റെവിടെയെങ്കിലും കണ്ടെത്തുക പ്രയാസകരമായിരിക്കും. ഈ പാതിരിമാരുടെ എഴുത്തുകളിൽ ഒരു ഭാഗത്ത് സ്ത്രീവിശേഷിപ്പിക്കപ്പെടുന്നത് നരകത്തിന്റെ വാതിൽ, മനുഷ്യതിന്മകളുടെ മുഴുവൻ മാതാവ് എന്നൊക്കെയാണ്. ലോകത്തിനുമേൽ സ്ത്രീ വലിച്ചിട്ട ശാപത്തിന് അവൾ നിരന്തരം പ്രായശ്ചിത്തം ചെയ്തുകൊണ്ടിരിക്കണം, അവൾ തന്റെ വസ്ത്രത്തിന്റെ കാര്യത്തിൽ നാണിച്ച് തലതാഴ്ത്തണം കാരണം, അതവളുടെ പതനത്തിന്റെ സ്മാരകമാണ്. അവൾ തന്റെ സൗന്ദര്യത്തിന്റെ പേരിൽ വിശിഷ്യാ നാണിക്കണം. കാരണം അതാണ് പിശാചിന്റെ ഏറ്റവും ശക്തമായ ഉപകരണം. കൂടുതൽ അപകട

കരമായ പ്രസ്താവനകളിലൊന്നാണ് തെർത്തു ല്ല്യൻ (Tertullian) നടത്തിയത്, “നിങ്ങൾ ഓരോരു ത്തരും ഓരോ ഹവ്വമാരാണെന്ന് നിങ്ങൾക്കറി യാമോ? നിങ്ങളുടെ ലൈംഗീകതയെ കുറിച്ചുള്ള ദൈവത്തിന്റെ വിധി എക്കാലവും നിലനിൽക്കു ന്നു. നിങ്ങളുടെ പാപവും നിങ്ങളോടൊപ്പം ജീവി ക്കുന്നു. നിങ്ങൾ പിശാച് കടന്ന് വരാനുള്ള കവാടമാണ്. വിലക്കപ്പെട്ട മരത്തിന്റെ വിലക്ക് തകർത്തത് നിങ്ങളാണ്. ദൈവിക നിയമം ആദ്യം വലിച്ചെറിഞ്ഞത് നിങ്ങളാണ്. പിശാചിന് ആക്രമി ക്കാൻ ധൈര്യം ലഭിക്കാതിരുന്ന ഒരാളെ പ്രലോഭി പ്പിച്ചവരാണ് നിങ്ങൾ. നിങ്ങളാണ് വളരെ വേഗ ത്തിൽ ദൈവത്തിന്റെയും പുരുഷന്റെയും പ്രതി ഛായ തകർത്തവർ (The Status of Women in Islam: P. 10).

ആദ്യകാല ക്രിസ്ത്യൻ മത തത്വചിന്തയിൽ നിന്നാണ് പാശ്ചാത്യനാഗരികത ഉടലെടുക്കുന്നത്. ഈ നാഗരികതയുടെ തുടക്കം മുതൽക്കുള്ള ചരി ത്രവും പാരമ്പര്യവും സ്ത്രീക്ക് അവകാശം നൽ കുന്നതിൽ അമ്പേ പരാജയമായിരുന്നു. കാലഗതി യിൽ സ്ത്രീ കൂടുതൽ ബോധവതിയും വിജ്ഞ യുമായിത്തീർന്നു.

അവൾ തുല്ല്യതക്കും തുല്ല്യമായ അവസരത്തിനുമുള്ള പോരാട്ടം ആരംഭിച്ചു. ഒരു മതത്തിന്റെയും (ക്രിസ്തു മതത്തിന്റെ പ്രത്യേകിച്ചും) കൊടികൾക്കു കീഴിലായിരുന്നില്ല ഈ പേരാട്ടം. മറിച്ച് അവളുടെ മാനുഷികമായ അവബോധ (ഫിത്വ്റ)ത്തിന്റെ അടിസ്ഥാനത്തിൽ തങ്ങൾ പുരുഷന്മാരെപ്പോലെത്തന്നെ വിലയും നിലയുമുള്ളവരാണെന്നും തിന്മയുടെ പ്രതിരൂപങ്ങളല്ല എന്നും ആ അവബോധം അവരെ ഉണർത്തി. അവസാനം സ്ത്രീ നിലകണ്ടെത്തി, നിരന്തരമായ പോരാട്ടങ്ങൾക്കൊടുവിലാണെന്ന് മാത്രം. ഒന്നാമതായി തുല്ല്യനിലയിലുള്ള വിദ്യാഭ്യാസത്തിന് വേണ്ടി യുള്ള അവകാശമായിരുന്നു അവൾക്ക് നേടിയെടുക്കേണ്ടിയിരുന്നത്. തുടർന്ന് ഉന്നത വിദ്യഭ്യാസരംഗത്ത് നേടിയെടുത്ത വിജയത്തിലൂടെ അവൾക്ക് തങ്ങളുടെ ബുദ്ധിശക്തിതെളിയിക്കേണ്ടിയിരുന്നു.

**സ്പഷ്ടം ഇത് മനുഷ്യന്റെ രൂപകൽപന.**

തങ്ങളുടേത് സ്വാതന്ത്ര്യത്തിന്റെ സ്വന്തം നാടാണെന്നും അത് ജനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ച മണ്ണാണെന്നും പാശ്ചാത്യ സമൂഹങ്ങൾ വീമ്പിളക്കാറുണ്ട്. ആ സമൂഹങ്ങൾ തങ്ങളുടെ പൗരന്മാരുടെ പേരിൽ ഏതെങ്കിലും ത

രത്തിലുള്ള മത-ധാർമിക മൂല്യങ്ങൾ അടിച്ചേൽ പിക്കുന്നില്ല എന്നത് ശരിയാണ്. എന്നാൽ ഇത് ഒട്ടും അഭികാമ്യമായ പ്രവണതയുമല്ല. അമേരി ക്കൻ സമൂഹത്തെത്തന്നെ ഏടുത്തുനോക്കു, യഥാർത്ഥത്തിൽ അതിന് ഒരംഗികൃത മതമേയില്ല. അപ്പോൾ ഒരു ചോദ്യം ബാക്കി നിൽക്കുന്നു. പിന്നെ എവിടെനിന്നാണ് ആ സമൂഹം അഥവാ അതിലെ പൗരന്മാർ തങ്ങളുടെ ആശയങ്ങളും ധാർമിക മൂല്യങ്ങളും സ്വീകരിക്കുന്നത്? എങ്ങ നെയാണ് നാട്ടിലെ നിയമങ്ങൾ നിശ്ചയിക്കുന്ന തും നടപ്പിൽ വരുത്തുന്നതും? എല്ലാ ലോകമത ങ്ങളിൽ നിന്നുമായി ധാർമിക മൂല്യങ്ങൾ ചിക ഞ്ഞെടുക്കുകയായിരിക്കുമോ? അങ്ങനെയാണെ ങ്കിൽ പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമാവുകയല്ലേ ചെയ്യുക? കാരണം ഒരു മതം ധാർമികം എന്ന് വിളിക്കുന്ന ഒന്നിനെ മറ്റൊരുമതം അധാർമികം എന്ന് വിളിച്ചേക്കാം. ഇത്തരം ഒരു പരിതസ്ഥിതി യിൽ പാശ്ചാത്യ വ്യവസ്ത എങ്ങനെയാണ് ധാർ മികമായ മാർഗനിർദേശങ്ങൾ അവതരിപ്പിക്കുക?

പടിഞ്ഞാറിന് അതിന്റെ നിയമങ്ങളും ഏതെ ങ്കിലും ഒരു മതത്തിൽ നിന്ന് സ്വീകരിക്കാനാവുക യില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അതിനർ ത്ഥം തങ്ങളുടെ പൗരന്മാരുടെ മേൽ ഒരു മതം അ ടിച്ചേൽപിക്കുക എന്നതായിരിക്കും. ഇഷ്ടമുള്ള

ഏത് മതത്തിൽ വിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം തങ്ങളുടെ സമൂഹം അനുവദിച്ച അവകാശത്തിൻെറ നിഷേധവും പള്ളിയെ രാഷ്ട്രത്തിൽ നിന്ന് മാറ്റി നിർത്തുക എന്ന കൊട്ടിഘോഷിക്കപ്പെട്ട ആശയത്തിന്റെ നിരാസവുമായിരിക്കുമത്.

തങ്ങളുടെ രാഷ്ട്രം അഥവാ ഭരണ വ്യവസ്ഥ ക്രിസ്തുമത നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ വന്നതാണെന്ന് ചില അമേരിക്കൻ പൗരന്മാർ അവകാശപ്പെടാറുണ്ട്. വിഷയങ്ങൾ വേറെവേറെ എടുത്ത് പരിശോധിക്കുമ്പോൾ ഈ അവകാശവാദത്തിൻെറ വിശ്വാസ്യതയിൽ സംശയം തോന്നുക സ്വാഭാവികമാണ്.

ഒന്നാമതായി അമേരിക്ക അതിൻെറ പൗരന്മാർക്കുമേൽ കൊടുംപലിശ ചുമത്താറുണ്ട്. ബൈബിൾ നിയമപ്രകാരം അത് പാപമാണ്. രണ്ടാമതായി, വേശ്യാവൃത്തിയുടെ നിയമസാധുകരണം, ചൂതാട്ടം, മദ്യത്തിൻെറ വിൽപനയും വ്യാപകമായ ഉപയോഗവും, നഗ്നചിത്ര വ്യവസായം.. ഇതെല്ലാം ക്രിസ്തുമതമടക്കമുള്ള മിക്ക ലോക മതങ്ങളുടെയും നിയമങ്ങളുടെ ലംഘനമാണ്.

മതം അനുധാവനം ചെയ്യുന്നതിന് പകരം തോന്നിയതുപോലെ നീങ്ങുകയാണ് പാശ്ചാത്യ

നാഗരികത ചെയ്തത്. പരീക്ഷണങ്ങളിലൂടെയും വീഴ്ചകളിലൂടെയും മനുഷ്യനിർമ്മിതമായ ഒരു വ്യവസ്ഥ ഉണ്ടാക്കിയെടുത്തു.

പാശ്ചാത്യ ചിന്തയും അവിടെയുള്ള പ്രവണതകളും പ്രളയം പോലെ പെരുകിവരുന്ന കുറ്റകൃത്യങ്ങളുടെ നിരക്കുകളും അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാൽ അധാർമ്മികം എന്ന് വിശേഷിപ്പിക്കപ്പെടാൻ അവിടെ ഒന്നുമവശേഷിക്കുന്നില്ല.

പാശ്ചാത്യ നാടുകളിലെ മനുഷ്യനിർമിത വ്യവസ്ഥകൾ ജീവിതം കൂടുതൽ പ്രയാസമേറിയതും ദുസ്സഹമാക്കുകയുമാണുണ്ടായത്. കാരണം അവ ജീവിതത്തിൻെറ അനിവാര്യ ഘടകങ്ങളെ മാറ്റിമറിക്കുകയാണ് ചെയ്തത്. (സമ്പദ്വ്യവസ്ഥ, നീതിന്യായം, വിദ്യാഭ്യാസം, സാമൂഹ്യനിയന്ത്രണം, കുടുംബജീവിതം, തൊഴിൽ പരിതസ്ഥിതികൾ തുടങ്ങിയവ) ഓരോന്നിനും പുതിയ രൂപത്തിലുള്ള മൂല്യങ്ങൾ നിർമ്മിച്ചുകൊണ്ടായിരുന്നു ഈ മാറ്റിത്തിരുത്തൽ.

ജീവിതം ഒരു സാകല്യമായിക്കാണേണ്ടതിന് പകരം ഈ വ്യവസ്ഥ ജീവിതത്തെ കഷ്ണങ്ങളും ചെറുകളികകളുമായിട്ടാണ് പരിഗണിച്ചത്. യഥാർത്ഥത്തിൽ ജീവിതത്തെ കൊച്ചുകൊച്ചു ഭാഗങ്ങ

ളായി വിഭജിക്കാൻ സാധ്യമല്ല കാരണം ഒരോ ഭാഗത്തിനും മറ്റൊന്നിനും ശക്തമായ സ്വാധീന വും വ്യക്തമായ പ്രഭാവവുമുണ്ട്. ഉദാഹരണം നോക്കൂ, സ്കൂൾ സമ്പ്രദായം പരാജയപ്പെടുക യാണെങ്കിൽ കുട്ടികൾ വളരുക നിരക്ഷരരായിട്ടാ യിരിക്കും, കുട്ടികൾ നിരക്ഷരരായിവളരുകയാ ണെങ്കിൽ സമൂഹം ബൗദ്ധികമായി ദുർബ്ബല പ്പെടും. സമൂഹം ദുർബലമായാൽ കുടുംബ സംവിധാനം ഭീഷണി നേരിടും.

വൈവിധ്യമാർന്ന മൂല്ല്യങ്ങളും നിയമങ്ങളും ജീവതത്തിൻെറ ഏതെങ്കിലും ഘടകങ്ങളുടെ മേൽ അടിച്ചേൽപിക്കുകയാണെങ്കിൽ അത് ആശ യക്കുഴപ്പം സൃഷ്ടിക്കുകയും മനുഷ്യജീവിതത്തി ൻെറ സന്തുലിതാവസ്ഥക്ക് ആവശ്യമായ സഹക രണവും സഹവർത്തിത്വവും തകർന്നടിയുകയും ചെയ്യും.

# തകരുന്ന കുടുംബ സംവിധാനം

പാശ്ചാത്യലോകത്ത് ഇന്ന് കാണുന്ന കുഴപ്പങ്ങളുടെയും അവ്യവസ്ഥയുടെയും പ്രധാന ഇരകൾ സ്ത്രീകളും കുട്ടികളുമാണ്. മനുഷ്യനിർമ്മിത വ്യവസ്ഥ അവരുടെ ആവശ്യങ്ങളെയും അവകാശങ്ങളെയും നിരന്തരം അവഗണിക്കുകയായിരുന്നു. മതം ഒരു സമൂഹത്തിൻെറ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടില്ലെങ്കിൽ മുമ്പോട്ടുള്ള ഓരോ കാൽവെപ്പും ധാർമ്മികതയിൽനിന്നും കുടുംബ സംവിധാനത്തിൽ നിന്നുമുള്ള പടിപടിയായ അകന്നു പോക്കായിരിക്കും. (അലിജാ ഇസത്ത് ബഗോവിച്ച്, Islam Between East and West: P. 175). എന്നാൽ, ഇതിന് വിപരീതമായി മതം എന്നും എല്ലായ്പ്പോഴും കുടുംബം എന്ന സ്ഥാപനത്തിനും അതിലെ സ്ത്രീകൾക്കുള്ള വിശിഷ്യാ അമ്മമാർക്കുള്ള പ്രാധാന്യത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. (Ibid: P.179). പാശ്ചാത്യ ലോകത്ത് ജീവിതത്തിൻെറ ഏതാണ്ടെല്ലാ മേഖലകൾക്കും മുൻഗണന നൽകപ്പെടുന്നുണ്ട്. ഈ മുൻഗണനാ പട്ടികയുടെ ഏറ്റവും താഴെ സ്ഥാനം പിടിക്കുന്നതാകട്ടെ കുടുംബവും. അവിടു

ത്തെ മിക്ക രാഷ്ട്രീയ നയജ്ഞന്മാരും, കുടുംബം സമൂഹത്തിൻെറ അടിസ്ഥാന ശിലയല്ല എന്ന അഭിപ്രായക്കാരാണ്. സാധാരണക്കാരാകട്ടെ, തൊഴിലാണ് കുടുംബത്തേക്കാൾ പ്രധാനമെന്ന് കരുതുന്നു. ഇത് ഒരേസമയം, സ്ത്രീയെ അവളുടെ പ്രജനനത്തിനുള്ള അടിസ്ഥാനാവകാശത്തിൽനിന്ന് വെ ട്ടിമാറ്റുകയും മനുഷ്യജീവിതത്തിൻെറ പ്രധാനപാതി എന്ന നിലക്കുള്ള അവളുടെ അസ്തിത്വത്തെ തകിടം മറിക്കുകയും ചെയ്യുന്നു. അതോടൊപ്പം സുരക്ഷ, സ്നേഹം, യഥാർത്ഥ പരിചരണം എന്നിവ കണ്ടെത്താനാവാതെ നട്ടംതിരിയുന്ന ചുറ്റുപാടുകളിലേക്ക് അത് പുതുതലമുറയിലെ കുട്ടികളെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു.

ഭാവിതലമുറയെ ഗർഭം ധരിക്കാൻ സ്ത്രീ സന്നദ്ധയാകാത്തിടത്തോളം ഭൂമുഖത്തെ മനുഷ്യജീവിതം മുമ്പോട്ട് പോകുമോ? ചിലർ അത് സാധിക്കുമെന്ന് കരുതുന്നതുപോലെയുണ്ട്. തൊഴിലും ധനവും ഒരു കുടുംബത്തിലെ വ്യക്തികളേക്കാൾ പ്രാധാന്യം കൈവരിക്കുകയാണെങ്കിൽ പിന്നീടെങ്ങനെയാണ് ഒരു കുടുംബത്തിന് ശക്തമായി നിലനിൽക്കാനും ഉറച്ച കാൽവെപ്പുകളോടെ മുന്നേറാനുമാവുക? അസ്ഥിരവും ശിഥിലവുമായ ചുറ്റുപാടിൽ കുട്ടികൾ വളരുകയും

വൈകാരിക സുരക്ഷ കൈവരിക്കുകയും ആത്മ വിശ്വാസമുള്ള ഒരു വ്യക്തിയാവുകയും ചെയ്യു ന്നതെങ്ങനെയാണ്?

പാശ്ചാത്യ നാടുകളിലെ സ്ത്രീ, വിവാഹ നിയമങ്ങളിലും ആചാരങ്ങളിലും പീഡിതയാണ്. ജോലിസ്ഥലങ്ങളിൽ അവൾ കുറഞ്ഞ വേതനം കൊണ്ട് തൃപ്തിപ്പെടേണ്ടിവരുന്നു. ഈ രണ്ട് പരി തസ്ഥിതികളിലും ഇരകൾ സ്ത്രീകളാണ്.

കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൻെറ ഉപജ്ഞാ താക്കളിലൊരാളും ജർമ്മൻ-ജൂത വംശജനുമായ ഫ്രെഡ്രിക് ഏംഗൽസ്, കുടുംബമെന്ന ഏകകത്തി ൻെറ തകർച്ചക്ക് തുറന്ന പിന്തുണ നൽകുന്നുണ്ട്. അദ്ദേഹം പറഞ്ഞു.

‘‘സ്ത്രീ വിമോചനത്തിനുള്ള ഒന്നാമത്തെ നിബന്ധന അവളെ പൊതുപ്രവർത്തനങ്ങളിലേ ക്ക് കൊണ്ടുവരിക എന്നതാണ്. സാമൂഹ്യ, സാമ്പ ത്തിക ഘടകമെന്ന നിലക്കുള്ള ഒറ്റപ്പെട്ട കുടുംബ ത്തെ ഇല്ലാതാക്കുക എന്നാണിതിന്നർത്ഥം... കുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും പൊതുകാര്യമായിരിക്കും; സമൂഹം എല്ലാ കുട്ടി കളെയും ഒരുപോലെ സംരക്ഷിക്കുന്നു - അവർ നിയമാനുസൃതം പിറന്നവരായാലും അല്ലെങ്കിലും (Islam Between East and West: P.176).

മാർക്സും ഇതിൽനിന്നും വ്യത്യസ്തമായ ഒരഭിപ്രായമല്ല പ്രകടിപ്പിക്കുന്നത്. അദ്ദേഹം പറഞ്ഞു. ‘‘കുടുംബത്തിൻെറ നിരോധനം അഥവാ തകർച്ച എന്നത് മനുഷ്യൻെറ സാമൂഹികരണമാണ് (Islam Between East and West: P.176). (ഫ്രഞ്ച് നോവൽകാരിയും ലോകത്തെമ്പാടുമുള്ള സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെ വക്താവും അവയുടെ വേദഗ്രന്ഥമായി കണക്കാക്കപ്പെടുന്ന ‘ദ സെക്കൻെറ് സെക്സി’ൻെറ കർത്താവുമായ സിമോൻ ദ് ബുവ്വ ഇക്കാര്യം കൂടുതൽ തെളിമയോടെ പറഞ്ഞു. ‘കുടുംബമെന്ന മിഥ്യ, മാതൃപ്രേരണയെന്ന മിഥ്യ–ഇവ നശിപ്പിക്കാത്ത കാലത്തോളം സ്ത്രീ അടിമയായി തുടരും– വിവ).

അങ്ങനെ അമ്മയുടെ സ്ഥാനം, ഡേ കെയർ എന്ന ശിശുകേന്ദ്രങ്ങൾ കരസ്ഥമാക്കുന്നു. മാതാപിതാക്കളുടെ സ്ഥാനം വിദ്യാഭ്യാസവും ഏറ്റെടുക്കുന്നു. കുടുംബത്തിനുള്ളത് സമൂഹത്തിൻേറത് മൊത്തമായി മാറുന്നു. ഈ സാമൂഹീകരണം (Socialisation) വേരുപിടിക്കണമെങ്കിൽ, കുടുംബത്തിന്റെയും മാതൃത്വത്തിൻെറയും അതിൻെറ സഹജവാസനകളുടെയും വേരുകൾ അറുത്തുമാറ്റുകയും മനുഷ്യമനസ്സിൽനിന്ന് – വിശിഷ്യാ സ്ത്രീ മനസ്സിൽനിന്ന് അത് തുടച്ചുനീക്കുകയും വേണം.

ദശകങ്ങൾക്ക് മുമ്പുതന്നെ പാശ്ചാത്യ ലോകത്ത് ഈ പ്രക്രിയക്ക് തുടക്കം കുറിക്കപ്പെട്ടി രുന്നു. ഇന്നത് പൂർണ്ണതയോടടുക്കുകയാണ്. ആർക്കെങ്കിലും ഇക്കാര്യത്തിൽ സംശയം തോന്നുന്നുവെങ്കിൽ അവരോടായി ഒരു ചോദ്യം ചോദിക്കുകയാണ്, പിന്നെ എന്തിനാണ് ഇത്രയധി കം സമൂഹ്യ സേവന സംഘങ്ങൾ അമേരിക്കൻ വൻകരയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്?

പെൻസിൽവേനിയയിലുള്ള ചെറിയ ഒരുൾ നാടൻ പട്ടണത്തിലെ ടെലഫോൺ ഡയറക്റ്ററി ഒന്ന് പരിശോധിച്ച് നോക്കൂ. വെറും രണ്ട് പേജു കൾ കഴിയുമ്പോഴേക്കും മദ്യാസക്തിയിൽനിന്ന് മുക്തിനേടാനുള്ള ചികിത്സാ പദ്ധതികളുടെയും ശിശു സംരക്ഷണ കേന്ദ്രങ്ങളുടെയും ലഹരി മുക്തി വാഗ്ദാനം ചെയ്യുന്ന ക്ലിനിക്കുകളുടെയും ഗാർഹിക കലഹങ്ങൾക്കും ബലാൽസംഗത്തിനു മെതിരിലുള്ള സംരംഭങ്ങളുടെയും ഗർഭം അല സാതിരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽ കുന്ന കേന്ദ്രങ്ങളുടെയും പൗരസ്വാതന്ത്ര്യസംര ക്ഷണ സംഘങ്ങളുടെയും ഒരു നീണ്ട പട്ടിക നിങ്ങൾ കണ്ടിരിക്കും.

ഇതെല്ലാം നിരീക്ഷിച്ചതിനുശേഷം ഒരാളുടെ മനസ്സിൽ ഇങ്ങനെ ഒരു ചോദ്യം ഉയർന്നുവരിക

യില്ലേ, ജനജീവിതത്തിനെന്ത് സംഭവിച്ചു? കുടും ബ സംവിധാനത്തിനെന്തുപറ്റി? സ്ത്രീയും പുരു ഷനും തമ്മിലുള്ള പ്രാധാന്യമേറിയ ബന്ധങ്ങൾ ക്കെന്തുപറ്റി?

ഈ സ്വാഭാവിക ചോദ്യങ്ങളുടെ ഉത്തര ങ്ങൾ തേടുന്ന സാമാന്യയുക്തി നമ്മെ കൊണ്ടെ ത്തിക്കുക പാശ്ചാത്യ ലോകത്ത് കുടുംബത്തി ൻെറയും മാതൃത്വത്തിൻെറയും പ്രസക്തി അട്ടിമ റിക്ക് വിധേയമായിരിക്കുന്നു എന്ന നിഗമനത്തി ലേക്കായിരിക്കും.

നിരുപദ്രവിയാണെന്ന് തോന്നുന്ന മട്ടിൽ ബുദ്ധിപൂർവ്വകമായി സ്ത്രീ മനസ്സുകളെയും ലക്ഷ്യംവെച്ചുകൊണ്ട് ഉണ്ടാക്കിയെടുത്ത അതീവ സൂക്ഷ്മമായ മാർഗ്ഗങ്ങളിലൂടെയാണ് കുടുംബ ത്തിൻെറ ഈ തകർച്ച സാധ്യമാക്കിയത്. ഭാര്യയും അമ്മയുമായിരിക്കുക എന്നാൽ അടിച്ച മർത്തപെടുക, അതിരുകൾക്കകത്ത് ഒതുക്കിനിർ ത്തപ്പെടുക എന്നൊക്കെയാണർത്ഥമെന്നും കുട്ടി കൾക്ക് മാതാവിൻെറ ശ്രദ്ധയില്ലാതെതന്നെ സ്വയം വളരാൻ സാധിക്കുമെന്നും മാധ്യമങ്ങൾ അവരോട് പറഞ്ഞു. കുട്ടികളെ നഴ്സറികളിലേ ക്ക് അയക്കുന്നതിൽ ഒരു പന്തികേടുമില്ലെന്നും കുട്ടികളോടൊപ്പം വീട്ടിൽ ചെലവഴിക്കുന്നത് സമ

യവും അദ്ധ്വാനവും നഷ്ടപ്പെടുത്തുമെന്നും തുടർന്ന് ഇതേ മാധ്യമങ്ങൾ അവരെ ധരിപ്പിച്ചു.

നാഗരികത എങ്ങനെ അമ്മയെ തരംതാഴ്ത്തി എന്നതിനുള്ള സാക്ഷ്യങ്ങൾ ചുറ്റുംനിന്ന് കണ്ടെടുക്കാൻ ഒരു പ്രയാസവുമില്ല. വിവാഹങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു. അതേസമയം വിവാഹമോചനങ്ങളുടെ ഗ്രാഫ് കുത്തനെ മേൽപ്പോട്ടാണ്. കുടുംബത്തിലെ കുട്ടികളുടെ എണ്ണം വളരെ കുറവ്. എന്നാൽ അവിഹിതബന്ധങ്ങളിലൂടെയുള്ള ജന്മങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. കൂടുതൽ കൂടുതൽ സ്ത്രീകൾ ജോലിക്ക് പോകുന്നു. മാതാപിതാക്കളിൽ ആരെങ്കിലുമൊരാൾ മാത്രമുള്ള കുടുംബങ്ങളുടെ എണ്ണം കൂടിക്കൂടിവരുന്നു. 1975ലെ കണക്കനുസരിച്ച് ലോകത്തിലൊട്ടാകെ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിലിന് പോകുന്നത് സോവിയറ്റ് യൂണിയനിലാണ്. നൂറ് സ്ത്രീകളിൽ എൺപത്തി രണ്ടുപേരും അവിടെ ജോലിയിൽ ചേർന്നു. ഇക്കാലത്ത് സോവിയറ്റ് യൂണിയനിലും അമേരിക്കയിലും ഒരേ തോതിലാണ് അവിഹിത ജന്മങ്ങളുണ്ടായത് (Islam Between East and West: P.177-178).

മനുഷ്യൻെറ നിലനിൽപ്പിനുള്ള പ്രധാന ഘടകം എന്ന നിലയിലാണ് മതം എന്നും കുടുംബത്തെ കണ്ടിട്ടുള്ളത്. ഒരാൾ, സംതൃപ്തിയും

സഹചരത്വവും ചങ്ങാത്തവും കണ്ടെത്തുന്നതവിടെയാണ്. സ്വന്തം മക്കളിലൂടെ പുതിയ തലമുറകൾ ജന്മമെടുക്കുന്നതിനുള്ള മസൃണമായ മുകുളങ്ങൾ കണ്ടെത്തുന്നതും അവിടെയാണ്. പുതുജന്മങ്ങളുടെ പൂക്കൾ വിരിയുന്നതിൻെറ സൗന്ദര്യം കൺമുമ്പിൽ തെളിയുന്നതും അവിടെയാണ്.

ഇസ്‌ലാമിൻെറ കാഴ്ചപ്പാടിൽ മാതാവെന്ന നിലയിൽ സമൂഹങ്ങളുടെ ശിൽപ്പിയാണ് സ്ത്രീ. എന്നാൽ, ഇന്ന് ലോകത്തിൻെറ മിക്ക ഭാഗത്തും മാതാവിൻെറ സ്ഥാനം പൊതുവിദ്യാഭ്യാസ സമ്പ്രദായവും അനുബന്ധ സ്ഥാപനങ്ങളും ശിശുസംരക്ഷണ കേന്ദ്രങ്ങളും കയ്യടക്കിവെച്ചിരിക്കുകയാണ്. കുടുംബാംഗങ്ങളല്ലാത്തവരാണ് കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്നത്.

പാശ്ചാത്യ സമൂഹത്തിൽ ധാർമ്മികത എന്നോ അന്യം നിന്നുപോയിട്ടുണ്ട്. ജനങ്ങൾ മൂല്യങ്ങളായി കണക്കാക്കുകയും പിന്തുടരുകയും ചെയ്യുന്നവയാകട്ടെ ഒരുകൂട്ടം സമ്മിശ്ര സന്ദേശങ്ങളും വൈരുദ്ധ്യങ്ങളുമാണ്. ഉദാഹരണമായി, നഗ്നചിത്ര വ്യവസായം ഒരു വലിയ സാമ്രാജ്യം തന്നെയായ പാശ്ചാത്യ നാടുകളിൽ ഈ വ്യവസായത്തെ തെറ്റായോ ചൂഷണോപാധി

യായോ കണക്കാക്കുന്നില്ല. പ്രായ പൂർത്തിയായ വരുടെ സമ്മതപ്രകാരമാണെന്നതാണ് ഇതിന്റെ ന്യായം. ആശങ്കാജനകമായ വസ്തുത വേശ്യാ വൃത്തിക്ക് ആ സമൂഹം നൽകുന്ന നിയമസാധു തയും അംഗീകാരവുമാണ്. ഏതായാലും ഇപ്പോൾ അമേരിക്കയിൽ ഒരു സംസ്ഥാനത്ത് മാത്രമെ ഇത് നിയമവിധേയമായിട്ടുള്ളൂ. ബാക്കി സംസ്ഥാനങ്ങളിലെ നിയന്ത്രണങ്ങൾക്കുള്ള വിശ ദീകരണമെന്താണ്? ധാർമ്മികതയുടെ പേരിലാ ണെങ്കിൽ എല്ലായിടത്തും ആ നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടതല്ലേ? ഇതുപോലെതന്നെയാണ് പട്ടാളത്തിൽ ചേരാനുദ്ദേശിക്കുന്ന സ്വവർഗ്ഗരതി ക്കാരുടെ കാര്യവും. അവരോടും ഒന്നും പറയേ ണ്ടതില്ല എന്ന നിലപാടാണിക്കാര്യത്തിൽ അധി കൃതരെടുത്തിരിക്കുന്നത്. അവരത് സ്വകാര്യമായി സൂക്ഷിക്കുന്നിടത്തോളം കുഴപ്പമില്ല എന്നാണ് നയം. രണ്ട് പ്രായപൂർത്തിയായവർക്കിടയിൽ ഉണ്ടാകുന്ന മനസ്സമ്മതവും യോജിപ്പുമാണ് ധാർ മ്മികതയുടെ നിദാനമെങ്കിൽ പിന്നെ വേശ്യാവൃ ത്തിക്കും വിവാഹിതരായവരുടെ ചില പ്രത്യേക തരം ലൈംഗിക വേഴ്ചകൾക്കും നിയന്ത്രണമേർ പ്പെടുത്തിയത് എങ്ങനെയാണ് വിശദീകരിക്കുക. രണ്ട് പ്രായപൂർത്തിയായവർക്കിടയിലെ പൂർണ്ണ സമ്മതത്തോടെയല്ലേ ഇവ നടക്കുന്നത്?

ഇതിനെക്കാളെല്ലാം അത്ഭുതം സ്ത്രീകളുടെ സൗന്ദര്യമത്സരത്തിനുനേരെ വനിതാ വിമോചകരും മറ്റും സ്വീകരിക്കുന്ന നിലപാടാണ്. അത് നിരോധിക്കണമെന്നുവരെ ഇവർ ഒറ്റക്കായും കൂട്ടായും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. സൗന്ദര്യ മത്സരത്തിന് എഴുപത്തി അഞ്ചുവർഷത്തെ പഴക്കമുണ്ട്. (അമേരിക്കയിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചതും എഴുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പാണ്). സുന്ദരിയായിരിക്കുക എന്ന മൂല്യത്തെയാണ് സൗന്ദര്യമത്സരങ്ങൾ ഉയർത്തിക്കാട്ടുന്നത്. കുളിവസ്ത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മത്സരാർത്ഥികൾ അവരുടെ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത് (ഒരു മത്സരത്തിൽ പങ്കെടുക്കണമെങ്കിൽ ചുരുങ്ങിയത് സുന്ദരിയെങ്കിലുമായിരിക്കണം) വിരൂപയായ ഒരു 'സൗന്ദര്യറാണി'യെപ്പറ്റി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ?

സമൂഹത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഇതുതന്നെയല്ലേ നടക്കുന്നത്? ആർക്കും അതിനെക്കുറിച്ച് ഒരു വേവലാതിയുമില്ലാത്തതെന്തേ? ഒരു ബികിനി ഒഴിച്ച് മറ്റൊന്നും ധരിക്കാതെ കുളിക്കടവിലെത്തുന്ന സ്ത്രീകളെക്കുറിച്ചെന്ത് പറയാനുണ്ട്? മാറുമറക്കാതെ പ്രവേശിക്കേണ്ട ബാറുകളെക്കുറിച്ചും നഗ്ന നൃത്തങ്ങളരങ്ങേറുന്ന ക്ലബ്ബുക

ളെക്കുറിച്ചുമെന്തേ ഈ മൗനം? മോഡലിങ് വ്യവസായത്തിലെ പ്രധാന കണ്ണിയായ സുന്ദരികളെപ്പറ്റി എന്ത് പറയാനുണ്ട്? തങ്ങളുടെ 'കാണാൻ തരക്കേടില്ലായ്മയുടെ' പേരിൽ മാത്രമല്ലേ അവരുടെ മൂല്യം കണക്കാക്കപ്പെടുന്നത്? സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നതിൻെറ പേരിലുള്ള നിലവിളി ആത്മാർത്ഥതയുള്ളതാണെങ്കിൽ സംസ്ക്കാരത്തിൻെറ എല്ലാ വശങ്ങളും സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കണം.

ഒരുകാലത്ത് അമ്മമാർ അവരുടെ കുട്ടികളെ തങ്ങളുടെ മതമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വളർത്തിക്കൊണ്ടിരുന്ന ഒരു സമൂഹത്തിൽ ഇന്ന് സർക്കാർ നിയന്ത്രണത്തിലുള്ള ഡേ കെയറുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് കുട്ടികളെ ദത്തെടുത്ത് നല്ല പൗരന്മാരാക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്നത്. അപമാനവീകരണത്തിലേക്കും ആത്മീയമായ അപചയ്യുതിയിലേക്കുമുള്ള മനുഷ്യൻെറ മുതലക്കൂപ്പ് എന്നതിൽ കുറഞ്ഞ ഒരു വിശേഷണവും ഇതിന് നൽകാനാവില്ല. റഷ്യ ഇതിന് നല്ല ഉദാഹരണങ്ങൾ നൽകാൻ പര്യാപ്തമാണ്. ഒരു റഷ്യക്കാരൻ ജനിക്കുന്ന നിമിഷത്തിൽ തന്നെ ആശുപത്രിയിലെ മെറ്റേണിറ്റി വാർഡിൽനിന്ന് നേരെ ബോഡിങ് സ്കൂളുകൾ പോലെ കൂടുതൽ സുസ്ഥാപിത സൗകര്യ

ങ്ങളുള്ള സ്ഥാപനങ്ങളിലേക്ക് മാറ്റുന്നു – ഒരു മേച്ചിൽപുറത്തുനിന്ന് മറ്റൊന്നിലേക്ക് ആട്ടിത്തെളിക്കപ്പെടുന്ന കന്നുകാലികളെപോലെ. അവൻ കടന്നുപോകുന്നത്, അപമാനവീകരണത്തിൻെറ അഥവാ മനുഷ്യത്വം തല്ലിക്കൊഴിക്കുന്നതിൻെറ വ്യവസ്ഥാപിതമായ പ്രക്രിയകളിലൂടെയാണ്. (Islam between East and West: P.179). മുൻ സോവിയറ്റ് യൂണിയൻകാർക്ക് ജീവിതം ഒരിക്കലും ഗാർഹിക സൗകര്യമോ സുഖമോ കുടുംബബന്ധങ്ങ ളോ അമ്മയുടെ പരിലാളനയോ നൽകിയിട്ടില്ല.

പാശ്ചാത്യ നാഗരികത തങ്ങളെ കൈപിടിച്ചാനയിച്ച വഴിയിലൂടെ സഞ്ചരിച്ച വനിതക്ക് വമ്പൻ നഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. വിശിഷ്യാ സുന്ദരിയായ സ്ത്രീക്ക്. കാരണം അവൾ ഒരിക്കലും മനുഷ്യ ജീവിയായി പരിഗണിക്കപ്പെട്ടിട്ടില്ല. മറിച്ച് കണ്ട് രസിക്കാനുള്ള ഒരു കളിപ്പാട്ടമായിരുന്നു. ഒരു കാമ്യവസ്തു എന്ന നിലയിലാണ് പുരുഷൻ സ്ത്രീയുടെ മൂല്യം കണക്കാക്കുന്നത്. സുന്ദരിയായ നടി, മോഡൽ, കോളേജ് കാമ്പസുകളിൽ സൗഹൃദവേഴ്ചക്കിരയാകുന്ന പെൺകുട്ടി ഇവരൊന്നും വികാരങ്ങളുള്ള മനുഷ്യജീവിയായിട്ടല്ല പരിഗണിക്കപ്പെടുന്നത്. മറിച്ച് ഇവരെല്ലാം നൈമിഷികാഹ്ലാദത്തിനും ദൃശ്യ സംതൃപ്തിക്കു

മുള്ള ഒരു ഉപാധി മാത്രമാണ്. സ്ത്രീ, വിജയകര മായി അവളുടെ മനുഷ്യത്വം മാറ്റിവെക്കുകയാ ണെങ്കിൽ അവളുടെ ആത്മാഭിമാനവും വ്യക്തി ത്വവും ഊരിയെറിയുകയാണെങ്കിൽ അവൾ കൂടുതൽ ദുരുപയോഗം ചെയ്യപ്പെടുകയും അപ മാനിതയാവുകയുമായിരിക്കും ഫലം. അവളുടെ ഒതുക്കവും ധാർമ്മികബോധവും മങ്ങുന്തോറും ബലാൽസംഗത്തിൻെറയും ലൈംഗിക പീഡന ത്തിൻെറയും ഇരകളാകാൻ കൂടുതൽ കൂടുതൽ സാധ്യതയുള്ളവളായി മാറുന്നു.

സ്ത്രീയെ കളിവസ്തുവാക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളിലധികവും സ്ത്രീ എഴുന്നേറ്റുപോ രാൻ സന്നദ്ധയാവുകയും വിളക്കുകൾ അണ ഞ്ഞുപോവുകയുമാണെങ്കിൽ പ്രവർത്തനം നില ച്ചുപോകുമെന്നത് പ്രസ്താവ്യമാണ്. സൗന്ദര്യ മത്സരങ്ങൾ, മോഡലിംഗ് ഏജൻസികൾ, സ്ത്രീ യുടെ നഗ്നചിത്രങ്ങളെടുത്ത് കച്ചവടം നട ത്തുന്ന സ്ഥാപനങ്ങൾ, വേശ്യാലയങ്ങൾ ഇവയി ലെല്ലാംതന്നെ സ്ത്രീ പൂർണ മനസ്സോടെ പങ്ക് ചേ രുന്നു. ദുഷിച്ചുനാറിയ സംസ്ക്കാരം അവരിൽ ചെലുത്തിയ സ്വാധീനമാണ് ഇതിന് കാരണം. ലിപ്സ്റ്റിക് മുതൽ ബാറ്ററി വരെയുള്ള വസ്തു ക്കളുടെ പരസ്യങ്ങൾക്കായി മാഗസിനുകൾക്കും പരസ്യബോർഡുകൾക്കും വേണ്ടി അർധവസ്ത്ര

യായി പോസുചെയ്യുന്ന സ്ത്രീകളുടെ എണ്ണം കൂടിവരികയാണ്. അത്തരം ചിത്രങ്ങളുടെ പെരുകുന്ന പ്രളയം സൂചിപ്പിക്കുന്നതതാണ്. അതേസമയം സ്ത്രീകൾക്കിടയിലെ ആത്മഹത്യ, വിഷാദരോഗം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇവയെല്ലാം ലോകത്തെമ്പാടും വർദ്ധിച്ചുവരികയാണ്. ‘‘സ്വാതന്ത്ര്യം’’ ഉണ്ടാക്കിവിടുന്ന വിപത്തുകൾ എന്തൊക്കെയാണന്ന്? നമുക്ക് പരി ശോധിക്കാം.

# സ്ത്രീത്വം അടിച്ചമർത്തപ്പെടുന്നു

നിഷേധിക്കാനാവാത്ത ചില യാഥാർത്ഥ്യങ്ങളെ നമ്മൾ അഭിമുഖീകരിക്കേണ്ടതുണ്ട്. സമ്മിശ്രമായ ഹൃദയവികാരങ്ങൾ ആധുനിക വനിതയെ കുഴക്കുകയാണ്. താഴേക്കിടയിലുള്ള തൊഴിലാളി മുതൽ ഉന്നത ഉദ്യോഗങ്ങളിലിരിക്കുന്നവർവരെ വിവിധ ശ്രേണികളിലെ സ്ത്രീകളെ നിരാശയും ഇഛാഭംഗവും ഗ്രസിച്ചിരിക്കുകയാണ്. പാശ്ചാത്യ വനിതയുടെ ഒരു നല്ല മാതൃക നമുക്കിങ്ങനെ വരച്ചിടാം. ശാസ്ത്രവിഷയത്തിൽ ഡോക്ടറേറ്റ് ഡിഗ്രിയുണ്ടവൾക്ക്, അമേരിക്കൻ ഐക്യനാടുകളിലെ അതിപ്രശസ്തമായ ഒരു സർവ്വകലാശാലയിലാണവൾ ജോലി ചെയ്യുന്നത്. വിവാഹിതയാണ്. കുട്ടികളുമുണ്ട്. എന്നാൽ അവൾ സംതൃപ്തയല്ല. അവൾ വിവേചനം നേരിടുന്നു. ഭേദഭാവങ്ങൾക്കും വിവിധതരം ശല്യം ചെയ്യലിനും വിധേയയാകുന്നു. സ്ത്രീയാണ് എന്നതിൻെറ പേരിൽ മാത്രമാണിതൊക്കെ. ജോലിസ്ഥലത്തെ, തൻെറ പുരുഷനായ സമശീർഷൻ (Counterpart) ചെയ്യുന്നതുപോലെ അവളും കഠിനാധ്വാനം ചെയ്യുന്നുവെങ്കിലും അവൾക്ക് അയാളുടേതിന് തുല്യമായ

മാന്യതയും ആദരവും ലഭിക്കുന്നില്ല. സ്വന്തം കുട്ടികൾക്ക് അവളെ നഷ്ടപ്പെടുന്നു. കാരണം തൻെറ സമയത്തിൽ അധികവും അവൾ ചെലവ ഴിക്കുന്നത് ജോലിസ്ഥലത്താണ്. അവൾക്കും ഭർത്താവിനും അവരവരുടെ തൊഴിൽപരമായ ഉത്തരവാദിത്തങ്ങൾ ചെയ്തുതീർക്കേണ്ടതുണ്ട്. അങ്ങനെ അവർ തമ്മിലുള്ള ബന്ധം എന്ന ഒന്ന് നിലനിൽക്കുന്നേ ഇല്ല എന്ന നില വന്നു ചേരു ന്നു. അവൾ ഏകാകിയും ആവശ്യത്തിലധികം ജോലി ചെയ്യാൻ വിധിക്കപ്പെട്ടവളുമാണ്. അവ സാനം അവൾ തന്നോടുതന്നെ ചോദിക്കുന്നു. എൻെറ വിദ്യാഭ്യാസം എനിക്കെന്ത് നൽകി? ഒരി ക്കലും തനിക്ക് ഭീഷണിയാകില്ല എന്ന് കരുതുന്ന വളരെകുറച്ച് പോരോടേ അവൾ തൻെറ മനോഗ തി വെളിപ്പെടുത്തുകയുള്ളൂ. വളരെ വേഗം അവ ളുടെ കണ്ണുകൾ കരകവിയുന്നു. ഒരിക്കൽ ഒരു പൊട്ടിത്തെറിയുണ്ടാകുമെന്ന മട്ടിൽ ഉള്ളിൽ പത യുന്ന അമർഷം ഒതുക്കിവെക്കുന്നു.

അവൾ തൻെറ ജോലിസ്ഥലത്ത് കഠിനാധ്വാ നം ചെയ്തു. അക്കാരണത്താൽതന്നെ ഗർഭം അ ലസുകയും ചെയ്തു. ആരുണ്ട് ശ്രദ്ധിക്കാൻ? അവൾ പരിതപിക്കുന്നു. ജീവക്ഷമമായ ഭ്രൂണം കാണുന്നില്ലല്ലോ എന്ന് തണുപ്പൻ മട്ടിൽ പറഞ്ഞ് ഡോക്ടർ പോലും മുറി വിട്ടു പോകുന്നു. എല്ലാ

വർക്കും നിങ്ങളെ ഉടൻ തൊഴിലിൽ തിരിച്ചെത്തിയതായി കാണണം. ആർക്കും മറ്റുള്ളവരെ ശ്രദ്ധിക്കാൻ സമയമില്ല.

ഭൂരിപക്ഷം പേരും കുഴമറിച്ചിലുകളുടെ മഹാസമുദ്രത്തിലേക്ക് വലിച്ചിഴക്കപ്പെട്ടതുപോലുണ്ട്. ചുറ്റുപാടുനിന്നും തിരമാലകൾ അവരുടെ നേരെ ചീറിയടുക്കുകയും ചെയ്യുന്നു. പക്ഷെ, സ്ത്രീകളാണ് നീട്ടിപ്പിടിച്ച സഹായ ഹസ്തങ്ങൾക്കുവേണ്ടി അവസാനിക്കാത്ത കാത്തിരിപ്പ് തുടർന്നുകൊണ്ടിരിക്കുന്നത്. ചുറ്റുപാടുനിന്നും തന്നെ തകർക്കാൻ ഒരുങ്ങിനിൽക്കുന്ന തണുത്തതും പരുത്തതുമായ യാഥാർത്ഥ്യങ്ങൾക്കിടയിൽ ആശയറ്റ്, പ്രതീക്ഷ നശിച്ച് തന്നെ വലിച്ച് താഴെയിടുന്ന ശക്തികളോടെതിരിടാനാവാതെ അവൾ ദുർബ്ബലയായി തളർന്ന് പോകുന്നു. എന്നാൽ അവൾ ദുർബലയോ അശക്തയോ അല്ല. ആകെക്കൂടി അവൾക്കുവേണ്ടത് മാർഗദർശനം നൽകുക മാത്രമാണ്.

ഈയടുത്ത കാലത്തായി പാശ്ചാത്യലോകത്ത് സ്ത്രീകൾക്കുവേണ്ടി വാദിക്കുന്നവരുടെയും ഫെമിനിസ്റ്റുകളുടെയും പ്രവർത്തനങ്ങളിൽ ഒരുത്തേജനം ഉണ്ടായിട്ടുണ്ടെന്ന കാര്യം നിഷേധിക്കാനാവില്ല. Backlash -The Undeclared War Against

American Women, Female Sexual Slavery, The New Victorians-A Young Womans Challenge to the Old Feminist Order തുടങ്ങിയ ഗ്രന്ഥങ്ങൾ അവർ രചിച്ചിട്ടുമുണ്ട്. ഇവയിൽ ചിലത് അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ സ്ത്രീ പഠനത്തിനുവേണ്ടിയുള്ള ടെക്സ്റ്റ് പുസ്തകങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടവയുമാണ്. ഇന്ന് എങ്ങനെയാണ് പാശ്ചാത്യ വനിത ശാരീരികവും ലൈംഗികവും വൈകാരികവുമായി പീഢിപ്പിക്കപ്പെടുന്നതെന്ന് തുറന്നുകാണിച്ചുകൊണ്ട് നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പാശ്ചാത്യ നാടുകളിലെ സ്ത്രീ, താൽക്കാലിക ശമനത്തിന് പകരം ശാശ്വതമായ ഒരു പരിഹാരം തേടി നിരാശരാകുന്നതെങ്ങനെയെന്ന് ഈ കൃതികൾ കൃത്യമായി വരച്ചുകാട്ടുന്നു.

മനുഷ്യനിർമ്മിത വ്യവസ്ത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പുതിയതൊന്നുമല്ലെങ്കിലും പാശ്ചാത്യലോകത്ത് സ്ത്രീയുടെ വില തുലോം ഇടിഞ്ഞുപോയിട്ടുണ്ട് എന്നത് സുതരാം വ്യക്തമാണ്. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ വിലമതിക്കാനാവാത്തവയാണ്. കാരണം, അവർ ഉൾക്കൊള്ളുന്ന സന്ദേശങ്ങൾ ചില സ്ത്രീകളിലെങ്കിലും എന്താണിവിടെ നടക്കുന്നത് എന്നതിനെക്കുറിച്ച് ഒരുതരം ബോധം ജനി

പ്പിക്കാൻ സഹായകമായിട്ടുണ്ട്. അപമാനത്തിന്റെ നീണ്ട വർഷങ്ങൾ മിക്ക പാശ്ചാത്യ സ്ത്രീകളിലും ഒരുതരം മരവിപ്പുണ്ടാക്കിയിരിക്കുകയാണ്. വയസ്സായ സ്ത്രീകൾ ഇത് നിഷേധിക്കാനിടയുണ്ട്. കാരണം വികാരങ്ങളില്ലാത്ത ജീവിതവുമായി ഒത്തുപോകാൻ അവർ ശീലിച്ചുകഴിഞ്ഞിട്ടുണ്ട്.

ഏതായിരുന്നാലും, ബോധവതികളായ ചില സ്ത്രീകൾ, തങ്ങളുടെ വർഗത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ കൂടുതൽ തൽപരരായി രംഗത്ത് വന്നിട്ടുണ്ട്. കാര്യങ്ങളുടെ കിടപ്പിനെക്കുറിച്ച് വേണ്ടത്ര വിവരവും അടിച്ചമർത്തലിന്റെ യഥാർത്ഥ അവസ്ഥ കാണാനുള്ള ശക്തിയുമെല്ലാമുണ്ടെങ്കിലും സ്ത്രീകൾക്കുവേണ്ടി വാദിക്കുന്ന മിക്ക വനിതകൾക്കും പ്രശ്നത്തിന്റെ കാതലായ വശം പിടികിട്ടിയിട്ടില്ല. തങ്ങളുടെ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾക്കായി ധാർമ്മികമായ ഒരു പരിഹാരവും അവർക്ക് നിർദേശിക്കാനില്ല. അവരിൽനിന്ന് അങ്ങനെ പ്രതീക്ഷിക്കാവതുമല്ല. അവസാനം, അവരും ധാർമ്മികമായ ഒരു പിന്തുണയുമില്ലാത്ത മനുഷ്യനിർമ്മിത വ്യവസ്ഥയുടെ ഒരു ഭാഗമാണല്ലോ.

സ്ത്രീ വിമോചനത്തിൻെറ വക്താക്കൾ ഒരിക്കലും ധാർമ്മികതയെക്കുറിച്ചോ, മതാദ്ധ്യാപനങ്ങളെക്കുറിച്ചോ പറയാറില്ല. അവർ വാദിക്കുന്നതും നിലകൊള്ളുന്നതും എന്തിനുവേണ്ടിയാണെങ്കിലും അവയുടെ ഫലം, പുരുഷനെതിരെ അപ്രഖ്യാപിതമായ യുദ്ധം നയിക്കുകയായിരുന്നു. പുരുഷനെപ്പോലെ അഭിനയിച്ച് വ്യവസ്ഥിതിയെ തിരുത്തുക എന്നതിൻെറ ഭാഗമായി നടക്കുന്ന നാടകങ്ങൾ. പുരുഷന് തുല്യരാകാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന പല സ്ത്രീകളും തങ്ങൾ സ്വവർഗ്ഗപ്രേമികളെന്ന് മുദ്രകുത്തപ്പെടുന്നത് ഭയന്ന് സ്വയം ഫെമിനിസ്റ്റുകൾ എന്ന് വിശേഷിപ്പിക്കാറില്ല. എന്നാൽ അവരുടെ ചെയ്തികളിലും വാക്കുകളിലും ഫെമിനിസ്റ്റ് മാനസിക സ്ഥിതി മുഴച്ചുനിൽക്കുകയും ചെയ്യുന്നു. ഇത് നാടകത്തിൻെറ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ഒരു ഭാഗത്ത് ലോകത്തെ ഏറ്റവും സ്വതന്ത്രരായ സ്ത്രീകൾ തങ്ങളാണെന്ന് ഉരുവിട്ട് പഠിപ്പിക്കാൻ, ഫെമിനിസ്റ്റുകളും മാധ്യമങ്ങളും വിദ്യാഭ്യാസ സമ്പ്രദായവും രാഷ്ട്രീയ നേതാക്കളും പാശ്ചാത്യ വനിതക്കുമേൽ കിണഞ്ഞ് ശ്രമിക്കുമ്പോൾ (ചില സ്ത്രീകൾ പൂർണമായിട്ടല്ലെങ്കിലും ഇതെല്ലാം വിശ്വസിക്കുന്നു) മറുഭാഗത്ത്, സ്ത്രീകൾ കാര്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ കാണാനാരംഭിച്ചിരിക്കുന്നു. കുടുംബം, പുരുഷൻ, വിവാഹം,

വിവാഹമോചനം, വിദ്യാഭ്യാസം തുടങ്ങിയവയിലെല്ലാമുള്ള തങ്ങളുടെ പരിചയംവെച്ചുകൊണ്ട് അവർ കണ്ടെത്തിയിരിക്കുന്നത് തങ്ങൾ അപമാനിക്കപ്പെട്ടുവെന്നാണ്.

ഈയിടെ പുറത്തുവന്ന, സൂസൻ ഫാലുദിയുടെ Backlash-The Undeclared War Against American Women എന്ന 460 പേജുള്ള പുസ്തകം, പാശ്ചാത്യ വനിത അനുഭവിച്ചുകൊണ്ടിരിക്കുന്ന അനീതികളെക്കുറിച്ചുള്ള വിസ്തൃതമായ പഠനമാണ്. പാശ്ചാത്യ വനിത ഇതുവരെ വിമോചിതയായിട്ടില്ല എന്ന് ഗ്രന്ഥകാരി തറപ്പിച്ച് പറയുന്നു. തൻെറ വാദങ്ങളെ സംശയലേശമന്യേ സഹായിക്കുന്ന മേഖലകൾ എടുത്ത് അവതരിപ്പിക്കുകയാണവർ ചെയ്യുന്നത്. വിവാഹം, വിവാഹമോചനം, തൊഴിൽ, പൊതുമേഖല– ഇവയെല്ലാം അവരുടെ പഠന മേഖലകളാണ്.

ഇതൊക്കെയാണെങ്കിലും ഒരു അറുത്തുമുറിച്ച പരിഹാരവും അവർ നിർദേശിക്കുന്നുമില്ല. സ്ത്രീ, വ്യവസ്ഥിതിയുടെ കാരുണ്യത്തിന് യാചിക്കാനായി പിച്ചപ്പാത്രം കയ്യിലേന്തുകയല്ലാതെ ഈ പ്രശ്നങ്ങൾക്കൊന്നും ഒരു പരിഹാരവുമില്ലെന്ന് മനസ്സിലാക്കാൻ സ്ത്രീ നിർബന്ധിതയായി മാറുന്നു.

പ്രശ്നങ്ങളെ നേരിടുന്നതിന് പകരം ഗ്രന്ഥകാരി അനിതരസാധാരണമായ മെയ്വഴക്കത്തോടെ അവയെ അവഗണിക്കുകയാണ് ചെയ്യുന്നത്. ദൈവികമായ വെളിപാടുകൾക്കും നിർദേശങ്ങൾക്കും യാതൊരു സ്ഥാനവുമില്ലാത്ത തന്റേതുമാത്രമായ ഒരു കാര്യപരിപാടി അവതരിപ്പിക്കുകയാണവർ ചെയ്യുന്നത്. വിവാഹമെന്ന വ്യവസ്ഥാപിതാചാരത്തിൽ പ്രാധാന്യമേറിയ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ചൊന്നും അവർ മിണ്ടുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ യഥാർത്ഥ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന മത നിയമങ്ങളെയും നിർദേശങ്ങളെയും ഒഴിച്ചുനിർത്തിക്കൊണ്ടാണ് തന്റെ വികലമായ പരിഹാര നിർദേശങ്ങൾ ഫാലുദി മുമ്പോട്ടുവെക്കുന്നത്.

സ്ത്രീ വിമോചനത്തിനുവേണ്ടി പോരാട്ടം നടത്തുന്നുവെന്ന് അവകാശപ്പെടുന്ന സ്ത്രീകൾ തന്നെയാണ് മനുഷ്യനിർമ്മിത വ്യവസ്ഥക്ക് എല്ലാവിധ സഹായങ്ങളും നൽകുന്നത്. ഗർഭഛിദ്രത്തിനുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി പോരാട്ടം നടത്തുന്ന ഫെമിനിസ്റ്റുകൾ, ഒരുറച്ച കുടുംബ സംവിധാനത്തിനകത്ത് നിലയുറപ്പിച്ചുകൊണ്ട് തങ്ങളുടെ സ്വത്തും വീട്ടമ്മയായിരിക്കാനുള്ള അവകാശവും നിയമപരമായി അനുവദിക്കപ്പെട്ടുകിട്ടാൻ വേണ്ടി ഒരു പോരാട്ടം

സംഘടിപ്പിക്കുമോ? വിവാഹത്തിനും കുടുംബ ത്തിനും പകരമായി ഫെമിനിസ്റ്റുകൾക്ക് വെക്കാ നുള്ളത് സ്വാതന്ത്ര്യമാണ്. ആർക്കാണ് പൂർണ്ണമാ യും സ്വതന്ത്രരായിത്തീരേണ്ടത്? നാം സാമൂഹ്യ ജീവികളാണ്. ഒരാൾക്ക് അപരനെ ആവശ്യമുണ്ട്. ഈ ആശയങ്ങളും ചിന്താരീതികളും കൂടുതൽ നല്ല പാത കണ്ടെത്തുന്നതിൽനിന്ന് രക്ഷപ്പെടാനു ള്ള ഒരുപായമാണെന്ന് തുറന്നുപറയാൻ മടിയെ ന്തിന്? സ്വാതന്ത്ര്യം മനുഷ്യനെ വൈകാരികമായി ഒരിക്കലും സംതൃപ്തനാക്കുകയില്ല. സ്വാതന്ത്ര്യ വും സ്വാശ്രയത്വവും പ്രശ്നങ്ങൾക്ക് പരിഹാരമേ അല്ല. മനുഷ്യൻെറ ഭൗതികാവശ്യങ്ങളെ മാത്രമെ അവ പരിഗണിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ആത്മീയമായ ആവശ്യങ്ങൾ പൂർത്തിയാകാതെ നിലകൊള്ളുകയും ചെയ്യും.

ലൈംഗിക സ്വാതന്ത്ര്യത്തിൻെറ സാക്ഷാത് കാരവുമായി ഗാഢമായി ബന്ധപ്പെട്ട് കിടക്കുന്ന താണ് സ്ത്രീ സ്വാതന്ത്ര്യം എന്ന് ഫെമിനിസ്റ്റു കൾ പറയുന്നു. ഗർഭഛിദ്രത്തിനുള്ള അവകാശ ത്തെയും ജനന നിയന്ത്രണത്തെയും പറ്റി ഫാലൂദി അവരുടെ ഗ്രന്ഥത്തിൽ പറഞ്ഞു. അപ കടമോ ഭയപ്പാടോ കൂടാതെ, തൻെറ പുഷ്കലത്വ വും ഗർഭധാരണവും ക്രമപ്പെടുത്തുവാനുള്ള സ്ത്രീയുടെ പുതുസാധ്യതയാണ് യഥാർത്ഥമാറ്റം

–തിരിച്ച് നാടകീയമായ മാറ്റങ്ങൾ സംഭാവന ചെയ്ത ഒരു പുതുസ്വാതന്ത്ര്യം അവൾക്ക് ലഭിക്കുകയും ചെയ്യുന്നു. ഗർഭഛിദ്രനിരക്കിൽ മാത്രമല്ല സ്ത്രീകളുടെ ലൈംഗിക സ്വഭാവത്തിലും മനോഭാവത്തിലും വരെ ഈ നാടകീയമാറ്റങ്ങൾ ദൃശ്യമായി... ഒടുവിൽ സ്ത്രീകൾ പുരുഷനെപ്പോലെ തന്നെ ലൈംഗിക സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരിക്കുന്നു. (Backlash - The Undeclared War Against the American Women, P.403)

നിയമപരമായി വിവാഹിതയായ സ്ത്രീയെക്കുറിച്ചാണോ ഫാലൂദി പറയുന്നത്? സംശയമാണ്. കാരണം, ഗർഭനിയന്ത്രണ ഗുളികകൾ കാരണമായി, വിവാഹപൂർവ്വ, വിവാഹ ബാഹ്യബന്ധബന്ധങ്ങൾക്ക് നേരെയുള്ള സ്വതന്ത്രമായ മനോഭാവത്തെ അംഗീകരിക്കുന്ന, ഞെട്ടിക്കുന്ന കണക്കുകൾ അവർ നിരത്തുന്നുണ്ട്. ഇക്കാരണം കൊണ്ടാണോ, വിവിധങ്ങളായ ജനന നിയന്ത്രണമാർഗങ്ങൾ ലോകത്തെമ്പാടും ലഭ്യമായതിന് സ്ത്രീകൾ നന്ദി പ്രകാശിപ്പിക്കേണ്ടത്! ചില സ്ത്രീകളെ സംബന്ധിച്ചേടത്തോളം ഈ വ്യവസ്ഥിതിയോ എല്ലാ പ്രശ്നങ്ങൾക്കും മൂലഹേതുവായ മത–ധർമ്മ നിരാസത്തിൻെറ അടിക്കല്ലിൽ പടുത്തുയർത്തപെട്ട സംസ്ക്കാരമോ അല്ല തങ്ങളുടെ ശത്രുക്കൾ, മറിച്ച് പുരുഷനാണ്.

പുരുഷനെ, അവൻെറ ചലനങ്ങളിൽപോലും അനുകരിച്ച് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്തുന്നതിന് പകരം സ്ത്രീ എന്ന നിലയിൽ തൻെറ ഉത്തരവാദിത്തങ്ങളും ധർമ്മങ്ങളും തിരിച്ചറിയുകയാണ് സ്ത്രീകൾ ചെയ്യേണ്ടത്. പുരുഷൻ ചെയ്യുന്നതുപോലെയെല്ലാം ചെയ്യാൻ തുനിയുന്ന സ്ത്രീ തൻെറ സ്വത്വം കളഞ്ഞുകുളിക്കുകയല്ലേ ചെയ്യുന്നത്? പുരുഷൻെറ ചലനങ്ങളെല്ലാം മഹത്തരമാണ് എന്ന് ചിന്തിക്കാൻ ഇവരെ പ്രേരിപ്പിച്ചതെന്താണ്?

# പെൺതൊഴിൽ ശക്തിയും ദൗർബല്യവും

എലീൻ ബോറിസ് തൻെറ പ്രൗഢോജ്ജ്വല മായ Home to work എന്ന കൃതിയിൽ ആയിര ത്തി എണ്ണൂറാമാണ്ട് മുതൽ ഇന്നുവരെയുള്ള അമേരിക്കൻ ഐക്യനാടുകളിലെ 'വീട്ടുജോലി' വ്യവസായത്തിൻെറ വിശദമായ വിവരണങ്ങൾ നൽകുന്നുണ്ട്. അമേരിക്കൻ സ്ത്രീ അവളുടെ മാതൃരാജ്യത്തിൻെറ വികസനത്തിനായി കഠിനാ ധ്വാനം ചെയ്യുകയും അക്കാര്യത്തിൽ ചെറുത ല്ലാത്ത പങ്ക് നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവയൊന്നും ഒരിക്കലും അംഗീകരി ക്കപ്പെട്ടില്ല. അവൾക്ക് ഒന്നോ രണ്ടോ ഭാഗം മാത്ര മല്ല അഭിനയിച്ചു തീർക്കാനുണ്ടായിരുന്നത്.

മറിച്ച് നിലയും വിലയുമുള്ളവളാകാൻവേ ണ്ടി കൂടുതൽ കൂടുതൽ ഭാഗങ്ങൾ അഭിനയിച്ചു കൊണ്ടിരുന്നു.

ഈസ്റ്റ് കോസ്റ്റ് സിഗാർ ഇൻഡസ്ട്രീസി നുവേണ്ടി 1850 കളിലാണ് അമേരിക്കയിൽ സ്ത്രീ കർ തൊഴിലാളികളെന്ന നിലയിൽ ജോലിക്ക് പോയിത്തുടങ്ങിയത്. ടെനെമെൻറ് (Tenement)

എന്ന് വിളിച്ചിരുന്ന കൊച്ചു ഭവനങ്ങളിലായിരുന്നു ഈ സ്ത്രീകളുടെ താമസം. അവിടെ അവർ തൊഴിലിലേർപ്പെടുക മാത്രമല്ല, തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ഭക്ഷണമുണ്ടാക്കുകയും കുട്ടികളെ പരിപാലിക്കുകയുമെല്ലാം ചെയ്തു. (Home to work: P. 21) 'ഹോം വർക്ക്' (അങ്ങനെയായിരുന്നു അത് വിളിക്കപ്പെട്ടിരുന്നത്) വിവാഹിതയായ സ്ത്രീക്ക് തൻെറ ജീവിത നിലവാരം ഉയർത്തുന്നതിനായി ചില ആനുകൂല്യങ്ങൾ നൽകിയിരുന്നു. 1960 കളിലാണ് സ്ത്രീകൾ ജോലിക്ക് പോയിത്തുടങ്ങിയത് എന്ന ധാരണ തീർത്തും അടിസ്ഥാനരഹിതമാണ്. അമേരിക്കൻ വനിത, കുടുംബത്തിന് സാമ്പത്തിക ഭദ്രത നേടിക്കൊടുക്കുന്നതിൻെറ പാതയിൽ ആർക്കും അവഗണിക്കാനാവാത്ത സംഭാവനകളർപ്പിച്ചിട്ടുണ്ട്.

1900ത്തിലെ ഒന്നാം ദശകത്തിൻെറ തുടക്കത്തോടെ 'സ്ത്രീവാദ' (Feminism) ത്തെ ചുറ്റിപറ്റി ചില സംശയങ്ങൾ ഉയർന്നുവരാൻ തുടങ്ങി. സ്ത്രീ പ്രസ്ഥാനങ്ങൾക്കിടക്കുതന്നെ, എന്തൊക്കെയാണ് സ്ത്രീയുടെ അവകാശങ്ങളെന്നും അവ നേടിയെടുക്കാൻ എത്രത്തോളം മുമ്പോട്ടു പോകാം എന്നതിനെക്കുറിച്ചെല്ലാം ഭിന്നതകളും ഛിദ്രതകളും പ്രകടമായി. തുടക്കത്തിൽ ഫെമിനിസം എന്ന പദം ഉപയോഗിച്ചത്, സാമ്പത്തിക

സ്വാതന്ത്ര്യവും ലൈംഗികതയും രാഷ്ട്രീയ വുമായ അവകാശങ്ങളും ആഗ്രഹിച്ചവരും അതി നുവേണ്ടി വാദിച്ചവരുമായ സ്ത്രീകളായിരുന്നു. (Ibid: P. 158) ഫെമിനിസം സങ്കീർണവും ദുർഗ്രാ ഹ്യവുമായി മാറുന്നതിനുമുമ്പ് 'പൊതുസ്ത്രീത്വ ത്തിനേക്കാൾ സ്ത്രീയുടെ വ്യക്തിത്വം സ്ഥാപി ച്ചെടുക്കുകയാണ്' തങ്ങളുടെ ലക്ഷ്യം എന്നായി രുന്നു ഫെമിനിസ്റ്റുകൾ പറഞ്ഞുകൊണ്ടിരുന്നത്. അഥവാ, നിയമത്തിൻെറ അടിസ്ഥാനത്തിൽ പുരുഷൻേറതിനു തുല്യമായ അവകാശങ്ങളും പരിചരണവും സ്ഥാപിച്ചുകിട്ടുക എന്നാണ് ഫെമിനിസം എന്ന പദം കൊണ്ട് യഥാർത്ഥത്തി ൽ അർത്ഥമാക്കുന്നത് എന്ന് ചുരുക്കം. എന്നാൽ 1920 കളിൽ ആലീസ് പോളിൻെറ നേതൃത്വത്തിലു ള്ള നാഷണൽ വിമൻസ് പാർട്ടി, ഒരു വിഭാഗമെ ന്ന നിലയിൽ, സ്ത്രീകൾക്ക് നൽകുന്ന പ്രത്യേക നിയമസംരക്ഷണം റദ്ദ് ചെയ്യുന്ന കടുത്ത നിയമ സംഹിതകളെ അംഗീകരിക്കുകയാണ് ചെയ്തത്. തുല്യാവകാശ ഭേദഗതി (Equal Rights Amendment) യുടെ അടിസ്ഥാനത്തിലുള്ള 'തുല്യത' സ്ത്രീക ളുടെ തൊഴിൽ ചട്ടങ്ങളെ നിഷേധിക്കുന്നുവെന്നാ യിരുന്നു കാരണമായി പറഞ്ഞത്. അവ 'നിയമപ രമായ' പരിഗണനകൾക്ക് പകരം സ്ത്രീക്ക് വാഗ് ദാനം ചെയ്തത് 'പ്രത്യേക' പരിഗണനയായിരു

ന്നു. ഇന്ന് സ്ത്രീകൾ, സാമ്പത്തികമോ സാമൂഹ്യമോ ആയ തുല്യതയൊന്നും അനുവദിച്ചിട്ടില്ലാത്ത തുല്യതാ നിയമങ്ങൾകൊണ്ട് പൊറുതിമുട്ടുകയും തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. 'വിമൻസ് ബ്യൂറോ' മെമ്പർമാർ തങ്ങൾ ഫെമിനിസ്റ്റുകളാണെന്ന് പറയാൻ പോലും കൂട്ടാക്കാത്ത അവസ്ഥയിലാണ് ഇന്നെത്തി നിൽക്കുന്നത്. (Home to work: P. 158).

വനിതാ പ്രസ്ഥാനങ്ങൾക്കുള്ളിൽ കൂടുതൽ ഭിന്നതകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. പിളർപ്പിന് മുമ്പ് 'വിമൻസ് ബ്യൂറോ' (Women's Bureau) സംസാരിച്ചിരുന്നത് ഫെമിനിസത്തിൻെറ ഭാഷയായിരുന്നു (Home to work: P. 158) മാന്യമായ വേതനത്തിന് തൊഴിൽ ചെയ്യാനാഗ്രഹിക്കുന്ന സ്ത്രീകളെ അവർ പിന്തുണച്ചു. അതോടൊപ്പം ഭാര്യ, അമ്മ എന്നീ നിലകളിൽ വീട്ടിൽതന്നെ സ്ത്രീക്ക് പ്രധാന പങ്ക് നിർവഹിക്കാനുണ്ട് എന്ന് പറഞ്ഞ സ്ത്രീകൾക്കെതിരെ വൈരനിര്യാതനബുദ്ധ്യാ പ്രതികരിക്കുകയും ചെയ്തു. യുദ്ധത്തിനു ശേഷം അമേരിക്കൻ സമ്പദ്വ്യവസ്ഥക്ക് മാന്ദ്യം ബാധിച്ച കാലമായിരുന്നു അത്. ഈ സമയത്ത് സ്ത്രീകൾ സാമ്പത്തികോപാധികൾ മെച്ചപ്പെടുത്തി കുടുംബത്തിന് താങ്ങാകേണ്ടതാണെന്ന് വിമൻസ് ബ്യൂറോ ആഹ്വാനം ചെയ്തുകൊണ്ടിരു

ന്നു. സ്ത്രീകൾ വീട് നോക്കേണ്ടവളും പുരുഷൻ അപ്പം തേടേണ്ടവനുമാണെന്ന ആശയം തന്നെ അവർ നിരാകരിച്ചു (Home to work: P. 159). ബോറിസിൻെറ ഗവേഷണ പ്രകാരം, വിമെൻസ് ബ്യൂറോ അന്യാദൃശമായ ഒരു സ്ത്രീവാദ പ്രസ്ഥാനമായിരുന്നു. കാരണം, അത് വീട്ടുജോലി, മാതൃത്വം, ത്യാഗം എന്നിവയെ വിലയിരുത്തുകയും മൂല്യനിർണയം നടത്തുകയും ലൈംഗികവും സാമ്പത്തികവുമായ ഇരട്ടത്താപ്പുകളെ അപലപിക്കുകയും ലിംഗത്തിൻെറ അടിസ്ഥാനത്തിലുള്ള തൊഴിൽ വിവേചനങ്ങൾക്കെതിരെ പോരാടുകയും ചെയ്തു. (Home to work: P. 159) സാമ്പത്തിക ഭദ്രതയുടെയല്ലാത്ത ഇക്കാലത്ത്, വിമെൻസ് ബ്യൂറോയുടെ കാഴ്ചപ്പാടിലൂടെ നോക്കുകയാണെങ്കിൽ, അമ്മ എന്ന നിലയിൽ വീട്ടിലുള്ള തൻെറ കടമ നിർവഹിക്കാൻ അവരോടാവശ്യപ്പെടാൻ ആർക്കുമാവില്ല. കാരണം കുടുംബത്തിൻെറ സാമ്പത്തിക സ്ഥിതി അവളെ തൊഴിൽ ശാലയിലെത്തിച്ചിരിക്കും.

ഇതോടെ ഒരുകാര്യം സംശയത്തിനിടമില്ലാത്തവിധം നമുക്ക് പറയാനാകും. അമേരിക്കൻ ഐക്യനാടുകളുടെ അസ്ഥിരമായ സമ്പദ്വ്യവസ്ഥ വളരെക്കാലമായി സമൂഹത്തിലെ പുരുഷ

നേക്കാൾ സ്ത്രീയെ നീക്കുപോക്കിന് നിർബന്ധി ക്കുകയായിരുന്നു.

സമ്പദ്വ്യവസ്ഥ സമൂഹത്തിലെ തൻെറ പ ങ്ക് വർധിപ്പിക്കാനും വിശാലമാക്കുവാനും സ്ത്രീ യോടാവശ്യപ്പെടുമ്പോൾ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലെ പുരുഷന് യാതൊരു മാറ്റത്തിനും വിധേയനാകേണ്ടിവന്നില്ല. തങ്ങൾക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമാകാൻ വേണ്ടി സ്ത്രീകൾ, കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നത് നിർത്തിവെച്ച തുമില്ല. ഇത് വളരെയധികം പ്രാധാന്യമർഹിക്കു ന്ന ഒരു സൂചനയാണ്–സ്ത്രീകൾ സഹജമായി ത്തന്നെ കുട്ടികളുണ്ടായിക്കാണാൻ കൊതിക്കുക യും കുടുംബജീവിതം ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇവിടെ വെച്ച് രാഷ്ട്രം ഇടപെടൽ നടത്ത ണമെന്ന് വിമെൻസ് ബ്യൂറോ ആവശ്യപ്പെടുന്നു. ചിൽഡ്രൻസ് ബ്യൂറോയുടെ പിന്തുണയോടു കൂടി, കുടുംബങ്ങളെ വീട്ടുവേലക്ക് നിർബന്ധി ക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഗവൺ മെൻറ് ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ദാരിദ്ര്യമാണ് വീട്ടുജോലി കൾക്ക് നിർബന്ധിക്കുന്ന ഘടകമെന്നവർ തീരു

മാനിക്കുകയും ചെയ്തു (Home to work: P. 159 - 160).

വീട്ടുജോലിയെക്കുറിച്ച ധാരണകളും നിയമങ്ങളും ഓരോ സംസ്ഥാനത്തും വിഭിന്നവും വ്യത്യസ്തവുമാണ്. ''തൊഴിൽ ശാലകളിലെ പ്രവൃത്തി സമയത്തിനുശേഷം ഏതൊരു സ്ത്രീയും വീട്ടുജോലികളിലേർപ്പെടുന്നത് വിലക്കുന്നുണ്ട് 1923 ലെ കാലിഫോർണിയൻ മാനുഫാക്ചറിങ്ങ് ഓർഡർ (Home to work: P. 163). തങ്ങളുടെ സ്വകാര്യ ജീവിതത്തിനുമേൽ കടന്നുകയറ്റം നടത്തുകയും സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യുന്ന ഇത്തരം നിയമങ്ങളെ പൊതുജനങ്ങൾ അംഗീകരിക്കാനിടയില്ല. 1940 കളോടെ സ്ത്രീകൾ കൂടുതൽ ഊർജ്ജ സ്വലതയോടെ തൊഴിൽ ശക്തിയുടെ ഭാഗമായി മാറാനാരംഭിച്ചു. ''കുടിൽ വ്യവസായ ശാലകൾ'' (Cottage factories) എന്ന് വിളിക്കപ്പെട്ട സംരംഭവുമായി ബന്ധപ്പെട്ട് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നു. തയ്യൽ, ടൈപ്പിങ് എന്നിവയായിരുന്നു സർവ്വ സാധാരണമായിരുന്ന കുടിൽ വ്യവസായശാലകൾ. ഇത്തരം തൊഴിലുകളുടെ പ്രധാന പ്രശ്നം – ചുരുങ്ങിയത് ഗവൺമെൻറിൻെറ കാഴ്ചപ്പാടിലെങ്കിലും എങ്ങനെയാണവ നിയന്ത്രിക്കപ്പെടുക, ചിട്ടപ്പെടുത്തുക, കരം ചുമത്തപ്പെടുക എന്നെല്ലാമാണ്. ചില വിഭാഗ

ങ്ങൾ വിലയിരുത്തിയതാകട്ടെ, ഇത്തരം തൊഴിലുകൾ കുടുംബത്തിനുമേൽ ആശാസ്യമല്ലാത്ത ഭാരം ചുമത്തപ്പെടുമെന്നായിരുന്നു. വിശിഷ്യാ കുട്ടികൾ; അനാരോഗ്യകരമായ ചുറ്റുപാടുകളിൽ വളരാൻ നിർബന്ധിക്കപ്പെടുന്ന ഈ കുട്ടികൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. അഥവാ അവരുടെ പരിചരണം അമ്മമാർക്ക് അധികജോലിയായി മാറുകയും ചെയ്യുന്നു. അവസാനം അത് തെളിയിക്കുന്നത്, കുടുംബ വ്യവസ്ഥക്കോ കുട്ടികൾക്കോ വേണ്ടി എന്തെങ്കിലും ചെയ്യാൻ ഈ കുടിൽ വ്യവസായശാലകൾക്കാവുകയില്ല എന്നാണ്. തൊഴിലാളികൾ കൃത്യമായി നികുതി അടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലും അത് ചിട്ടപ്പെടുത്തുന്നതിലുമാണ് അധികൃതർ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.

വീട്ടിലിരുന്നുകൊണ്ടുള്ള ഗുമസ്തപ്പണി (Clerical Work) പൊതുവെ ചെയ്യാറുള്ളത് വിവാഹിതകളായ സ്ത്രീകളാണ്. കുറഞ്ഞ വേതനമാണവിടെ ലഭിക്കുക. ആരോഗ്യ വൈദ്യ സഹായങ്ങളൊന്നുമില്ലതാനും. തങ്ങളുടെ കൊച്ചുകുട്ടികളോടൊപ്പം വീട്ടിൽ കഴിച്ചുകൂട്ടാൻവേണ്ടിയാണ് എല്ലാ ആനുകൂല്യങ്ങളും ത്യജിച്ചുകൊണ്ട് സ്ത്രീകൾ ഈ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്നത്. സ്ത്രീകളാരും തന്നെ തങ്ങളുടെ ഉത്തരവാദിത്ത

മാണെന്ന നിലയിലല്ല കുട്ടികളോടൊപ്പം കഴിച്ചു കൂട്ടാൻ ഇഷ്ടപ്പെടുന്നത്. മറിച്ച്, തങ്ങളുടെ കുട്ടികളുമായി അടുത്തിടപഴകുന്നത് അവർ ആസ്വദിക്കുന്നു. അത് അവർക്ക് ആഹ്ലാദം പ്രദാനം ചെയ്യുന്നു. സ്വന്തം കുട്ടികളോടൊത്തുള്ള ഓരോ നിമിഷവും അനുഭൂതിദായകവും ആനന്ദദായിയുമാണ്.

സ്ത്രീകൾ സ്വന്തമായിത്തന്നെ ഇത്തരം ജോലികൾ തെരഞ്ഞെടുക്കുമ്പോൾ – കുടുംബത്തിനും ജോലിക്കുമിടയിൽ തുല്യമായി സമയം വീതിക്കാം എന്ന ഗുണം ഇതിനുണ്ട് – ചില രാഷ്ട്രീയ വ്യവഹാരികൾ രംഗത്തെത്തി, ഈ തൊഴിലിനെ ചൂഷണോപാധി എന്നുപറഞ്ഞ് വർഗീകരിക്കാൻ തുടങ്ങി. അവ നൽകുന്ന കുറഞ്ഞ വേതനമാണിതിന് കാരണം. എന്നാൽ, മിക്ക വീട്ടുജോലിക്കാരും ജനകീയ മാധ്യമങ്ങളും അവകാശപ്പെടുന്നത് വീടുകൾ കേന്ദ്രമാക്കിയുള്ള ജോലികൾ കുടുംബത്തിനും തൊഴിലിനുമിടയിൽ സ്ത്രീകൾ അനുഭവിക്കുന്ന സംഘർഷങ്ങൾ ലഘൂകരിക്കാനും പരിഹരിക്കാനും ഉതകുന്നു എന്നാണ്.

1987 ഓടെ മിക്ക അമേരിക്കൻ വനിതകളും വ്യത്യസ്ത കാരണങ്ങളാൽ, വെറും അമ്മയും ഭാര്യയുമായിരിക്കുന്നതു കൊണ്ട് മാത്രമായില്ലെന്ന്

തീരുമാനമെടുത്തു. ഒരു അമേരിക്കക്കാരി അത് ഇങ്ങനെ വിശദീകരിച്ചു: ‘‘കുടുംബത്തെ ശ്രദ്ധിക്കുമെന്നും വീട് നോക്കി നടത്തുമെന്നും ജോലി നോക്കുമെന്നും ഞങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നു. ചെറിയ വേതനമാണെന്നും മുഷിപ്പിക്കുന്നതാണെന്നും പുരോഗതിക്ക് യാതൊരു സാധ്യതയുമില്ലാത്തതാണെന്നുമെല്ലാം ഞാൻ സമ്മതിക്കുന്നു. എന്നാൽ എൻെറ മകളുടെ വീട്ടിൽ തന്നെ കഴിച്ചുകൂട്ടാൻ അതെന്നെ അനുവദിക്കുന്നുവെന്നതാണ് അതിൻെറ ഏറ്റവും വലിയ മെച്ചം’’.

# വീടിന് പുറത്തേക്ക്

ഞാൻ സ്ത്രീ, എൻെറ അട്ടഹാസം കേൾക്കൂ
ഞങ്ങളുടെ എണ്ണം ആർക്കും അവഗണിക്കാനാവില്ല.
വളരെ ദൂരം പിന്നോട്ടുപോകാനും
അഭിനയിക്കാനും എനിക്ക് നന്നായറിയാം.
എന്നാൽ ഞാൻ ഇന്നും ഒരു ഭ്രൂണമാണ്.
എൻെറ സഹോദരനെ പറഞ്ഞ് ബോധ്യപ്പെടുത്താൻ
ഇനിയും ദൂരം ദൂരം എനിക്ക് യാത്രചെയ്യേണ്ടതുണ്ട്.

*(ഹെലൻ റെഡി പാടിയ പ്രസിദ്ധ ഗാനം.)*

1970കളിലെ മഹാഭൂരിപക്ഷം അമേരിക്കൻ വനിതകളും അനുഭവിച്ചിരുന്ന മാനസിക പിരിമുറുക്കം വ്യക്തമാക്കുന്ന ഇത്തരം ഗാനങ്ങൾ നിരവധിയാണ്. സമൂഹത്തിലെ കഠിനാധ്വാനം ചെയ്യുന്ന അംഗമാണ് താനെന്ന് അമേരിക്കൻ സ്ത്രീ തെളിയിച്ചിട്ടുണ്ടെങ്കിലും അവളൊരിക്കലും പുരുഷന് തുല്യം പരിഗണിക്കപ്പെട്ടിട്ടില്ല. ഗാനത്തിൽ പറയുന്നതുപോലെ, സ്ത്രീ പ്രസ്ഥാനങ്ങളുടെ നിലവിളികൾ ഉച്ചസ്ഥായിയിലാണെങ്കിലും,

സ്ത്രീ അവളുടെ ഭ്രൂണാവസ്ഥയിൽ തന്നെ നിദ്ര കൊള്ളുകയാണ്.

തങ്ങളുടെ പരിതോവസ്ഥയിൽ നിന്ന് ഏത് വിധേനയും പുറത്തുകടക്കാൻ അവർ ഒരുക്കമാണ്. പക്ഷെ, അവർക്കൊരുപാട് പർവ്വതങ്ങൾ കയറേണ്ടതുണ്ട്. മാറ്റങ്ങൾ വളരെ മന്ദഗതിയിലാണുതാനും. യഥാർത്ഥത്തിൽ പ്രസ്ഥാനത്തിന് ഏത് കാര്യങ്ങളും ഏറ്റെടുത്ത് നടത്തുവാനുള്ള ക്ഷമതയുണ്ട് എന്ന് പലരും വിശ്വസിക്കുന്നു. എന്നാൽ നേതാക്കൾക്ക് ദിശാബോധം നഷ്ടപ്പെട്ട കാരണത്താൽ സ്ത്രീയുടെ ആവശ്യമെന്താണെന്ന് തിരിച്ചറിയാൻ കഴിയാതെ വന്നതും അ വർ എടുത്തു കാണിക്കുന്നു. സ്ത്രീക്കും പുരുഷനുമിടയിൽ ഒരു യുദ്ധം അരങ്ങേറുകയാണ്. ബന്ധനത്തിൻെറയും നിരാശയുടെയും നീണ്ട അടയിരിപ്പിനുശേഷം പാശ്ചാത്യ വനിത കണ്ണ് തുറ ന്നുതുടങ്ങിയിരിക്കുന്നു. സ്ത്രീ ഒരിക്കലെങ്കിലും തുല്യ ആദരവോടും അധികാരത്തോടുംകൂടി പരിഗണിക്കപ്പെട്ടിട്ടില്ല. സമൂഹ പുരോഗതിക്കായുള്ള അവളുടെ എണ്ണമറ്റ സംഭാവനകളും കുടുംബത്തിനു വേണ്ടിയുള്ള അവളുടെ തളരാത്ത അധ്വാനവും ത്യാഗവുമൊന്നും വകവെക്കാതെ, മനുഷ്യത്വരഹിതമായാണ് അമേരിക്കൻ സമൂഹം അവളോട് പെരുമാറിയത്. നൂറ്റാണ്ടുകളോളം അമേരിക്കൻ വ

നിതക്ക് സ്വത്ത് കൈവശം വെക്കാനോ, സ്വന്തം സാമ്പത്തിക നില ഭദ്ര മാക്കാനായി ബിസിനസ് നടത്തുവാനോ ഉള്ള അവകാശം ഉണ്ടായിരുന്നി ല്ല. ഈയടുത്ത് 1988ലാണ് ചില അമേരിക്കൻ സം സ്ഥാനങ്ങൾ, സ്ത്രീകൾ അവരുടെ ഭർത്താക്ക ന്മാരുടെ പാദസേവകരാണെന്ന് നിയമം പാസാ ക്കി അംഗീകരിച്ചത്. ഈ നിയമങ്ങളുടെ അടിസ് ഥാനത്തിൽ സ്ത്രീക്ക് സാമ്പത്തിക സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. സ്വത്ത് വാങ്ങാനോ വിൽക്കാ നോ അവളുടെ ഭർത്താവിൻെറ അനുമതിയും ക യ്യൊപ്പും വാങ്ങണം. വോട്ട് ചെയ്യാനുള്ള അവകാ ശവും വളരെ വൈകിയണ് അവൾക്ക് ലഭിച്ചത്. എഴുപത്തിയഞ്ച് വർഷമേ അവൾ വോട്ടിംഗ് ഫോമുകൾ പൂരിപ്പിക്കാൻ തുടങ്ങിയിട്ട് ആയിട്ടു ള്ളൂ.

സൂസൻ ഫാലൂദിയുടെ പുസ്തകത്തിലെ വിവരങ്ങളനുസരിച്ച് 80 ശതമാനം സ്ത്രീ തൊഴി ലാളികളും ഇപ്പോഴും മുമ്പേ സ്ത്രീകൾക്ക് ഒപ്പി ച്ചുകൊടുത്ത ഇടനാഴിക ജോലികളിൽ കുരുങ്ങി യിരിക്കുകയാണ്. (ക്ലർക്ക്, സെക്രട്ടറി, റിസപ്ഷ നിസ്റ്റ്, സെയിൽസ് ഗേൾസ് എന്നീ ഗണത്തിൽ പെട്ട ജോലികളിൽ) ഏകദേശം എഴുപത്തിയഞ്ച് ശതമാനം പൂർണസമയ തൊഴിലുകളിലുള്ള സ്ത്രീകളും വർഷ ത്തിൽ നേടുന്നത് 20,000

ഡോളറിൽ താഴെ മാത്രമാണ്. (Backlash - The undeclared War against the American Women, P. XIII) ഇതിന് പുറമെ, റീഗൻ ഭരണകൂടം പുറത്തുവിട്ട ഒരു കണക്കനുസരിച്ച്, ഗൃഹനാഥകളെന്ന് അവകാശപ്പെട്ട ഇരുപത് ലക്ഷം ഒറ്റക്ക് ജീവിക്കുന്ന അമ്മമാരടക്കം അമ്പത് മില്യൻ സ്ത്രീകൾ ദാരിദ്ര്യരേഖക്ക് താഴെയാണ് ജീവിക്കുന്നത് (Ibid, P. XVII). ഇന്ന്, കൂടുതൽ അമേരിക്കൻ വനിതകൾ വ്യത്യസ്ത കാരണങ്ങളാൽ വീടിന് പുറത്ത് ജോലികളിലേർപ്പെടുന്നു. 1993ലെ ഒരു വാർത്താ അവലോകനം നൽകുന്ന കണക്കുകളനുസരിച്ച് ജോലി ചെയ്യുന്ന മാതാക്കളുടെ സംഖ്യ ക്രമാതീതമായി വർധിച്ചുവരികയാണെന്ന് കാണുന്നു. 1992ൽ 67.2 ശതമാനം കൊച്ചു കുട്ടികളുള്ളവരും പതിനെട്ട് വയസിന് താഴെയുള്ളവരുമായ സ്ത്രീകൾ മുഴുസമയ ജോലികളിലോ പാതിസമയ ജോലികളിലോ വ്യാപൃതരായിരിക്കുന്നു. ഇത് 1975 ൽ 47.4 ശതമാനവും 1983 ൽ 58.9 ശതമാനവും ആയിരുന്നു. സ്കൂളിൽ പോകാനുള്ള പ്രായമെത്തിയിട്ടില്ലാത്ത കുട്ടികളുള്ള മാതാക്കളധികവും തെരഞ്ഞെടുക്കുന്നത് പാതിസമയ (Part time) ജോലികളാണ്. 31 ശതമാനം നവജാത ശിശുക്കളുള്ള അമ്മമാരും 18 ശതമാനം രണ്ടോ അതിലധികമോ മക്കളുള്ള അമ്മമാരും മുഴു

സമയ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. (Ana Suarez- Veciana, ``More Women Sacrifice to Stay Home with Kids'' Knight Ridder Tribune, Arizona Republic Sept. 5, 1993)· "Government Finds U.S Working Women Stressed, Underpaid'' എന്ന പേരിലുള്ള മറ്റൊരു റിപ്പോർട്ടിൽ, തങ്ങളുടെ ജോലിയുമായി ബന്ധപ്പെട്ട സ്ത്രീ തൊഴിലാളികളുടെ മാനസികാവസ്ഥ സാമാന്യം വിശദമായിതന്നെ പ്രതിപാദിച്ചിട്ടുണ്ട്. പുരുഷന്മാരേക്കാൾ കൂടുതൽ തങ്ങൾക്ക് ജോലി ചെയ്യേണ്ടതായി വരുന്നുവെന്ന് പല സ്ത്രീകളും പരാതിപ്പെട്ടിട്ടുണ്ട്. ‘‘നിങ്ങളുടെ ജോലിയിലെ മറ്റേതൊരു പുരുഷനേക്കാളും നിങ്ങൾക്ക് ജോലി ചെയ്യേണ്ടിവരുന്നു. ജോലിയും കുടുംബവും ഒപ്പം കൊണ്ടുപോകാൻ ഞാണിന്മേൽ കളി നടത്തേണ്ടി വരുന്നു. നിങ്ങൾ തൊഴിലിൽ വിദഗ്ദ്ധയും ഒരു അമ്മയുമാണെന്ന് തെളിയിക്കേണ്ട ബാധ്യത നിങ്ങൾക്കുണ്ടല്ലോ’’. ഒരു സ്ത്രീ പരിതപിച്ചു. (Labour Department Women's Bureau finding, Arab News, Oct. 16, 1994) തൊഴിൽ വകുപ്പിലെ വിമൻസ് ബ്യൂറോയുടെ തലയാൾ കരേൻ നുസ്ബോം (Karen Nussbaum) പറഞ്ഞത്, ക്ലിൻറൺ ഭരണകൂടം നടത്തിയ ഒരു സർവ്വെ, സ്ത്രീകൾ തങ്ങളുടെ തൊഴിലിനെ എങ്ങനെ നോക്കിക്കാണുന്നുവെ

ന്നും, തങ്ങളുടെ പദവിയെച്ചൊല്ലി മിക്ക അമേരിക്കൻ വനിതകളും എന്തുമാത്രം ക്ഷോഭം വെച്ചു പുലർത്തുന്നുവെന്നും തുറന്ന് കാണിക്കുന്നുണ്ട്.

അധികജോലി ചെയ്തിട്ടും ഏറിയ പിരിമുറുക്കങ്ങൾ അനുഭവിച്ചിട്ടും പുരുഷൻ ചെയ്യുന്ന അതേ ജോലി അതേ അളവിൽ ചെയ്യുന്ന സ്ത്രീക്ക് തുല്യമായ വേതനം ലഭിക്കുന്നില്ല. ''പുരുഷന് ഒരു ഡോളർ ലഭിക്കുമ്പോൾ .75 സെൻറ് ആണ് സ്ത്രീക്ക് ലഭിക്കുന്നതെന്ന് ലേബർ ഡിപ്പാർട്ട്മെൻറ് പറയുന്നു. വർഗീയവും വംശീയവുമായ ന്യൂനപക്ഷ വിഭാഗങ്ങളിലെ സ്ത്രീകളുടെ നില ഇതിനേക്കാൾ മോശമാണ്''. (Ibid.) അവസാനം, ചിൽഡ്രൻസ് ഡിഫൻസ് ഫണ്ടിൽനിന്നുള്ള കണക്കുകൾ പറയുന്നത്, 1994ൽ അമേരിക്കൻ ഐക്യനാടുകളിലെ 15 മില്യൻ കുട്ടികൾ ദാരിദ്ര്യത്തിൽ പൊറുക്കുകയാണെന്നാണ്. (Child Poverty worse in 30 years, Arab News Oct. 8, 1994, P-8)

ഈ കുട്ടികളിൽ അധികവും ഒറ്റക്ക് കഴിയുന്ന രക്ഷിതാക്കളുള്ള – വിശിഷ്യാ സ്ത്രീകൾ – വീടുകളിൽ നിന്നുള്ളവരാണെന്ന താരതമ്യേന സുരക്ഷിതമായ നിഗയമനത്തിൽ എത്തിച്ചേരാനാകും.

അരിസോണ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ നിയമപരവും ആചാരപരവുമായ പഠനങ്ങൾക്കുള്ള കേന്ദ്രത്തിൽ പഠിപ്പിക്കുന്ന പ്രൊഫ. മാരിയൻ മൂഡി ജെന്നിംഗ്സ് പറയുന്നത്, നേഷണൽ ഓർഗനൈസേഷൻ ഫോർ വിമൻ (NOW) ഭരിക്കുന്നതും നിയന്ത്രിക്കുന്നതും സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ള സ്ത്രീകളാണെന്നാണ്. ‘‘സ്ത്രീകളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചും അവർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ഒന്നുമറിഞ്ഞുകൂടാത്തവരാണീ തലപ്പത്തിരിക്കുന്ന കൊച്ചമ്മമാർ. എല്ലാ സ്ത്രീകൾക്കുംവേണ്ടി പറയാനുള്ള മൊത്ത കുത്തക അവർ അവകാശപ്പെടുന്നു. അവരുടെ ലോകമാകട്ടെ മാരകമായ ചിലവേറിയതും തണുത്തുറഞ്ഞതും അയഥാർത്ഥവും മറ്റുള്ളവരിൽ നിന്നെല്ലാം ഒറ്റപ്പെട്ടതുമാണ്’’. പ്രൊഫ. ജെന്നിംഗ് സ് അവരോട് ചോദിക്കുന്നത്, ‘‘സെക്രട്ടറിമാരെക്കുറിച്ചും റിസെപ്ഷനിസ്റ്റുകളെക്കുറിച്ചും പരിചാരികമാരെക്കുറിച്ചും നിങ്ങൾക്കെന്തറിയാം?’’ എന്നാണ്. ‘‘അവർ കുടുംബപരമായും സാമ്പത്തികമായും ശാരീരികമായും ഒരു ജീവിതം തട്ടിക്കൂട്ടുന്നതിനുവേണ്ടി പകലന്തിയോളം ചുറ്റുപാടുകളോട് മല്ലടിക്കുകയാണ്... അവരുടെ വേതനവും വിലനിലകളും വളരെ താഴ്ന്ന പടിയിലുള്ളതുമാണ്... സ്വന്തം കുട്ടികളുമായി വീട്ടിൽ കഴിയുന്ന സ്ത്രീകളെക്കു

റിച്ച് ഇവർക്കെന്തറിയാം? അവളൊരു വീട്ടമ്മ മാത്രമാണ് എന്ന് പറഞ്ഞതുകൊണ്ട് എല്ലാം തീർന്നുവോ? സ്ത്രീ പ്രസ്ഥാനങ്ങളുടെ തത്വ സംഹിതയനുസരിച്ച് അവൾക്ക് സമൂഹത്തിൽ നിലനിൽപ്പേ ഇല്ല''. തങ്ങൾ ചെയ്യാൻ കൽപിക്കപ്പെട്ടതുപോലെയൊക്കെ ചെയ്യാൻ വിധിക്കപ്പെട്ട സ്ത്രീകളെക്കുറിച്ച് അവർ പറയുന്നത് ''കണക്കപ്പിള്ളമാരാകുവാനും അഭിഭാഷകകളാകുവാനും, മാനേജർമാരാകുവാനും അതുവഴി തങ്ങളുടെ ജീവിതം മെച്ചപ്പെടുമെന്നും വിശ്വസിക്കപ്പെട്ടവരാണ് ഈ അംഗനമാർ. അവർ പാഠശാലകളിൽ പോയി ബിരുദങ്ങൾ കരസ്ഥമാക്കി വിവാഹിതകളായി കുട്ടികളുണ്ടായി അവരെ വരച്ച വരയിൽ നിർത്താൻ വളരെ വേഗം പുരുഷന് സാധിക്കുന്നു – NOW അവൾക്കുള്ളതല്ല ആർക്കുണ്ടതിനൊക്കെ നേരം! (``Which Class of Women Counts for NOW?'' Arizona Republic, July 24, 1994)

## മാതാവിനെ മുറിവേൽപിച്ച വ്യവസ്ഥ

മോശമായ സാമ്പത്തിക സ്ഥിതിയാണ് മിക്ക അമ്മമാരെയും തൊഴിലിന് നിർബന്ധിക്കുന്നതെങ്കിലും, 'വെറുമൊരമ്മ' എന്ന മുദ്ര വീഴാതിരിക്കാനായും പടിഞ്ഞാറൻ നാടുകളിൽ സ്ത്രീകൾ ജോലിക്ക് പോകുന്നുണ്ട്. അമേരിക്കയിൽ

ഒരു സ്ത്രീ തന്‍െറ കുട്ടികളെ ശ്രദ്ധിക്കാനായി വീട്ടില്‍ കഴിച്ചുകൂട്ടുകയാണെങ്കില്‍ ഒരമ്മ അഥവാ ഭാര്യ എന്ന നിലയിലുള്ള തന്‍െറ സുരക്ഷിതത്വത്തെക്കുറിച്ച് അവള്‍ക്ക് ഉറപ്പ് ലഭിക്കുന്നില്ല. വിവാഹമോചിതയാക്കപ്പെടുകയാണെങ്കില്‍ എന്ത് എന്ന് അവിടത്തെ നിയമങ്ങള്‍ അവള്‍ക്ക് ഒരു നിര്‍ദ്ദേശവും നല്‍കുന്നില്ല. അതുകൊണ്ടുതന്നെ ജോലിക്ക് പോകാത്ത സ്ത്രീകളില്‍ ഒരു തരം അരക്ഷിതബോധവും ഉത്കണ്ഠയും വളര്‍ന്നു വരുന്നു. ഫ്രാന്‍സിസ് ലിയോണാഡ് എന്ന അറ്റോര്‍ണി പറഞ്ഞതുപോലെ, ''വിവാഹ ജീവിതത്തിന്‍െറ നല്ല ഭാവിയെക്കുറിച്ച് നിങ്ങള്‍ക്ക് സ്വപ്നങ്ങള്‍ നെയ്യുകയും ആശപുലര്‍ത്തുകയും ചെയ്യാം. പക്ഷെ, ഈ കളിയില്‍ ഗവണ്‍മെന്‍റ് നിങ്ങളെ സഹായിക്കുകയില്ലെന്ന് തിരിച്ചറിയണം. ഭാവിയിലെ കൂട്ടുവരുമാനം പ്രതീക്ഷിച്ച് നിങ്ങള്‍ സ്വന്തം തൊഴില്‍ അവസരങ്ങളിലൂടെ മുമ്പോട്ട് നീങ്ങുകയാണെങ്കില്‍ ആപത്തുകളില്‍ ചെന്ന് ചാടുകയായിരിക്കും ഫലം. കാര്യങ്ങള്‍ ശരിയാം വണ്ണം നീങ്ങുന്നില്ലെങ്കില്‍ അധികം താമസിയാതെ വാദി പ്രതിയാവുകയും സാമ്പത്തിക കടബാധ്യതകളുടെ ചുഴികള്‍ നിങ്ങളെ ചുഴറ്റിമുക്കുകയും ചെയ്യും. (Women Pay More, P. 119.)

ശ്രീമതി ലിയോണാഡിൻെറ പുസ്തക (Women and Money) ത്തിൽ അവർ ഉറപ്പിച്ച് പറയുന്നു, വിവാഹമോചിയതയാകുന്ന സ്ത്രീ, നാം സാധാരണ കേട്ടുവരാറുള്ള 'ധനികരായ വിവാഹമോചിതകളു'ടേതുപോലെയുള്ള വളരെ സരളമായ പ്രക്രിയകളിലൂടെയായിരിക്കില്ല കടന്നുപോകുന്നത്. 1990ൽവെറും 15.5 ശതമാനം വിവാഹമോചിതകൾക്ക് മാത്രമാണ് നിയമപരമായി ജീവനാംശം ലഭിച്ചത്. ഞെട്ടിപ്പിക്കുന്ന മറ്റൊരു വിവരം വെറും 32.3 ശതമാനം വിവാഹമോചിതകൾക്ക് മാത്രമാണ് തങ്ങൾ ആവശ്യപ്പെട്ട സ്വത്തിൻെറ വിഹിതത്തിൽ നിന്ന് എന്തെങ്കിലും ലഭിച്ചത് (Ibid: P. 120). 1980ൽ ന്യൂയോർക്കിൽ ഒരു വിവാഹമോചനക്കേസ് വാദിക്കാൻ വക്കീൽ ആവശ്യപ്പെട്ടിരുന്നത് 6000 ഡോളറായിരുന്നു. ഇന്ന് അറ്റോർണിയുടെ ഫീസ് 50,000 ഡോളറിൻെറ അടുത്ത് വരും. ചിലപ്പോൾ അപ്പുറവും പോകും. സാൻഫ്രാൻസിസ്കൊ ബാർ അസോസിയേഷനിലെ ഫാമിലി ലോ ഡിവിഷൻെറ തലയാൾ ജെന്നിഫർ ഗോഡൻ (Jennifer Gordon) ചോദിക്കുന്നത്, നിങ്ങൾ വർഷത്തിൽ നാൽപതിനായിരമോ അമ്പതിനായിരമോ അതുമല്ലെങ്കിൽ അറുപതിനായിരമോ ഡോളർ വരുമാനമുള്ള ആളാണെന്ന് വെക്കുക, നിങ്ങൾക്കെങ്ങനെയാണ് ഒരു മണി

ക്കൂറിന് ഇരുന്നൂറ് ഡോളർ ആവശ്യപ്പെടുന്ന ഒരു അറ്റോർണിയെ വെച്ച് കേസ് വാദിക്കാനൊക്കു ക? (Ibid: P. 122) സമൂഹത്തിലെ ഉന്നതന്മാർക്ക് മാത്രം സംവരണം ചെയ്യപ്പെട്ട മറ്റൊരു അമേരിക്കൻ സ്ഥാപനമാണിത്. പാശ്ചാത്യ വിവാഹ നിയമങ്ങൾ സ്ത്രീക്ക് ഒന്നും ഉറപ്പ് നൽകുന്നില്ല. ഒരു വിജയകരമായ ഒത്തുതീർപ്പ് സാധ്യമാകണമെങ്കിൽ ഒരു നല്ല അഭിഭാഷകനെ ഏർപ്പാടാക്കാൻമാത്രം സാമ്പത്തിക ഭദ്രത അവൾക്കുണ്ടായിരിക്കണം.

തൊഴിൽ ചെയ്യുന്ന ഒരമ്മ എത്രയാണ് ശമ്പളയിനത്തിൽ നേടുന്നതെന്ന് പരിശോധിച്ചാൽ വളരെ പരിതാപകരമായ ഒരു ചിത്രമായിരിക്കും തെളിഞ്ഞുവരിക. ഒന്നാമതായി, മിക്ക സ്ത്രീകളും പരമ്പരാഗതമായ തൊഴിലിൽ ഏർപ്പെട്ടവരാണ്. വാദത്തിനുവേണ്ടി ഈ കേസ് തന്നെ എടുക്കുക. സ്കൂളിൽ പോകാൻ പ്രായമായിട്ടില്ലാത്ത ഒരു കുട്ടിയുള്ള വിവാഹിത; ഭക്ഷണം, വാടക, ടെലഫോൺ, വൈദ്യുതി തുടങ്ങിയവക്കൊന്നുമുള്ള സംഖ്യ തട്ടിക്കിഴിക്കാതെ (ഇവയെല്ലാം ഭർത്താവ് നിർവഹിക്കുന്നു എന്ന് കരുതുക) 18000 ഡോളർവർഷത്തിൽ ശമ്പളമായി ലഭിക്കുന്നു. ഒന്നാമത്തെ സ്വയം പിടിച്ചെടുക്കൽ ടാക്സ് എന്ന പേരിലുള്ള ഭീമൻ സംഖ്യയായിരിക്കും. കാർ വാ

ടക ഒരുമാസം ഇരുന്നൂറ് ഡോളർ വേറെ. ഇനിയും എൺപത് ഡോളർ ഓരോ ആഴ്ചയിലും ശിശുകേന്ദ്രങ്ങളിൽ നൽകുന്നു. ഗ്യാസ്, ഇൻഷ്വറൻസ്, ചികിത്സാ ചെലവുകൾ തുടങ്ങിയവ കൂടി ചേർക്കുക. ഉദ്യോഗസ്ഥയായ ഒരു സ്ത്രീ ധരിക്കുന്ന ഇടത്തരം വസ്ത്രങ്ങളും അനുബന്ധ ചമയങ്ങളും ചുരുങ്ങിയ ചെലവിൽ നടക്കുമെന്ന് പ്രതീക്ഷിക്കരുത്. ഇപ്പറഞ്ഞതെല്ലാം അവശ്യച്ചെലവുകളാണല്ലോ?.... അതെ. ഓർക്കാപ്പുറത്ത് വരുന്ന ചെലവുകൾ നാം കൂട്ടിയിട്ടില്ല. പുറമെ അത്തരം ഒരു വനിതയുടെ സാമൂഹ്യ നിലവാരം നിലനിർത്താനാവശ്യമായ കൊച്ചുകൊച്ച് പൊങ്ങച്ചങ്ങൾക്കുമുള്ള സംഖ്യ മാറ്റിവെച്ചാൽ പിന്നെ അവശേഷിക്കുന്നത് എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ.

ഇങ്ങനെയുള്ള അവസരങ്ങളിൽ മിക്കപ്പോഴും, സ്ത്രീകളുടെ വരുമാനംകൊണ്ട് വാടക, വീട്ടുപകരണങ്ങൾ, വീട്ടിലെ മറ്റ് ചെലവുകൾ എന്നിവ നിവൃത്തിച്ചുപോകുന്നുവെന്ന് ന്യായം പറയാറുണ്ടല്ലോ. ഇതാണ് സംഗതിയെങ്കിൽ കാര്യം കൂടുതൽ കുഴപ്പത്തിലേക്ക് നീങ്ങുകയാണ്. സ്ത്രീയുടെ വൈയക്തിക സാമ്പത്തിക സുസ്ഥിരത എന്നത് മരീചികയായി അവശേഷിക്കില്ലേ? ഇതുപോലുള്ള വരുമാനങ്ങൾ സ്ത്രീയു

ടെ ആത്മാഭിമാനവും സാമ്പത്തിക സുരക്ഷയും ഉയർത്തുമോ എന്നത് സംശയാസ്പദമാണ്.

ഇത്തരം കൊച്ചുവരുമാനം സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കുള്ള കാൽവെപ്പാണ് എന്ന് കരുതാൻ ന്യായമില്ല. ഇതിന് പുറമെ കുറഞ്ഞ വേതനം നൽകുന്ന ജോലി സ്വീകരിക്കാനായി അമ്മമാർ മക്കളെ ശിശുകേന്ദ്രങ്ങളിലേക്കയക്കുമ്പോൾ വേണ്ടത്ര അവൾക്ക് തിരിച്ച് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കിട്ടുന്നില്ലെങ്കിൽ സ്ത്രീ, ഭാര്യ, മാതാവ് എന്നീ നിലകളിൽ അവൾ കൂടുതൽ നിരാശയിലാകുന്നു. ചുരുക്കത്തിൽ കുടുംബത്തിന് കൂടുതൽ വരുമാനം പ്രതീക്ഷിച്ച് വീട് വിടുന്ന സ്ത്രീ കൂടുതൽ തളർന്ന് മനസ്സ് മരവിച്ച് വീട്ടിൽ തിരിച്ചെത്തുന്നു.

# സ്ത്രീശക്തി അവഗണിക്കപ്പെടുന്നു

ഇവിടെവെച്ച് ആർക്കും ചോദിക്കാം,‘‘അനാവശ്യമായി ബഹളം വെക്കുന്ന മർക്കടമുഷ്ടിക്കാരായ ഫെമിനിസ്റ്റുകൾ എവിടെപ്പോയി? പുനർപ്രവർത്തനം ആവശ്യപ്പെടുന്ന ഈ പ്രധാന മേഖലയിൽ സ്ത്രീകളെ സഹായിക്കാൻ അവർ എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?’’. ‘ഫെമിനിസ്റ്റ്’ എന്ന ലേബൽ അവർക്ക് യോജിക്കുന്നേയില്ല. സ്ത്രൈണം സ്ത്രീസ്വഭാവത്തിലുള്ളത്, സ്ത്രൈണസമാനം, സൗമ്യം, മസൃണം എന്നിവയെല്ലാമാണല്ലോ ആപദം പ്രതിനിധാനം ചെയ്യുന്ന സ്വഭാവഗുണങ്ങൾ. എന്നാൽ ഫെമിനിസവും അതിൻെറ തത്വങ്ങളും ബഹളങ്ങളും മേൽപറഞ്ഞ, സ്ത്രീയുടെ ഉദാത്തഗുണങ്ങളുമായി ഒരു ബന്ധവുമില്ലാത്തവയാണ്. പകരം പുരുഷനിർമ്മിതമായ വ്യവസ്ഥയെ മൗനത്തിലൂടെ പ്രോത്സാഹിപ്പിക്കുകയാണ് ഈ സ്ത്രീവാദികൾ ചെയ്യുന്നത്. ഇപ്പോഴത്തെ നിലയിൽ പാശ്ചാത്യരീതിയിലുള്ള വിവാഹം, കുടുംബത്തിൻെറ ഉത്തരവാദപ്പെട്ടവനാകണമെന്ന് പുരുഷനോട് ആവശ്യപ്പെടുന്നില്ല. ഇനി

ഇതെല്ലാം തലതിരിഞ്ഞു എന്ന് വെക്കുക; അതായത് പുരുഷനെ കുടുംബത്തിൻെറ ഉത്തരവാദപ്പെടുത്തി നിയമമുണ്ടാക്കി എന്ന് കരുതുക; എന്ത് സംഭവിക്കും? വിവാഹങ്ങളുടെ എണ്ണത്തിൽ സാരമായ കുറവ് വരും. കാരണം തങ്ങളുടെ വ്യവസ്ഥ, മതപരവും ധാർമ്മികവുമായ അടിത്തറകളിലല്ല നില കൊള്ളുന്നത് എന്നത് തന്നെയാണ്; ഇത്തരം അടിത്തറകൾക്കാണല്ലോ ഉത്തരവാദിത്തബോധം നട്ടുപിടിപ്പിക്കാനാവുക.

1985ലെ കണക്കനുസരിച്ച്, 8.8 മില്യൻ കുട്ടികളുള്ള വിവാഹമോചിതകൾ നയിക്കുന്ന കുടുംബങ്ങളിൽ 50 ശതമാനത്തിന് മാത്രമാണ് മുൻ ഭർത്താക്കന്മാരിൽനിന്ന് സഹായം ലഭിക്കുന്നത്. ഇതിൽ തന്നെ 50 ശതമാനമാണ് ജഡ്ജി വിധിച്ച മുഴുവൻ സംഖ്യയും കൈപ്പറ്റിയ കുടുംബങ്ങൾ. 1988ൽ ഫെഡറൽ ഓഫീസ് ഓഫ് ചൈൽഡ് സപ്പോർട്ട് എൻഫോഴ്സ്മെൻറ് പുറത്തുവിട്ട കണക്ക് പ്രകാരം, 25 ബില്യൻ 'പരാജയപ്പെട്ട' ഡാഡിമാരിൽ 5 ബില്യൻ മാത്രമാണ് കോടതി അനുശാസിച്ച തുക നൽകി തങ്ങളുടെ കുട്ടികളെ സഹായിച്ചത് ഇതുപോലെയുള്ള കണക്കെടുപ്പുകളെല്ലാം അവസാനിക്കുക, കുട്ടികളെ സാമ്പത്തികമായി സഹായിക്കാൻ പിതാക്കളെ നിർബന്ധിക്കു

ന്ന നിയമമുണ്ടാക്കേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടായിരിക്കും.

ഒരു കുട്ടിയെ വളർത്താൻ ആവശ്യമായ സംഖ്യയിലും വളരെ കുറച്ച് മാത്രമെ സംരക്ഷണ ചെലവായി നൽകപ്പെടാറുള്ളൂ എന്നതാണ് വസ്തുത. പിതാക്കൾക്ക് പിന്നാലെ പായുന്നത് ശരിയായ പരിഹാരമായി ഫാലൂദി കാണുന്നില്ല. മറിച്ച് 1982ലെ ഫെഡറൽ അഡ്വൈസറി കൗൺസിലിൻെറ നിർദ്ദേശം അവർ ആവർത്തിക്കുകയാണ് ചെയ്യുന്നത്. അതിങ്ങനെ: സ്ത്രീക്കും പുരുഷനുമിടയിലുണ്ടാകുന്ന വിവാഹമോചനാനന്തര അനീതികൾ ഇല്ലായ്മ ചെയ്യാനുള്ള മാർഗങ്ങൾ വളരെ ലളിതമാണ്; തൊഴിലുകൾക്കുള്ള വേതനങ്ങളിലെ അസമത്വങ്ങൾ ഇല്ലാതാക്കുക. സ്ത്രീക്കും പുരുഷനുമിടയിലെ കൂലിയിലുള്ള അസമത്വം തുടച്ചുനീക്കപ്പെടുന്നതോടെ, സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങളിൽ പകുതിയും ഉടനടി ദാരിദ്ര്യത്തിൽ നിന്ന് കര കയറും''. (Backlash - The undeclared War Against the American Women, P. No. 25). ശരി, പക്ഷെ, ബാക്കി പകുതി കുടുംബങ്ങളെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഏത് വിധേനയാണ് ഇത് പുരുഷനെ തങ്ങളുടെ കുട്ടികളുടെ കാര്യത്തിൽ ഉത്തരവാദപ്പെട്ടവനാക്കി മാറ്റുക? സ്ത്രീകളുടെ പേരിൽ ഇത്തരം ഒരു

നഷ്ടക്കച്ചവടത്തിനായി കൂടിയാലോചനകൾ നടത്താൻ എന്തുകൊണ്ട് ഫെമിനിസ്റ്റുകൾ തയ്യാറാവുന്നു? പിതാക്കളില്ലാത്ത കുട്ടികളെയാണോ സ്ത്രീകൾക്ക് വേണ്ടത്? ഇത്തരം പ്രശ്നങ്ങളെല്ലാം അവഗണിക്കപ്പെടുകയാണ്. ഈ വ്യവസ്ഥ കുടുംബാനുകൂലി (Pro-family) യോ വനിതാനുകൂലിയോ (Pro-woman) അല്ലെന്ന് പറയാനും കാരണമിതാണ്.

## അതിവനിത (SUPER WOMAN) യുടെ ആവിർഭാവം

അനീതിയുടെ ഈ വ്യവസ്ഥിതിക്ക് കീഴിൽ സ്ത്രീകൾ അതിവനിതകളായി മാറാനുള്ള സാധ്യതയാണ് തെളിഞ്ഞുവരുന്നത്. ഒന്നുകിൽ അവരങ്ങനെ ചെയ്യണം. അതല്ലെങ്കിൽ എല്ലാം നഷ്ടപ്പെടാനായി അവൾ ഒരുങ്ങിനിൽക്കണം. അവർ വിവാഹിതരാകാൻ തീരുമാനിക്കുകയാണെങ്കിൽ, ഒരേസമയം അമ്മമാരാകാനും ഭാര്യമാരാകാനും ജോലിക്കാരികളാകാനും തയ്യാറാകേണ്ടതുണ്ട്. ഭാര്യമാരും അമ്മമാരുമാവുക എന്നതുകൊണ്ട് മാത്രമായില്ല. ചില സ്ത്രീകൾ കുറച്ചുകാലത്തേക്ക് അതിമാതാക്കളായിരിക്കും. പതുക്കെ എന്നാൽ അധികം താമസിയാതെ അതിൻെറ ഭാരം അവരെ ഞെരുക്കിക്കളയുകയും ചെയ്യുന്നു- വിശിഷ്യാ തങ്ങളുടെ ശ്രമം തുടരാനാവശ്യമായ വരുമാനം

ലഭ്യമായില്ലെങ്കിൽ. ആദ്യമെല്ലാം വളരെ സൂക്ഷ്മ മായ തോതിലാണ് ഈ ഇന്ധനക്ഷയം ദൃശ്യമാവുക. ഒരു ക്ഷീണമായോ, വിഷാദമായോ, ഉറക്കമില്ലായ്മയായോ ഒക്കെ പ്രത്യക്ഷപ്പെടുന്നു. ഇതിൽ നിന്ന് രക്ഷനേടാനായി കഠിനമായി അധ്വാനിക്കുന്നു. ചിലർ പുരുഷന്മാരോടൊപ്പം സന്തുഷ്ട നിമിഷങ്ങൾ പങ്കിടുന്നു. മറ്റുചിലർ ഡോക്ടർമാരെക്കണ്ട് ഉപദേശം തേടുന്നു. എന്തുകൊണ്ടാണ് തങ്ങൾക്കീ പ്രയാസങ്ങൾ ഉണ്ടാകുന്നതെന്ന് അത്ഭുതപ്പെടുകയും ചെയ്യുന്നു. മദ്യപാനം തുടങ്ങുന്നു, മാനസികമായ സ്വാസ്ഥ്യം തിരിച്ചു കിട്ടാനുള്ള മരുന്നുകൾക്ക് അടിമപ്പെടുകയും ചെയ്യുന്നു. ഈ സ്ത്രീകൾ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ലാത്തത്, സ്ത്രീ എന്ന നിലയിൽ ജീവിതത്തിൽ തങ്ങളുടെ സമൂഹം തങ്ങൾക്ക് അനുവദിച്ചുതന്ന 'സ്ഥാനം' തന്നെയാണ് തങ്ങളുടെ ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങളുടെ കാരണം എന്നതാണ്.

മഹത്തായ മുന്നേറ്റം കാഴ്ചവെക്കാൻ സ്ത്രീക്ക് കഴിയാതെ പോകുന്നതിൻെറ കാരണം അവളുടെ കഴിവുകേടോ ബൗദ്ധികമായ പിന്നോക്കാവസ്ഥയോ കൊണ്ടല്ല എന്ന് തീർത്ത് പറയാനാകും. സ്ത്രീകൾ ചുറുചുറുക്കുള്ളവരും കാര്യക്ഷമത വേണ്ടുവോളമുള്ളവരുമാണ്. പിന്നെ

അവരെന്തുകൊണ്ട് മുൻനിര സ്ഥാനം നേടുന്നില്ല? രണ്ട് പ്രമുഖ കാരണങ്ങളാണ് ഇതിനായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഭാര്യ എന്ന നിലയിലും അമ്മ എന്ന നിലയിലുമുള്ള സ്ത്രീയുടെ ഉത്തരവാദിത്തങ്ങളാണവ. അമ്മമാർക്ക്, അച്ഛന്മാർക്ക് പരിഹരിക്കാനാവാത്ത നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുന്നു. ആവശ്യമായത്ര സമയം അപഹരിക്കുന്ന വസ്ത്രം കഴുകൽ, ഷോപ്പിംഗ്, ഭക്ഷണം പാകം ചെയ്യൽ, വീടും പരിസരവും വൃത്തിയാക്കൽ തുടങ്ങിയ ജോലികൾ ഭംഗിയായി നിർവഹിച്ച് ഭാര്യ, ഭർത്താവിനെ അധികജോലിയിൽനിന്ന് ഒഴിവാക്കിക്കൊടുക്കുന്നു. അതുവഴി അയാൾക്ക് കുടുംബം പോറ്റാനുള്ള വിഭവം കണ്ടെത്താനായി സമയം ലഭിക്കുകയും ചെയ്യുന്നു. കമ്പനിക്ക് അയാൾ ഒഴിച്ചുകൂടാനാവാത്ത ഒരു ഉദ്യോഗസ്ഥനായി മാറുന്നു. ഉദ്യോഗക്കയറ്റം ലഭിക്കുകയും, തീർത്തും ശാന്തവും ചിട്ടയുള്ളതുമായ വീട്ടിൽ തിരിച്ചെത്തി വിശ്രമിക്കാനും അയാൾക്ക് സാധിക്കുന്നു. അയാളുടെ വസ്ത്രങ്ങൾ അലക്കിയിട്ടുണ്ട്, കുപ്പായം തേച്ചുവെച്ചിട്ടുണ്ട്. ഭക്ഷണം തീൻമേശയിൽ അയാളെ കാത്തിരിക്കുകയും ചെയ്യുന്നു. പാശ്ചാത്യ രീതിയനുസരിച്ച് ഒരാൾക്ക് മാതൃത്വവും വിവാഹവും സ്ത്രീക

ളുടെ ആനന്ദത്തേക്കാളും ജീവിത വിജയത്തേക്കാളും വലിയ കാര്യമൊന്നുമല്ല എന്ന അഭിപ്രായം രൂപപ്പെടുത്താവുന്നതാണ്.

ഇനി ഉദ്യോഗം പ്രധാനമായിക്കാണുന്ന ഒരു സ്ത്രീക്ക് സന്തുഷ്ടവും പ്രശ്നരഹിതവുമായ ജീവിതം നയിക്കാനാകുമോ? ടെറി ആപ്റ്റർ, വിജയികളായ സ്ത്രീകളെക്കുറിച്ചുള്ള സമഗ്രപഠനം എന്ന് വിശേഷിപ്പിക്കാവുന്ന തൻെറ Working Women Don't Have Wives - Professional Success in the 1990's എന്ന ഗ്രന്ഥത്തിൽ പറയുന്നു, ''അവർ (വിജയം വരിച്ച ഉദ്യോഗസ്ഥകളായ സ്ത്രീകൾ) വിശ്വസിക്കുന്നത്, മറ്റ് സ്ത്രീകൾക്ക് പൊതുവായുള്ള സംഗതികൾ ഉപേക്ഷിക്കുന്നതിലൂടെ തങ്ങളെന്താകാൻ ആഗ്രഹിച്ചുവോ അത് നേടിയെടുക്കാൻ തങ്ങൾക്കാകുമെന്നാണ്. വിവാഹത്തിന് നൽകേണ്ടിവരുന്ന വില ശ്രദ്ധാപൂർവ്വം കണക്കു കൂട്ടാൻ മാത്രം ആധുനികരാണവർ – കൂടുതൽ സ്ത്രീകൾ ഇന്നങ്ങനെ ചെയ്യാൻ സന്നദ്ധരായി മുമ്പോട്ടുവരാനുള്ള സാധ്യത ഇന്ന് വർദ്ധിച്ചിട്ടുണ്ട്... പേജ് 206. സ്ത്രീവാദ പ്രസ്ഥാനങ്ങളുടെ ആഹ്വാനങ്ങൾക്ക് പ്രതികരിക്കാനായി ഭാര്യ, മാതാവ് എന്നീ നിലകളിലുള്ള സ്ത്രീയുടെ പങ്ക് മാറ്റിമറിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയാണി

ന്ന് അമേരിക്കൻ സമൂഹം എന്നാണിത് നൽകുന്ന സൂചന.

ചെറിയ കുട്ടികളുള്ള അമ്മമാർ കൂടുതൽ പ്രയാസപ്പെടുന്നു. പക്ഷെ, അച്ഛന്മാർ ഈ പ്രയാസം അനുഭവിക്കാറില്ല. കാരണം പ്രാഥമിക പരിചരണം അവരുടെ ഉത്തരവാദിത്വത്തിൽ പെട്ട തല്ല. പുരുഷനേക്കാൾ മനഃസംഘർഷം സ്ത്രീ അനുഭവിക്കുന്നുവെന്ന് മാത്രമല്ല, അമ്മ എന്ന നിലയിൽ അവൾ വൈകാരിക മാനസിക പ്രയാസങ്ങളെ നേരിടേണ്ടിയും വരുന്നു. പുരുഷൻെറ സഹായമുണ്ടെങ്കിലും സംഘർഷത്തിൽ വലിയ കുറവൊന്നുമില്ല. എന്നാൽ ഈ പ്രയാസങ്ങളും ക്ലേശങ്ങളും അമ്മമാരെ തങ്ങളുടെ കുട്ടികളുമായി അടുപ്പിക്കുകയും ശക്തമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

സാമ്പത്തികമായി വിജയം വരിച്ച സ്ത്രീകൾ അവിവാഹിതകളോ ഏറ്റവും ചുരുങ്ങിയത് കുട്ടികളില്ലാത്തവരോ ആണെന്നാണ് ആപ്റ്റർ കണ്ടെത്തിയിട്ടുള്ളത്. വിവാഹിതകളാകാത്ത സ്ത്രീകൾ വിശദീകരിക്കുന്നത് വിവാഹം തങ്ങളുടെ ജോലിയോടുള്ള പ്രതിബദ്ധതയെ ബാധിക്കുന്നുവെന്നാണ്. വിവാഹമോചിതരുടെയും ഭർത്താക്കന്മാരിൽനിന്ന് അകന്ന് ജീവിക്കുന്നവരുടെയും

അഭിപ്രായത്തിൽ തങ്ങളുടെ ദാമ്പത്യപരാജയത്തി ൻെറ മുഖ്യ ഹേതു തൊഴിലിനോടുള്ള പ്രതിബദ്ധ തയായിരുന്നുവെന്നാണ്. ഇതിന് പുറമെ, ആപ്റ്റർ ഉപസംഹരിക്കുന്നു, ''ഈ സ്ത്രീകളെ സംബന്ധി ച്ചിടത്തോളം തങ്ങളെ സംരക്ഷിക്കേണ്ടതിൻെറ ഉത്തരവാദിത്തം അവർക്ക് തന്നെയാണ്. അതു കൊണ്ടുതന്നെ പുരുഷന്മാർ എങ്ങനെ ചിന്തിക്കു ന്നുവെന്ന് വിശദമായിതന്നെ അവർ പഠിക്കുക യും നിരീക്ഷിക്കുകയും ചെയ്യുന്നു. അതാണ് അ വരുടെ വിജയത്തിലേക്കുള്ള പാതയും (Ibid, P.206)

സ്ത്രീ, സാമ്പത്തികമായി സുരക്ഷിതയായി രിക്കണമെങ്കിൽ കുടുംബജീവിതത്തിൽനിന്ന് അവൾ അകന്ന് നിൽക്കുകതന്നെ വേണമെന്ന് വ്യക്തമാക്കുന്നു ഇവിടെ. സ്ത്രീകളുടെ വോട്ടവ കാശ വിനിയോഗത്തിന് വേണ്ടി പ്രവർത്തിച്ച സൂസൻ ബി. ആൻറണി ഇതിനേറ്റവും നല്ല ഉദാ ഹരണമാണ്. അവർ ജീവിതത്തിലുടനീളം അവി വാഹിതയായി കഴിഞ്ഞുകൂടി.

സ്ത്രീ സ്വാതന്ത്ര്യവാദികൾ പേർത്തും പേർ ത്തും സ്ത്രീകളോട് ആവശ്യപ്പെടാറുള്ളത്, വിജ യം വരിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ഒന്നാ മതായി സ്ത്രീകൾ ചെയ്യേണ്ടത് അവർ തങ്ങളെത

ന്നെയായിരിക്കണം ഒന്നാം സ്ഥാനത്ത് വെക്കേണ്ടത്. അതിനുശേഷമുള്ള പരിഗണനയിൽ മാത്രമെ കുട്ടികളും കുടുംബവും വരാൻ പാടുള്ളൂ എന്നാണ്. പുരുഷന്മാർ തങ്ങളുടെ തൊഴിലിന്റെ പേരിലാണ് വിലയിരുത്തപ്പെടാറുള്ളതും ആദരിക്കപ്പെടാറുള്ളതും. ''അവരുടെ (സ്ത്രീകളുടെ) അതിനായുള്ള സന്നദ്ധത ഒരു പുതിയ തൊഴിൽ സംസ്ക്കാരത്തിന്റെ ലക്ഷണങ്ങളാവാം: നമ്മുടെ ജോലിയാണ് നാം എന്ന ആശയം, ഉയർന്ന ശമ്പളവും പദവിയുമുള്ള ജോലിയിലൂടെയാണ് നമ്മുടെ തൂക്കം കണക്കാക്കപ്പെടുന്നതെന്ന ആശയം – ഇതാണല്ലോ പുതിയ തൊഴിൽ സംസ്ക്കാരം. ഫെമിനിസ്റ്റുകളുടെ ഈ പ്രതിഭാ വിലാസത്തിന്റെ ഇരകളായിരിക്കുകയല്ലേ വാസ്തവത്തിൽ സ്ത്രീകളിവിടെ – ഒന്നുകിൽ സ്ത്രീ അവളുടെ തൊഴിലും കൂട്ടവുമായി കഴിഞ്ഞ് കുടുംബജീവിതം കളഞ്ഞുകുളിക്കുക അല്ലെങ്കിൽ അതിനെ ഒരു ഭാഗത്തേക്ക് മാറ്റിനിർത്തുക. ഭാവി തലമുറക്കായി, തന്റെ സമൂഹത്തിനായി, തന്റെ കുടുംബത്തിനായി സ്ത്രീ നൽകിക്കൊണ്ടിരുന്ന പരമ്പരാഗത സേവനങ്ങളുടെ വിലയിടിക്കുകയല്ലേ സ്ത്രീ വിമോചകർ ചെയ്തിരിക്കുന്നത്?

## ലിംഗപരമായ വിവേചനം

ലിംഗവിവേചനമാണ് സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങളുടെ മറ്റൊരു രീതി. ഒരേ തസ്തികക്കുവേണ്ടി പുരുഷനുമായി മത്സരിക്കേണ്ടിവരുമ്പോൾതൊട്ട് തുടങ്ങുകയായി ജോലി സ്ഥലങ്ങളിലെ ലിംഗപരമായ വിവേചനം. ഇത് തെറ്റാണെങ്കിലും (അമേരിക്കയിൽ നിയമവിരുദ്ധം പോലുമാണ്) ഇപ്പോഴും നിർബാധം തുടരുന്നുണ്ട്. സ്ത്രീകളായ അപേക്ഷകരോട് പലപ്പോഴും, അവർക്ക് കുട്ടികളുണ്ടോ ഉണ്ടായിക്കാണാൻ പദ്ധതിയുണ്ടോ തുടങ്ങിയ തികച്ചും വൈയക്തികവും സൂക്ഷ്മവുമായ ചോദ്യങ്ങൾവരെ ചോദിക്കുന്നു. കമ്പനികൾ പ്രസവവുമായി ബന്ധപ്പെട്ട അവധിയെ വല്ലാതെ ഭയക്കുന്നു. അതുകൊണ്ട് തന്നെ ഈ വഴിയിലൂടെ ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തെ ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരു പുരുഷനെ ജോലിക്ക് നിശ്ചയിച്ച് കമ്പനി, സാധ്യതയുള്ള ഒരു നഷ്ടത്തെ തടുക്കുന്നു. ഇത്തരത്തിലുള്ള ലിംഗപരമായ വിവേചനം സർവ്വസാധാരണമാണ്. അസാധ്യമല്ലെങ്കിൽ കൂടി, അത് ഒഴിവാക്കുക പ്രയാസകരവുമാണ്. പലപ്പോഴും സ്ത്രീകളേക്കാൾ പുരുഷന്മാരെ ജോലിക്ക് നിശ്ചയിക്കാൻ കമ്പനികളെ പ്രേരിപ്പിക്കുന്നത്, പുരുഷന്മാർ സ്ത്രീകളെ അപേക്ഷിച്ച് ഓവർടൈം ജോലി ചെയ്യാനും സ്ഥലം മാറ്റത്തിനും സൗകര്യമുള്ളവരാണ് എന്നത് കൂടിയാണ്.

Women Pay More എന്ന ഗ്രന്ഥം നൽകുന്നത്, എരിതീയിലേക്ക് എണ്ണയെന്നപോലെ, കൂടുതൽ ഞെട്ടിക്കുന്ന വിവരങ്ങളാണ്. അമേരിക്കയിലെ സ്ത്രീ എത്രമാത്രം ലിംഗവിവേചനം നേരിടുന്നുവെന്ന് ഈ കൃതി നമുക്ക് പറഞ്ഞ് തരുന്നു. മുടിവെട്ടൽ, ഡ്രൈക്ലീനിംഗ്, വസ്ത്രചെലവുകൾ, കാർ റിപ്പയർ.... ഇവയെല്ലാം സ്ത്രീയാണെന്നതിൻെറ പേരിൽ മാത്രം അവൾ പുരുഷനേക്കാൾ കൂടുതൽ പണം നൽകേണ്ടിവരുന്ന മേഖലകളാണ്. ഇതാ ഒരു ഉദാഹരണം. പുരുഷന്മാർക്കായുള്ള വസ്ത്രങ്ങൾ തൂക്കിയിട്ട ഭാഗത്തെ റാക്കുകളിൽ സ്കൈ ജാക്കറ്റ് തിരയുകയായിരുന്ന യുവതിയുടെ അടുത്തുവന്ന് സ്റ്റോർ ക്ലർക്ക് പറഞ്ഞു: 'നിങ്ങൾക്കുള്ള ജാക്കറ്റുകൾ അവിടെയാണ്''. അവിടെ മുപ്പത് ഡോളർ കൂടുതൽ നൽകണം. യുവതി പ്രതിവചിച്ചു (Women Pay More (and How to Put a Stop to it) P. 12) പുരുഷനെ അപേക്ഷിച്ച് സ്ത്രീക്ക് കൂടുതൽ സാമ്പത്തിക ചെലവ് വരുന്ന മറ്റൊരു മേഖലയാണ് വൈദ്യസേവന രംഗം. അവളാണ് ഡോക്ടർമാരെ കൂടുതൽ സന്ദർശിക്കുന്നത് എന്ന് മാത്രമല്ല, ഒരേ രോഗത്തിന് ഒരു

സ്ത്രീയും പുരുഷനും ഒരേ ഡോക്ടറെ സമീപിക്കുമ്പോൾ സ്ത്രീക്ക് കൂടുതൽ ടെസ്റ്റുകളും കൂടുതൽ മരുന്നുകളും കുറിക്കുന്നു. തുടർസന്ദർശനം നടത്തണമെന്ന് അവരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. അതേസമയം വളരെ വിരളമായി മാത്രമെ പുരുഷനോട് അങ്ങനെ ചെയ്യണമെന്ന് നിർദ്ദേശിക്കാറുള്ളൂ. ഇതിനുള്ള കാരണങ്ങൾ 'വ്യക്തമല്ല' എന്നാണ് അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ പറയുന്നത് - (Ibid  P. 28).

# മീഡിയ
# ശക്തിയും ദൗബല്യവും

പാശ്ചാത്യലോകത്തെ മഹാഭൂരിപക്ഷം ജനങ്ങളുടെ ജീവിതത്തിലും മാധ്യമങ്ങൾ യഥാർത്ഥ വിദ്യാഭ്യാസത്തിൻെറ സ്ഥാനം കവർന്നിരിക്കുകയാണ്. മീഡിയ വിദ്യാദായിയാണെന്ന് ഉറച്ച് വിശ്വസിക്കുന്നതുകൊണ്ട് അവ പറയുന്നതെല്ലാം അപ്പടി അവർ വിഴുങ്ങുകയും ചെയ്യുന്നു. മാധ്യമ പ്രവർത്തകർ ആർജ്ജവമുള്ളവരാണെന്നവർ ധരിച്ചുവശായിരിക്കുന്നു. വിവരങ്ങളുടെയും വിജ്ഞാനങ്ങളുടെയും പ്രധാന സ്രോതസ്സ് എന്ന നിലയിൽ ലോകത്തെമ്പാടുമുള്ള വലിയൊരു മനുഷ്യ സഞ്ചയം മാധ്യമങ്ങളെ അളവിലധികം അവലംബിക്കുകയും ചെയ്യുന്നു.

മീഡിയ രാഷ്ട്രീയ പ്രേരിതവും രാഷ്ട്രീയ താൽപര്യങ്ങളാൽ നടത്തപ്പെടുന്നവയുമാണ്. ഇത് മനസ്സിലാക്കിക്കൊണ്ടായിരിക്കണം അവയെയും അവ നൽകുന്ന വിവരങ്ങളെയും വ്യാഖ്യാ

നിക്കേണ്ടത്. യഥാർത്ഥ വിദ്യാഭ്യാസത്തിൻെറ പകരക്കാർ എന്ന നിലയിൽ അവ പരിഗണിക്കപ്പെട്ടുകൂടാ. മാധ്യമങ്ങൾ കയ്യടക്കിവെച്ചിരിക്കുന്ന അധികാരത്തിൻെറ ആഴം വേണ്ടുംവണ്ണം മനസ്സിലാക്കിയ പണ്ഡിതനാണ് ബെൻ ബഗ്ദികിയാൻ. പുലിസ്റ്റർ സമ്മാനം നേടിയ പത്രപ്രവർത്തകനും ബെർക്ലിയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിൽ പത്രപ്രവർത്തന വിഭാഗത്തിലെ അധ്യാപകനുമായിരുന്ന ബഗ്ദികിയാൻ ഇപ്രകാരമെഴുതി:

''എല്ലായിടത്തുമെന്നപോലെ അമേരിക്കക്കാർക്കും ലോകത്തെക്കുറിച്ചുള്ള ചിത്രങ്ങൾ ലഭിക്കുന്നത് അവരുടെ പത്രത്താളുകളിലൂടെയും മാഗസിനുകളിലൂടെയും റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയുമാണ്'' (The Media Monopoly, P. XXVI). പൊതുജനങ്ങളുടെ വിശ്വാസങ്ങളെയും ധാർമ്മിക ധാരണകളെയും വൈയക്തികാഭിപ്രായങ്ങളെയും മാറ്റിമറിക്കാനും പ്രചാരണങ്ങളിലൂടെ കാര്യങ്ങളെ തങ്ങൾക്കനുകൂലമാക്കി മാറ്റാനുമുള്ള മാധ്യമങ്ങളുടെ കഴിവ് അപാരമാണ്.

പൊതുജനം അവശ്യം മനസ്സിലാക്കേണ്ട വസ്തുത, മറ്റേതൊരു കോർപ്പറേഷനെയും ബിസിനസിനെയും പോലെതന്നെയാണ് മാധ്യമങ്ങളും എന്നതാണ്. അവക്കവയുടേതായ സാമ്പത്തിക താൽപര്യങ്ങളുണ്ട്. അക്കാര്യത്തിൽ അവ മുൻനിരയിലുമാണ്. ബഗ്ദീകിയാൻ തുടരുന്നു: ‘‘ജനങ്ങളെ നിയന്ത്രിക്കാൻ വാർത്താമാധ്യമങ്ങളെ നിയന്ത്രിച്ചാൽ മതിയെന്ന് അധികാരികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. വാർത്തകളും ആശയങ്ങളും കൈവശംവെക്കുന്നവർക്ക് രാഷ്ട്രീയാധികാരമുണ്ട്. അവ പുറത്തുവിടാനും പൂഴ്ത്തിവെക്കാനുമുള്ള അധികാരം, ഒരു ഭാഗം പുറത്തുവിടാനും മറുഭാഗം മറച്ചുവെക്കാനുമുള്ള അധികാരം, അവസരം വരുന്നതുവരെ വാർത്തകൾ പിടിച്ചുവെക്കാനും പുറത്തുവിട്ടതിൻെറ വ്യാഖ്യാനങ്ങൾ മുൻകൂട്ടി നിശ്ചയിക്കാനുമുള്ള അധികാരം’’ (Ibid, P. XXVI.) അതുകൊണ്ടുതന്നെ സ്ഥായിയായ ഒരു വാർത്താസ്രോതസ്സ് എന്ന നിലയിൽ മാധ്യമങ്ങൾക്ക് കാതോർക്കുന്ന ജനങ്ങൾ വിവരങ്ങൾ നേടുന്നത് വളരെ സാവധാനത്തിലാണ്. മുഴുവൻ ഭാഗത്തുനിന്നുള്ള വാർത്തകൾ അവർക്ക് ലഭിക്കുന്നുമില്ല. കാര്യമായി ഒന്നും പകർന്നുകൊടുക്കാത്ത ചിതറിയ വാർത്തകളാണ് അവർക്ക് ലഭിക്കുന്നത്. യഥാർത്ഥം എന്ന് വിശേഷിപ്പിക്കപ്പെട്ട വാർ

ത്തകളുടെ പോലും സ്ഥിതി ഇതാണ്. ദുരന്തമവി ടെയല്ല, ഈ മാധ്യമങ്ങൾ വളരെക്കുറച്ച് സന്ദർഭ ങ്ങളിൽ മാത്രമാണ് സത്യത്തിന്റെ അംശങ്ങൾ ഒരാളുടെ മനസ്സിൽ അവശേഷിപ്പിക്കുന്നത്. ബാക്കിയോ അവാസ്തവമാകാനിടയുള്ള വാക് ചാതുരിയുടെ മഹാപ്രളയവും.

ബഗ്ദികിയാൻ പുറത്തുവിട്ട മറ്റൊരു രഹസ്യം വലിയ വലിയ മാധ്യമക്കമ്പനികളുടെ നിയന്ത്ര ണവും ഭരണവും വളരെ ചെറിയ ഒരു വരണ്യ സംഘത്തിന്റെ കൈകളിലാണെന്നതാ ണ്. ദേശീയ കോർപ്പറേഷനുകളും ബഹുരാഷ്ട്ര കോർപ്പറേഷനുകളുമായി അമ്പതിലധികം കോർ പ്പറേഷനുകളായിരുന്നു അമേരിക്കയിലെ ഭൂരി പക്ഷ മാധ്യമങ്ങളും കൈകാര്യം ചെയ്തിരുന്നത്. എന്നാൽ 1983 ആയപ്പോഴേക്കും അവയുടെ എണ്ണം വെറും ഇരുപതായി ചുരുങ്ങി. ആയിരക്ക ണക്കിന് ചെറുകിടക്കാർ ഈ രംഗത്ത് പ്രവർത്തി ക്കുന്നുണ്ടെങ്കിലും അവയുടെ പ്രഭാവം ഒട്ടും ദൃശ്യമല്ല. ഉദാഹരണത്തിന് അമേരിക്കയിലെ 3000 പ്രസാധകരിൽ വെറും അഞ്ചെണ്ണമാണ് വരുമാന ത്തിന്റെ എഴുപത്തഞ്ച് ശതമാനവും നേടുന്നത്. (Ibid, P. IX) ആനുകാലികങ്ങളുടെ പ്രചാരം എടു ക്കുകയാണെങ്കിൽ, ഇരുപത് സ്ഥാപനങ്ങളായിരു ന്നു മുമ്പ് വാർഷികാദായത്തിന്റെ സിംഹഭാഗ

വും വീതം വെച്ചിരുന്നത്. ഇന്നത് വെറും രണ്ടെണ്ണമാണ് പങ്കുവെക്കുന്നത്. പതിനൊന്ന് പ്രമുഖ പുസ്തകക്കമ്പനികളുണ്ടായിരുന്നത് അഞ്ചായി. ഈ കണക്കുകൾ പ്രകാരം പാശ്ചാത്യ നാടുകളിലെ പൊതുജനം, അവർ മീഡിയയുമായി നിരന്തരം സമ്പർക്കം പുലർത്തുകയാണെങ്കിൽ, പതുക്കെ മസ്തിഷ്ക പ്രക്ഷാളനത്തിന് വിധേയരാകും. മാധ്യമങ്ങൾ സൗകര്യപൂർവ്വം അർധസത്യങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുമെന്നതും അവക്ക് വാർത്തകൾ വക്രീകരിക്കാനുള്ള കഴിവ് കിടയറ്റതാണെന്നതും സുവിദിതമാണല്ലോ.

വളരെ പ്രാധാന്യമേറിയ ഒരു പ്രശ്നത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനും അവക്ക് തോന്നുന്ന കാര്യങ്ങൾ എടുത്തുകാണിക്കാനും ജനങ്ങളെകൊണ്ടത് ശ്രദ്ധിപ്പിക്കാനുമുള്ള മാധ്യമങ്ങളുടെ ശ്രമങ്ങൾ ഇന്ന് അത്രയൊന്നും ഗോപ്യമല്ല.

വളരെ പ്രധാനമായ വാർത്ത അവഗണിച്ച് അപ്രധാനമായ സ്ഥാനത്ത് വെക്കുന്നതും ചിലപ്പോൾ അവ തീരെ ഒഴിവാക്കുന്നതും മാധ്യമലോകത്ത് അസാധാരണമായ ഒരു സംഭവമേ അല്ല. ഒരുദാഹരണം കേട്ടോളൂ. 1966ലാണ് സംഭവം. സി.ബി.എസ്. ന്യൂസിൻെറ ആക്ടിംഗ് പ്രസിഡൻറ് സ്ഥാനത്തുനിന്ന് രാജിവെക്കുന്നത് തൻെറ

ധാർമ്മികതയുടെ ഭാഗമായി കണ്ട ഫ്രെഡ് ഫെൻ ഡ്ലിയുടെ കഥയാണത്. വിയറ്റ്നാം യുദ്ധത്തെ ക്കുറിച്ചുള്ള സെനറ്റിൻെറ വളരെ പ്രധാനപ്പെട്ട ഒരുവാദം കേൾക്കൽ റിപ്പോർട്ട് ചെയ്യാൻ അദ്ദേ ഹത്തെ മാധ്യമ മേധാവികൾ അനുവദിച്ചില്ല. പകരം I Love Lucy എന്ന ഷോ തുടർച്ചയായ അഞ്ചാം ദിവസവും ആവർത്തിച്ച് സംപ്രേഷണം ചെയ്യാനായിരുന്നു ഫ്രെൻഡ്ലിയോടും സംഘ ത്തോടുമുള്ള ഏമാന്മാരുടെ കൽപ്പന. ഐ ലവ് ലൂസി ഷോ ഒരു ദിവസം മുടങ്ങിയാൽ അത് ഷെ യർ ഹോൾഡർമാരെ പ്രകോപിപ്പിക്കും എന്നതാ യിരുന്നു അവർ കാരണമായി പറഞ്ഞത്.

ഇതാണ് മാധ്യമങ്ങളുടെയും അവയുടെ യജമാനന്മാരുടെയും മനോനില. ഏത് കാര്യത്തി ന് പ്രാമുഖ്യം നൽകണമെന്നും ഏതിന് നൽകേ ണ്ടതില്ലെന്നും നിശ്ചയിക്കാനുള്ള മാനദണ്ഡം പരിഹാസ്യമാംവിധം വികലമാണ്. മാധ്യമങ്ങളും അവയെ ഭരിക്കുന്ന ഏതാനും കോർപ്പറേഷനുക ളും അവയുടെ തലപ്പത്തിരിക്കുന്നവരും ഷെയർ ഹോൾഡർമാരും അമേരിക്കൻ പൊതുജനത്തി ൻെറ സൂക്ഷ്മ പരിശോധനക്ക് വിധേയമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിജ്ഞാനത്തിനാ യി അവർ അവലംബിക്കുന്ന ഒരു സ്രോതസ്സ് പക്ഷപാതമുക്തമല്ലെങ്കിൽ, അത് രാഷ്ട്രീയവും

സാമ്പത്തികവുമായ താൽപര്യങ്ങളുടെ അടിമക ളാണെങ്കിൽ, വിദ്യാഭ്യാസത്തിൻെറ വിശ്വസനീ യമായ സ്രോതസ്സായി അതിനെ അവലംബിക്കു ന്നതിൽ അർത്ഥമേതുമില്ല.

## മാധ്യമങ്ങളും ഇസ്ലാമിക ലോകവും

കാലങ്ങളായി മാധ്യമങ്ങൾ മുസ്ലിംകളെ യും ഇസ്ലാമിനെയും അറബികളെയും മോശമാ യ വെളിച്ചത്തിലാണ് അവതരിപ്പിക്കാറുള്ളത്. ഒരു സമുദായമെന്ന നിലയിൽ, തങ്ങൾക്കെതിരെ വരുന്ന കൂരമ്പുകൾ കണ്ടില്ലെന്ന് നടിച്ച് കയ്യും കെട്ടി നിൽക്കാൻ മുസ്ലിംകൾക്കാവില്ല – വിശി ഷ്യാ, അവരുടെ മതവും ജീവിതരീതികളും നിയ മങ്ങളും നിരന്തരം ആക്രമണത്തിന് വിധേയമാകു മ്പോൾ.

ഇസ്ലാം സമാധാനത്തിൻെറ മതമാണ്. അല്ലാതെ മാധ്യമങ്ങൾ ചിത്രീകരിക്കുന്നതുപോ ലെ യുദ്ധത്തിൻേറതല്ല. അത് നീതിയുടെ മതമാ ണ്. അനീതിയുടേതല്ല. ഇസ്ലാം ഐക്യം ഉദ് ഘോഷിക്കുന്ന മതമാണ്. ഭിന്നിപ്പിക്കുക അതി ൻെറ അജണ്ടയിലെവിടെയും കടന്നുവരുന്നില്ല. മറ്റ് മതങ്ങൾ ഇസ്ലാമിനുനേരെ കാണിക്കുന്നതി നേക്കാൾ സഹിഷ്ണുത ഇസ്ലാം മറ്റ് മതസ്ഥ രോട് കാണിക്കുന്നു. എന്നാൽ മീഡിയ പകർന്നു

കൊടുക്കുന്നതെല്ലാം അപ്പടി അകത്താക്കുന്നുവെന്നതാണ് പാശ്ചാത്യരുടെ ഇസ്ലാമിക വിരുദ്ധ മനോഭാവത്തിനുള്ള മൂലകാരണം.

സഊദി അറേബ്യയിലെ ജിദ്ദയിൽനിന്ന് സംപ്രേഷണം ചെയ്ത ഒരു പ്രാദേശിക വാർത്തയിൽ വന്ന വാർത്തയും അനുബന്ധ ചിത്രങ്ങളും മറവി ഏറ്റുവാങ്ങാൻ വിസമ്മതിക്കുന്ന ഞെട്ടിക്കുന്ന കാഴ്ചയായി ഇന്നും മനസിൽ അവശേഷിക്കുന്നു. തൻെറ നിരായുധരായ മകനെ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഒരു മുസ്ലിം സ്ത്രീയെ ഒരു കൂട്ടം ഇസ്രായേലി പട്ടാളക്കാർ പൊതിരെ തല്ലുന്നതാണ് ചിത്രം. അധികാര ദുർവ്വിനിയോഗം, ക്രൂരമായ നരാധമത്വം, നിരായുധയും നിസ്സഹായയുമായ ഒരു സാധുസ്ത്രീയുടെ നേരെയുള്ള കിരാതമായ ബലപ്രയോഗം എന്നിവയെല്ലാമാണ് ചിത്രം പ്രാഥമികമായി പ്രേക്ഷകന് കാണിച്ചുകൊടുക്കുന്നത്. ഇത് കാണുന്നമാത്രയിൽ നീതിബോധമുള്ള ഏതൊരാളും പറയുക, പട്ടാളക്കാരുടെ മനുഷ്യത്വഹീനമായ അധികാര ദുർവ്വിനിയോഗത്തെ കുറിച്ചായിരിക്കും. ആ സ്ത്രീ ചെയ്ത കുറ്റമോ, സ്വന്തം മകനെ പട്ടാളക്കാരിൽനിന്ന് പ്രതിരോധിക്കാൻ ശ്രമിച്ചതും. അവൻ ചെയ്ത പരമാവധി കുറ്റമാകട്ടെ പട്ടാളക്കാർക്കെതിരെ കല്ലെറിഞ്ഞതും. എപ്പോഴെങ്കിലും പാശ്ചാത്യ മാധ്യമ

ങ്ങൾ ഇത്തരം ഇസ്രായേലി ഫലസ്തീൻ ‘സംഘട്ടന’ങ്ങളെക്കുറിച്ച് തങ്ങളുടെ അനുവാചകരേയും പ്രേക്ഷകരേയും അറിയിക്കാൻ ശ്രമിച്ചിട്ടുണ്ടോ? പാശ്ചാത്യ വാർത്താ ചാനലുകൾ ഈ സംഭവങ്ങളെ വേറെ ഒരു കോണിലൂടെയാണ് നോക്കിക്കാണുന്നത്. ആ വാർത്തകളെല്ലാം, ഇസ്രായേലി പട്ടാളക്കാരെ പീഡിതമായി അവതരിപ്പിക്കാനായി തിരുത്തി എഴുതുകയാണ് ഈ ചാനലുകൾ ചെയ്യാറുള്ളത്. ഇസ്രായേലി പട്ടാളക്കാർ ഒരു ഫലസ്തീനി സ്ത്രീക്ക് നേരെ ബലപ്രയോഗം നടത്തുന്നത് പാശ്ചാത്യർ അറിയാനേ ഇടവരുന്നില്ല. അവർ കാണുന്നതാകട്ടെ കല്ലെറിയുന്ന ആക്രമണകാരികളായ ഫലസ്തീൻ യുവാക്കളിൽനിന്ന് സ്വയംരക്ഷക്കുവേണ്ടി നിലയുറപ്പിച്ച ഇസ്രായേലി പട്ടാളക്കാരെയും.

പാശ്ചാത്യർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. തങ്ങളുടെ പ്രശ്നം അത്ര ചെറുതാണെങ്കിൽ എന്തിനീ ഫലസ്തീൻ യുവാക്കൾ മരിക്കാൻ സന്നദ്ധരായി ഇസ്രായേലി പോലീസിന്റെ മുമ്പിൽ നെഞ്ച് കാട്ടി പ്രതിരോധം തീർക്കണം? എന്തുകൊണ്ട് പാശ്ചാത്യ മീഡിയ ഈ യുവാക്കളെ മതഭ്രാന്തന്മാരായി ചിത്രീകരിക്കാൻ ഇത്ര ആവേശം കാണിക്കണം? വാസ്തവത്തിൽ

അവർ ചെയ്യുന്നത് സ്വന്തം മതവും ജീവനും സംരക്ഷിക്കാനും നഷ്ടപ്പെട്ട തങ്ങളുടെ ഭൂമി തിരിച്ചു പിടിക്കുവാനുമുള്ള ഒരു ശ്രമം മാത്ര മല്ലേ? അതവരുടെ അവകാശവുമല്ലേ?

# പടിഞ്ഞാറൻ മനസ്സിലെ ഇസ്ലാം

അറബികളെയും ഇസ്ലാമിനെയും മുസ്ലിം കളെയും മോശമായി അവതരിപ്പിക്കുന്നത് പുതി യ പ്രവണതയല്ല. അറബ് ഇസ്ലാമിക പഠനങ്ങ ളിൽ സവിശേഷ ശ്രദ്ധ ചെലുത്തിയിട്ടുള്ള പണ് ഡിതനും തത്വചിന്തകനുമാണ് ഫ്രെഡ് ഹാലിഡെ (Fred Halliday). അറബ് ലോകത്തെ രാഷ്ട്രീയവും ചരിത്രവും അദ്ദേഹത്തിൻെറ പഠനമേഖലയിൽ ഉൾക്കൊള്ളുന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്കേ ണാമിക്സ് ആൻറ് പൊളിറ്റിക്കൽ സയൻസസി ലെ അന്തർദേശീയ ബന്ധങ്ങൾക്കുള്ള പഠനവി ഭാഗത്തിൽ പ്രൊഫസറുമാണദ്ദേം. അറബ് ന്യൂ സിലെ അബ്ദുല്ല ഹുമുദയുമായുള്ള ഒരു അഭിമു ഖത്തിൽ ഹാലിഡെ പറഞ്ഞു: ‘‘ലോകത്താകമാ നം മുസ്ലിംകളോട് ഒരുതരം ശത്രുത നില നിൽ ക്കുന്നുണ്ട്’’. വംശം, വർണ്ണം, കുടിയേറ്റം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടാണീ ശത്രുത. ഇറാനിലുണ്ടായ വിപ്ലവം യൂറോപ്പിലും അമേരി ക്കയിലുമുണ്ടായിരുന്ന ഇസ്ലാമിനെക്കുറിച്ചുള്ള

സംശയങ്ങളെ ഭീതിയായി പരിവർത്തിപ്പിക്കുക യാണുണ്ടായത്. ''അമേരിക്കൻ നയതന്ത്രജ്ഞരെ തടവുകാരായി പിടിച്ച ഇറാൻെറ നടപടിയാണ് – മറ്റെന്തിനേക്കാളും – അവരുടെ മാനസിക നില യിൽ ഹോളിവുഡ് വാർപ്പ് രൂപങ്ങ (Stereotype) ളായ ആക്രമണോത്സുക അറബികളെ സൃഷ്ടി ച്ചത്''. ഈ ഹോളിവുഡ് കാഴ്ചകൾ സാധാരണ ക്കാരൻെറ മനസിൽ ക്രൂരരും സംസ്ക്കാരമില്ലാ ത്തവരും വ്യക്തിസ്വാതന്ത്ര്യം നൽകാതെ അടിച്ച മർത്തുന്നവരു (വിശിഷ്യാ സ്ത്രീകളെ)മായ അറ ബികളുടെ ചിത്രങ്ങൾ കൊത്തിവെച്ചു. ലോക ത്തെമ്പാടും മുസ്ലിംകൾ നടത്തിയ ഉപരോധ ങ്ങൾക്ക് മാധ്യമങ്ങൾ നൽകിയവൻ കവറേജി ലേക്കും അദ്ദേഹം ശ്രദ്ധ ക്ഷണിച്ചു. ബോസ്നിയ, ഫലസ്തീൻ, ചെച്നിയ എന്നിവിടങ്ങളിലെ യുദ്ധ മേഖലയൊന്നും തന്നെ മുസ്ലിംകളുടെ മാത്രം പ്രശ്നങ്ങളായിരുന്നില്ല പ്രതിനിധീകരിച്ചിരുന്നത്. അവ മാനവിക പ്രശ്നങ്ങളായിരുന്നു. ഭീഷണി കൾ, യുദ്ധം, മരണം ഇവയെല്ലാം ക്രൂരമായ തോ തിൽ വേട്ടയാടിയഈ മേഖലകളിലെ മുസ്ലിം കൾക്ക് ഇസ്ലാമിനെ യഥാർത്ഥ വെളിച്ചത്തിൽ അവതരിപ്പിക്കാൻ ശക്തിയില്ലാതെപോയി. യുദ്ധ ങ്ങൾ അവരെ ദുർബ്ബലരാക്കിക്കഴിഞ്ഞിരുന്നു (Fred Halliday: ``Islam in the West, The causes of

Prejudice (Arab News). സമാധാനവും ഐശ്വര്യ വും വേണ്ടുവോളമുള്ള മറ്റ് മുസ്‌ലിം രാജ്യങ്ങൾ അവരെ വേണ്ടുവണ്ണം സഹായിച്ചില്ല എന്നതും പ്രശ്നം കൂടുതൽ വഷളാക്കി.

കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധ ങ്ങൾ ഊഷ്മളമാക്കുന്നതിനുള്ള പ്രതീക്ഷകൾ മുഴുവൻ കുടികൊള്ളുന്നത് ശക്തമായ ബോധ വൽക്കരണത്തിലും തുറന്ന മനസ്സോടെ കാര്യങ്ങ ളെ സമീപിക്കാനുള്ള സന്നദ്ധതയിലുമാണ്. പ്രിൻ സ്റ്റൺ യൂണിവേഴ്സിറ്റിയിലെ സമീപ പൗരസ് ത്യ പഠനങ്ങൾക്കുള്ള അന്തർ വ്യവസ്ഥാ പഠന പദ്ധതിയുടെ ഡയറക്ടറായിരുന്നു ഡോ. കാൾ ബ്രൗൺ.

സമീപ പൗരസ്ത്യ ദേശങ്ങളുടെയും വടക്ക നാഫ്രിക്കയുടെയും ചരിത്രത്തിൽ വിശേഷ പഠനം നടത്തിയിട്ടുള്ള ആളുമാണദ്ദേഹം. പത്രപ്ര വർത്തകനായ അഫ്ഷീൻ മൊലാവിയുമായുള്ള ഒരു അഭിമുഖത്തിൽ ഡോ. ബ്രൗൺ പറഞ്ഞു: ''അമേരിക്കക്കാരിൽ മഹാഭൂരിപക്ഷത്തിനും മധ്യ പൗരസ്ത്യ ദേശത്തെക്കുറിച്ച് ഒരു പിടിപാടുമില്ല. തിരിച്ചും അങ്ങനെതന്നെ. അറബികളിൽ മഹാഭൂ രിപക്ഷത്തിനും അമേരിക്കയെക്കുറിച്ച് കൂടുതൽ ധാരണകളൊന്നുമില്ല''. ഇത് ഇസ്‌ലാമിനെക്കുറിച്ച്

പാശ്ചാത്യർക്കിടയിൽ യഥാർത്ഥമായ ബോധ വൽക്കരണത്തിനുള്ള ശ്രമങ്ങൾ നടത്തുന്നതിൽ മാധ്യമങ്ങൾ അവയുടെ പങ്ക് നിർവഹിച്ചിട്ടില്ല എന്ന നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നു. ന്യൂയോർക്ക് ടൈംസിൻെറ ലേഖകനും From Beirut to Jerusalem എന്ന ഗ്രന്ഥത്തിൻെറ കർത്താവുമായ തോമസ് ഫ്രീഡ്മാനെ ഉദ്ധരിക്കുക യാണ് ബ്രൌൺ. ''വളരെ യാഥാസ്ഥിതികമായ ഒരു ജൂത കുടുംബത്തിൽ ഒരു ജൂതനായാണ ദ്ദേഹം വളർന്നത്. ഇസ്രാഈൽ എത്ര മഹത്തരമാ ണെന്നും അറബികൾ എത്ര ചീത്തയാണെന്നും ധരിപ്പിച്ച കുടുംബ ചുറ്റുപാടുകൾ മനസിൽ ആ സ്ഥിരം വാർപ്പ് രൂപങ്ങൾ സൃഷ്ടിച്ചു. ഇരു കൂട്ടരും പരസ്പരം മനസിലാക്കുന്നില്ലെന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് അദ്ദേഹം തൻെറ ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നു. (Dr. Carl Brown, ``Bringing the West and Islamic World closer, Let's Begin the process with Educated People'', Interview by Afshin Moulavi, Arab News, January 24, 1994, P. 13). ഈ ആദാനപ്രദാനങ്ങളിലൂടെ ഒരാൾക്ക് ഇസ്ലാമിനെയും പടിഞ്ഞാറിനെയും മനസ്സിലാ ക്കാൻ കഴിയും. ഭാവി ബന്ധങ്ങൾക്കുള്ള ഒരുറച്ച നിലം സൃഷ്ടിച്ചെടുക്കാനും ഇതിലൂടെ സാധിത മാകണം. ഇസ്ലാമിനെക്കുറിച്ചുള്ള മുൻവിധികൾ

ക്കും ആ വിശ്വമതത്തെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനങ്ങൾക്കും ഈ അടുത്തറിയലിലൂടെ അറുതിവരുത്തുവാനും സാധിക്കും.

ഫ്രഞ്ച് നിയമപണ്ഡിതനും, അധ്യാപകനും, നയതന്ത്രജ്ഞനും അന്താരാഷ്ട്ര നിയമങ്ങളിൽ വിദഗ്ദ്ധനും ഫ്രഞ്ച് അസോസിയേഷൻ ഓഫ് ഇസ്ലാം ആൻറ് ദി വെസ്റ്റിൻെറ പ്രസിഡൻറുമാണ് ഫ്രാൻസിസ് ലമന്ദ്. 1970ൽ കുവൈത്തിൽ നയതന്ത്രജ്ഞനായി സേവനം അനുഷ്ഠിക്കവെ ഇസ്ലാമിക ലോകത്തെ യാഥാർത്ഥ്യങ്ങൾ നേരിൽ കണ്ടറിയാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയുണ്ടായി. (കുവൈത്ത് യൂണിവേഴ്സിറ്റിയിലെ ഷരീഅ ഫാക്കൽറ്റിയിൽ പ്രൊഫസറുമായിരുന്നു അക്കാലത്ത് അദ്ദേഹം). പത്രപ്രവർത്തകനായ ലാമിസ് മുഫ്തിക്കനുവദിച്ച ഒരു അഭിമുഖത്തിൽ അദ്ദേഹം തന്നെ പറഞ്ഞതുപോലെ, ‘‘ഞാൻ താമസം വിനാ ഒരു ‘രണോത്സുകനായി’ മാറി’’. ഇസ്ലാമിനെക്കുറിച്ച് വേണ്ടുംവിധം മനസിലായതോടെ, ഇസ്ലാമിക–പാശ്ചാത്യ സംസ്ക്കാരങ്ങൾക്കിടയിൽ ഒരു നല്ല ബന്ധം സ്ഥാപിച്ചെടുക്കണമെന്ന ഉൽക്കടമായ അഭിലാഷം അദ്ദേഹത്തിൻെറ മനസിൽ മുളയിട്ടു.

ഇസ്ലാമിന് പാശ്ചാത്യർക്ക് പഠിപ്പിച്ചുകൊടുക്കേണ്ട ധാരാളം കാര്യങ്ങളുണ്ടെന്നദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു. നാല് മില്യൻ അനുയായികളുള്ള ഇസ്ലാമിക സമൂഹം ജനസംഖ്യകൊണ്ട് ഫ്രാൻസിലെ രണ്ടാമത്തെ മതവിഭാഗമാണ്. (പുതിയ കണക്കനുസരിച്ച് ഇത് ആറ് മില്യനായി ഉയർന്നിരിക്കുന്നു. വിവ).

തങ്ങളുടെ പ്രദേശങ്ങളിൽ അതിവേഗം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു മതമെന്ന നിലയിൽ, ഇസ്ലാമിനെ അംഗീകരിക്കാൻ യൂറോപ്പും അമേരിക്കയും തയ്യാറാകേണ്ടതുണ്ട്. ഇരു സംസ്ക്കാരങ്ങളും തമ്മിൽ നല്ല ബന്ധങ്ങൾ നിലനിൽക്കേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറയുകയാണ് ലമന്ദ്. ചില മൂല്യങ്ങളും നിയമങ്ങളുമാവിഷ്ക്കരിച്ച് പരസ്പരധാരണ ശക്തിപ്പെടുത്തണം. ഫ്രഞ്ച് നിയമത്തിൽ ഇങ്ങനെയുള്ള വ്യവസ്ഥകൾ നിലവിലുണ്ടെന്നദ്ദേഹം അവകാശപ്പെടുന്നു.

ഇത് ഫ്രഞ്ച് ഗവൺമെൻറിൻെറ മാത്രം നിക്ഷിപ്തമായ കർത്തവ്യമല്ല, എല്ലാ പാശ്ചാത്യ രാഷ്ട്രങ്ങളും ഇതിൽ പങ്കാളികളാകേണ്ടതുണ്ട്. (Francis Lamand, cultural Open-Mindedness a Must" interview by Moufti Lamis, Arab News, January 24, 1994, P. 13)

## ചാൾസ് രാജകുമാരൻ ഓക്സ്ഫർഡ് ഇസ്ലാമിക് സെൻററിൽ

1993 ഒക്ടോബറിൽ ചാൾസ് രാജകുമാരൻ ഓക്സ്ഫഡിലെ ഇസ്ലാമിക പഠനങ്ങൾക്കായുള്ള കേന്ദ്രത്തിൽ പ്രഭാഷണം നടത്തുകയുണ്ടായി. കേന്ദ്രത്തിൻെറ മുഖ്യരക്ഷാധികാരികളിലൊരാളായ ചാൾസിനോട് ഇസ്ലാമിനെക്കുറിച്ചുള്ള തൻെറ വിവരങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം ചെയ്ത സുദീർഘമായ പ്രസംഗത്തിൽനിന്നുള്ള ഭാഗങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

''ഇരുപതാം നൂറ്റാണ്ടിൻെറ ഉത്തരപകുതിയിൽ സാങ്കേതിക രംഗത്തും വാർത്താവിതരണമാധ്യമരംഗങ്ങളിലുണ്ടായ പുരോഗതിക്കിടയിലും വർധിച്ച യാത്രാ സൗകര്യങ്ങൾക്കും വംശങ്ങൾ തമ്മിലുള്ള അഭൂതപൂർവ്വമായ കൂടിച്ചേരലുകൾക്കുമിടയിലും ലോകത്തെ നിഗൂഢതകൾ കുറഞ്ഞുകുറഞ്ഞ് വരുന്ന – അതല്ലെങ്കിൽ നാമങ്ങനെ വിശ്വസിക്കുന്ന നമ്മുടെ സാഹചര്യങ്ങൾക്കിടയിലും ഇസ്ലാമും പടിഞ്ഞാറും തമ്മിലുള്ള തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുവെന്നതാണ് നിരാശ ഉളവാക്കുന്ന വസ്തുത... പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം ഇത് അജ്ഞത കൊണ്ടാ

യിരിക്കാനിടയില്ല. ലോകത്താകമാനം നൂറുകോടി മുസ്‌ലിംകളുണ്ട്. അവരിൽ വളരെ കൂടുതൽ പേർജീവിക്കുന്നത് കോമൺവെൽത്ത് (പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഭാഗമായിരുന്ന) രാജ്യങ്ങളിലാണ്. പത്ത് മില്യൻ പേർ പടിഞ്ഞാറൻ രാജ്യങ്ങളിലും ഏകദേശം ഒരു മില്യൻ ബ്രിട്ടണിലുമാണുള്ളത്. കഴിഞ്ഞ കുറെ ദശകങ്ങളായി നമ്മുടെതന്നെ മുസ്‌ലിം സമൂഹം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കയാണ്... എന്നിട്ടും ഇസ്‌ലാമും പടിഞ്ഞാറും തമ്മിലുള്ള തെറ്റിദ്ധാരണകൾ നിലനിൽക്കുന്നത് – പല കാരണങ്ങളാൽ – അവിശ്വസനീയമായിത്തോന്നുന്നു. രണ്ട് ലോകങ്ങളെയും തമ്മിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളാണ് അവയെ തമ്മിൽ ഭിന്നിപ്പിച്ച് നിർത്തുന്ന ഘടകങ്ങളേക്കാൾ കൂടുതൽ. വളരെ പ്രാധാന്യമേറിയ മൂല്യങ്ങൾ നമുക്കിടയിൽ പൊതുവായുണ്ട്.... പാശ്ചാത്യലോകത്ത് ഇസ്‌ലാമിനെക്കുറിച്ച് നിലവിലുള്ള മുൻവിധികളുടെ പ്രധാന അച്ചുതണ്ട് ഇസ്‌ലാമിക സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനമാണ്. സ്വത്ത് കൈവശം വെക്കാനും അനന്തരാവകാശത്തിനുമുള്ള മുസ്‌ലിം സ്ത്രീകൾക്കുള്ള അവകാശം, വിവാഹമോചിതയായാലുള്ള സംരക്ഷണം, കച്ചവടങ്ങൾ നടത്താനുള്ള അവളുടെ അവകാശം തുടങ്ങിയവയെല്ലാം 1400 വർഷങ്ങൾക്ക് മുമ്പ് ഖുർആൻ

അവൾക്കനുവദിച്ച് നൽകിയതാണ്. ബ്രിട്ടണിൽ, ഇവയിൽ പലതും എൻെറ മുത്തശ്ശിയുടെ തലമുറക്കുപോലും പുതുമ നിറഞ്ഞതായിരുന്നു.

പടിഞ്ഞാറിന് ഇസ്ലാമിനോടുള്ള കടപ്പാട് ഓർമപ്പെടുത്തിക്കൊണ്ട് പ്രിൻസ് ചാൾസ് പറഞ്ഞു. ‘‘ക്രിസ്താബ്ദം എട്ടും പതിനഞ്ചും നൂറ്റാണ്ടുകൾക്കിടയിൽ സ്പെയിനിൽ നിലവിലുണ്ടായിരുന്ന ഇസ്ലാമിക സമൂഹത്തിൻെറയും സംസ്കൃതിയുടെയും പ്രാധാന്യം നാം അവഗണിച്ചുകളഞ്ഞിരിക്കുകയാണ്..... ഇരുണ്ട യുഗത്തിലെ പുരാതനവും മഹനീയവുമായ വിദ്യാഭ്യാസ രീതികൾക്ക്, പുനരുദ്ധാരണത്തിൻെറ ആദ്യ കിരണങ്ങൾക്ക്.... എല്ലാം നാം ഇസ്ലാമിന് കടപ്പെട്ടിരിക്കുന്നു. പുരാതന യവന റോമൻ നാഗരികതകളുടെ ബൗദ്ധിക വിഭവങ്ങൾ സംഭരിക്കുകയും സംരക്ഷിക്കുകയും മാത്രമല്ല, മുസ്ലിം സ്പെയിൻ ചെയ്തത്, ആ നാഗരികതയെ വ്യാഖ്യാനിക്കുകയും അതിനെ വിസ്തൃതമാക്കുകയുംകൂടി ചെയ്തു. വിവിധ രംഗങ്ങളിൽ സുവ്യക്തവും വിലമതിക്കാനാവാത്തതുമായ സംഭാവനകൾ അർപ്പിക്കുകയും ചെയ്തു... ശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതം, ബീജഗണിതം, നിയമം, ചരിത്രം, വൈദ്യശാസ്ത്രം, നേത്രവൈദ്യം, വിവിധ ഔഷധങ്ങളുടെ പ്രയോഗമുറ

കൾ, കൃഷി, വാസ്തുവിദ്യ, ദൈവശാസ്ത്രം, സംഗീതം.... ഇങ്ങനെ ആധുനിക യൂറോപ്പ് അഭിമാനിക്കുന്ന പല വൈജ്ഞാനിക ശാഖകളും നമുക്ക് ലഭിച്ചത് മുസ്ലിം സ്പെയിനിൽ നിന്നാണ്. നയതന്ത്രം, സ്വതന്ത്ര വ്യാപാരം, തുറന്ന അതിരുകൾ, നരവംശ ശാസ്ത്രത്തിലെയും ബദൽ വൈദ്യത്തിലേയും അക്കാദമിക പഠന ഗവേഷണ സങ്കേതങ്ങൾ, ആസ്പത്രികൾ... ഇവയെല്ലാം വന്നത് നഗരങ്ങൾക്കും മഹാനഗരങ്ങളായ സ്പാനിഷ് നഗരങ്ങളിൽ നിന്നാണ്. മധ്യകാല ഇസ്ലാം എടുത്തു പറയാവുന്ന മതസഹിഷ്ണുതയാണ് പുലർത്തിയത്. ജൂതന്മാരെയും ക്രിസ്ത്യാനികളെയും തങ്ങളുടെ പരമ്പരാഗത മതം വിശ്വസിക്കാനും ആചരിക്കാനും അനുവദിക്കുക വഴി മുസ്ലിംകൾ സൃഷ്ടിച്ചത് മത സഹിഷ്ണുതയുടെ ഉദാത്ത മാതൃകയാണ്. നിർഭാഗ്യമെന്നല്ലാതെ എന്ത് പറയാൻ! നൂറ്റാണ്ടുകളോളം പടിഞ്ഞാറിന് ഈ മാതൃക പകർത്താനോ പിന്തുടരാനോ ആയില്ല.....''.

പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ് ചാൾസ് പറഞ്ഞു: ''ഇതിനെല്ലാമപ്പുറം, ഇന്ന് ക്രിസ്ത്യൻ ലോകത്ത് നഷ്ടപ്പെട്ടുകഴിഞ്ഞ പരസ്പര ധാരണകളുടെയും ജീവിതത്തിൻെറയും രീതികൾ നമ്മെ പഠിപ്പിക്കാൻ ഇന്നും ഇസ്ലാമിന്

സാധിക്കും. പ്രപഞ്ചത്തിൻെറ സാകല്യ വീക്ഷണ മാണ് ഇസ്ലാമിനുള്ളത്. മനുഷ്യനും പ്രകൃതി ക്കും ശാസ്ത്രത്തിനും മനസിനും പദാർത്ഥത്തി നുമിടയിൽ വിഭജനം കൽപിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. നമ്മുടെയും നമുക്ക് ചുറ്റുമു ള്ള ലോകത്തിൻെറയും ഐക്യരൂപമാർന്നതും അതിഭൗതികവുമായ ഒരു വീക്ഷണം കാത്തുസൂ ക്ഷിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. എന്നാൽ കോപ്പർ നിക്കസിൻെറയും ദെക്കാർത്തിൻെറയും വരവോടെ ആവിർഭവിച്ച ശാസ്ത്ര വിപ്ലവത്തിൽ പടിഞ്ഞാറിന് ഈ സാകല്യവീകണം പതുക്കെ നഷ്ടപ്പെടുയാണുണ്ടായത്''.

ഇസ്ലാമിനെക്കുറിച്ചും അതിൻെറ ചരിത്ര ത്തെക്കുറിച്ചും അറബികളുടെ സംഭാവനകളെ ക്കുറിച്ചുമുള്ള വസ്തുതകൾ എത്ര ഭംഗിയോടെ യും തന്മയത്വത്തോടെയുമാണ് അദ്ദേഹം അവത രിപ്പിച്ചിരിക്കുന്നത്! പക്ഷെ, എത്ര പാശ്ചാത്യർ ഈ പ്രസംഗം ശ്രവിച്ചിട്ടുണ്ട്? ശരിയാംവണ്ണം മന സിലാകുന്ന ഈ പ്രസംഗത്തിന് പടിഞ്ഞാറൻ മാധ്യമങ്ങൾ എന്ത് പ്രാധാന്യമാണ് നൽകിയത്? ഒട്ടുമില്ല, ഇസ്ലാം നിലകൊള്ളുന്നതിനോടെല്ലാം ശത്രുതാപരമായ നിലപാട് സ്വീകരിക്കുകയാണ ല്ലോ അവയുടെ ധർമ്മം.